# ഗുരുനാഥൻ.

പുസ്തകം 11 | 1107 മിഥുനം | ലക്കം 11

## വിദ്യാഭ്യാസപരിഷ്കരണക്കമ്മിററിയുടെ ശ്രദ്ധക്കു്.

ഒരു സമുദായം പരിഷ്കൃതമെന്നെണ്ണുന്നതു് അതിലെ വ്യക്തികളുടെ വിദ്യാഭ്യാസത്തെ പരിഗണിച്ചായിരിക്കേണ്ടതാണു്. നമ്മുടെ വിദ്യാഭ്യാസരീതി ഇന്നത്തെ സമ്പ്രദായത്തെ അവലംബിച്ചിട്ടു കൊല്ലം ഇരുപതു കഴിഞ്ഞു. കാലഗതിയുടെ പുരോഗമനംകൊണ്ടോ, അതിന്റെ ഉത്ഭവകാലത്തുതന്നെയുള്ള അസമഗ്രവീക്ഷണംകൊണ്ടോ ആ രീതിയെ നവീകരിക്കണമെന്നുറച്ച ആ ഉദ്ദേശത്തെ അഭിനന്ദിക്കതന്നെ ചെയ്യണം.

എന്നാൽ ഇന്നത്തെ കമ്മിററി രൂപീകരണം കാലത്തിനൊ കാര്യത്തിനൊ പര്യാപ്തമെന്നു തോന്നുന്നില്ല. ഇന്നത്തെ ഇൻഡ്യയുടെ നിലയെന്തു്? ആ പ്രശ്നങ്ങളുടെ സമാധാനം ഹിതമായൊ അഹിതമായൊ വന്നേക്കാമെന്ന സന്നിദ്ധനിലയെ അവലംബിച്ചിരിക്കുന്ന ഈ കാലത്തു് ഏതു ജാതി പരിഷ്കാരവും പരാജയത്തിൽ പെടുവാനാണു് സംഗതികാണുന്നതു്.

വിദ്യാഭ്യാസപരിഷ്കാരത്തിനു് ഒരുങ്ങുന്ന നമുക്കു് മറെറാരു ന്യൂനതയുള്ളതു് അതു സദാ മറെറാരു വ്യവസ്ഥയ്ക്കു കീഴ്പ്പെട്ടാണു് കഴിഞ്ഞുകൂടുന്നതു് എന്നുള്ളതാണു്. നമ്മോടൊ നമ്മുടെ സംസ്കാരത്തോടൊ അശേഷവും അനുഭാവമില്ലാത്ത ഒരു സ്ഥാപനത്തോടു് അനുബന്ധിച്ചിട്ടാണു് ഇവിടത്തെ പാഠശാലകൾ സ്ഥിതിചെയ്യുന്നതു്. നമുക്കു പ്രത്യേകമായ ഒരു കലാശാലയില്ലെന്നു സാരം.

ആചാരംകൊണ്ടും, ഭാഷകൊണ്ടും, വേഷംകൊണ്ടും എന്നുവേണ്ട രക്തബന്ധംകൊണ്ടും ഒരേജനവർഗ്ഗമെന്നു് ഗണിക്കപ്പെടേണ്ട കേരളീയരെ ഇന്നു മൂന്നായി ഭാഗിച്ചു ഭിന്നരീതിയിൽ വിദ്യാഭ്യാസം ചെയ്യിച്ചുപോരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ പരസ്പരബന്ധം (വിവാഹാദി) ഉള്ള ജനങ്ങൾ ഔപചാരികമായി കൊടുക്കാറുള്ള ഉപഹാരങ്ങളിൽ പലതും വ്യാജമെന്നെണ്ണുന്നതുപോലെ, തിരുവിതാംകൂർകാരനായ ഒരു പിതാവിനു് കൊച്ചിയിലുണ്ടായ പുത്രൻ അവിടെ

ള്ള പാഠശാലയിൽ പഠിച്ചുപോയതുകൊണ്ടു് ഇവിടെയും, നേരെമറിച്ചും തീരുവച്ചരക്കൊ അഥവാ വിലയില്ലാത്ത വസ്തുവൊ ആയിത്തീൎന്നിട്ടുണ്ടു്. പണ്ടുപണ്ടേ മൈത്രീബന്ധത്തിൽ കഴിഞ്ഞുകൂടിയിരുന്നതും വെറും ഒരു അതിൎത്തിക്കല്ലുകൊണ്ടുമാത്രം വേർതിരിച്ചിരിക്കുന്നതും ആയ കൊച്ചീരാജ്യത്തെയെങ്കിലും വിദ്യാഭ്യാസപരിഷ്കാരത്തിൽ ഭാഗഭാക്കാക്കാത്ത കമ്മിററി ഒരിക്കലും പൂൎണ്ണമല്ലെന്നാണ് ഞങ്ങൾക്കു പറവാനുള്ളതു്.

പാഠശാലകളിലെ അഭ്യസനം വിജയമാക്കുന്നതു് അവിടെ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ യോഗ്യതകൊണ്ടു മാത്രമാണ്. അഞ്ചൽ ഡിപ്പാർട്ടുമെൻറിലും സബ്ബ്‌രജിസ്ട്രാർ ആഫീസിലും ചെയ്യുന്ന കായിക ജോലിയല്ല പാഠശാലകളിൽ നടത്തേണ്ടതു്. മൂന്നു പേർ ഒരുപോലെ ജ്ഞാനം സമ്പാദിച്ചു് പള്ളിക്കൂടത്തിലും മററു രണ്ടു വകുപ്പിലും ജോലിയാരംഭിക്കുന്നു. പാഠശാലയിൽ പ്രവേശിക്കുന്നവനോളം പരാജയം മററു രണ്ടുപേൎക്കും ഉണ്ടാകുന്നതല്ല. അദ്ധ്യാപകന്മാരെ, ശിശുശിക്ഷണത്തിനും രക്ഷണത്തിനും സന്നദ്ധമാക്കുന്നതു് ശിക്ഷാക്രമപാഠശാലകളാണ്. അതുകൊണ്ടു് ഏതു വിദ്യാഭ്യാസപരിഷ്കാരവും ട്രെയിനിങ്ങ്സ്കൂൾ അദ്ധ്യാപകന്മാരേക്കൂടി ഉൾപെടുത്തി ചെയ്യേണ്ടതാണ്.

കൃഷി, കൈത്തൊഴിൽ, സഹകരണം എന്നിവ പ്രായോഗികരൂപത്തിൽ പാഠശാലകളിൽ നടത്തേണ്ടതുകൊണ്ടു് അവയിൽ വൈദഗ്ദ്ധ്യമുള്ളവരെക്കൂടി കമ്മിററിയിൽ ചേൎക്കണം. വിദ്യാഭ്യാസവിഷയത്തിൽ ചിന്തിച്ചിട്ടുള്ളവരും പ്രവൃത്തിശക്തിയുള്ളവരും ഈ വിഷയത്തെപ്പററിച്ചു് ആലോചിപ്പാൻ ഇടംകൊടുക്കുന്നതു് അപേക്ഷപാർഹമല്ല.

ഇങ്ങിനെ സംഘടിപ്പിക്കുന്ന കമ്മിററിക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില വിഷയങ്ങളുണ്ടു്. പാഠശാലകളുടെ ഭരണം ഇന്നു ഭിന്ന അധികാരികളിൽ സ്ഥിതിചെയ്യുന്നു. അതുനിമിത്തം അഭ്യസനത്തിനു അസമത്വം വന്നു വെറും 'വഴിപാടായിമാത്രം കഴിച്ചു'പോരുന്ന 'ശാന്തിക്കാരെ'ക്കൊണ്ടു് വിദ്യാഭ്യാസ'ക്ഷേത്രം' ദൂഷിച്ചിട്ടുണ്ടു്. പ്രൈമറിക്ലാസിലും മിഡിൽസ്കൂൾ ക്ലാസിലും ഹൈസ്കൂൾക്ലാസിലും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ അതാതു സ്ഥാനങ്ങളിൽ പൂജ്യന്മാർതന്നെയാണ്. അവരെ അധികാരികൾ പങ്കിട്ടെടുത്തു് "മൂലം കുത്തിമറിച്ചിട്ടും കുടിലയാം കുല്യാതെളിഞ്ഞൊരപാംമാലിന്യം തരസാതടസ്ഥതരുവിൻ പാതഞ്ചെയ്യുന്നപോൽ" ആക്കിത്തീൎത്തിരിക്കുന്നതു് കഷ്ടാൽകഷ്ടതരംതന്നെ. അതുകൊണ്ടു് എല്ലാ പാഠശാലകളേയും അഭേദപൂൎവ്വകമായ ഒരേഭരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രൈമറിവകുപ്പിൽ കൊല്ലം കൂട്ടേണ്ട ആവശ്യമുണ്ടെന്നു് ചിലർ വാദിച്ചേക്കാം. നാലു ക്ലാസുകളിലായി പ്രാഥമികശിക്ഷണം കുട്ടികളുടെ ധാരണശക്തിക്കു് തീഷ്ണതയും, രസവും വരുത്തി നടത്തുന്നതായാൽ അശേഷ

വും പോരാതെ വരുന്നതല്ല. കിൻഡർഗാർട്ടൻ എന്നും, മാനുവൽട്രെയിനിങ്ങ് എന്നും കടലാസിൽ മാത്രം കാണിച്ചതുകൊണ്ട് എത്ര ക്ലാസ്സ് കൂട്ടിയാലും ഫലപ്പെടുമെന്ന് തോന്നുന്നില്ല.

ഫീസില്ലാത്ത കുട്ടികളെ (പ്രൈമറി വകുപ്പിനെ) നിത്യദാരിദ്ര്യം അനുഭവിക്കുന്ന വാദ്ധ്യാന്മാരെ ഏല്പിച്ചിരിക്കുന്നതിനു പുറമെ ആ വക പാഠശാലകൾ മാനേജുമെൻറിന് വിട്ടുകൊടുക്കാമെന്ന് വിചാരിക്കുന്നു എങ്കിൽ ഭാവി എന്തു ഭയങ്കരമായിരിക്കുമെന്ന് ഒരു കണിയാനും പറവാൻ സാധിക്കുന്നതല്ല. അല്പമായ ലാഭം, മതപ്രചരണം, നിന്ദ്യമായ ചില മനോഭാവസാഫല്യം എന്നിവ തീരെ ഒഴിഞ്ഞാൽ മാനേജുമെൻറു പലതും ശൂന്യമാകുന്നതാണ്. പ്രൈമറിവകുപ്പു മുഴുവനും ഗവൺമെൻറു തന്നെ കയ്യേറെടുത്തു നടത്തണം. അവയെ മാതൃകാരീതിയിൽ നടത്തുന്നതിന് വരുന്ന വ്യയത്തെ ഒരിക്കലും കുറയ്ക്കുവാൻ ശ്രമിക്കയുമരുത്. അപൂർവം ചില പ്രൈമറിപാഠശാലകൾ മാനേജുമെൻറിലേക്ക് വിടേണ്ടതായിട്ടുണ്ടെന്ന് തോന്നുന്നുവെങ്കിൽ അവിടെയുള്ള അദ്ധ്യാപകന്മാരുടെ അസമത്വത്തേയും ക്ഷണികതയേയും വളരുവാൻ അനുവദിക്കരുതു്. ശിശുശിക്ഷണത്തിന് അമ്മമാരോളം സാമർത്ഥ്യം മറ്റുള്ളവർക്കുണ്ടായിരിപ്പാൻ ഇടയില്ല. അതിനാൽ അവരെ പ്രൈമറിവകുപ്പിൽ നിയമിക്കുന്നതു് ആശാസ്യം തന്നെയാണ്. ആണെന്നോ പെണ്ണെന്നോ ഉള്ള ഭേദമല്ല, അദ്ധ്യാപനത്തിനുള്ള കാര്യക്ഷമതയാണ് നിദാനമായിരിക്കേണ്ടതു്. പ്രൈമറിപാഠശാലകളെപ്പോലെ തന്നെ ട്രെയിനിങ്ങ് പാഠശാലകളും ഉത്തമരീതിയിൽ നടത്തി നാടിന്റെ നിലയും വിലയും വർദ്ധിപ്പിക്കേണ്ടതു ഗവൺമെൻറിന്റെ അനുപേക്ഷണീയമായ കടമയാണ്.

ഹൈസ്കൂളുകളും മിഡിൽസ്കൂളുകളും എന്നീ രണ്ടിനം മാനേജുമെൻറിന് ഉയർച്ചക്രമമനുസരിച്ച് കൂടുതൽകുറവു ചെയ്തുകൊടുക്കാവുന്നതാണ്. ഈ രണ്ടിനവും ആണെന്നോ പെണ്ണെന്നോ, ഇംഗ്ലീഷ് എന്നോ മലയാളമെന്നോ ഗുണവിശിഷ്ടമായിരിക്കരുതു്. ഇംഗ്ലീഷുഭാഷയൊഴിച്ച് മറ്റെല്ലാ വിഷയങ്ങളും മാതൃഭാഷയിൽ അഭ്യസിപ്പിക്കണം. മിഡിൽസ്കൂൾവകുപ്പിന്റെ അവസാനത്തിൽ പബ്ളിക് പരീക്ഷ എന്നൊന്നുണ്ടായിരിക്കരുതു്. പാഠശാലകളൊഴിച്ച് മറ്റു ചെറിയ ഉദ്യോഗങ്ങൾക്കു ഡിപ്പാർട്ടുമെൻറിന്റെ പരിശോധനക്കോ പരീക്ഷക്കോ ഇവർ പാത്രമായിക്കൊള്ളട്ടെ. മാനുവൽട്രെയിനിങ്ങ് കൊണ്ട് വികസിച്ച ജ്ഞാനകർമ്മേന്ദ്രിയങ്ങൾ മിഡിൽസ്കൂൾവകുപ്പിൽ അല്പമായ വ്യവസായംകൊണ്ടു പോഷിപ്പിക്കാം. അതു ജീവിതോപായമാക്കുവാൻ വേണ്ട ആനുകൂല്യം ഗവൺമെൻറു ചെയ്യേണ്ടതാണ്.

ഹൈസ്കൂളിലേയും അദ്ധ്യയനരീതിയ്ക്ക് അശേഷവും മാറ്റം വരു

ത്തിക്കൂടാ. കലാശാലക്കാരുടെ ദാസ്യം ഒഴിയുന്നതുവരെ വേണമെങ്കിൽ ഒരു പരീക്ഷ അവിടെ ഉണ്ടായിക്കൊള്ളട്ടെ. ഐച്ഛികംകൊണ്ട് വാസനയെ ഇവിടെ വച്ച് തടിപ്പിക്കണമെന്ന മോഹം ഇല്ലാതെ ആയത് വലിയ ആശ്വാസംതന്നെ. ഇനി അങ്ങിനെ ഒന്നു തോന്നാതേയും ഇരിക്കട്ടെ.

കാളേജുകളിലും ഐച്ഛികം എടുക്കുന്നവരെ ഒന്നു പരിശോധിക്കേണ്ടതാണ്. അധ്യേതാക്കൾ എടുക്കുന്ന വിഷയം ഒരിക്കലും വാസനാപ്രേരിതമായിരിക്കുന്നില്ല. രണ്ടു സംഗതികൾ അവിടെ സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. ഏതു വിഷയമെടുത്താൽ എളുപ്പം ജയിക്കാം; ഏതു വിഷയത്തിൽ വിരുതു സമ്പാദിച്ചാൽ ഉദ്യോഗത്തിന് എളുപ്പമുണ്ട്. ബി. എ; എം. എ. ഈ പരീക്ഷകൾക്ക് ചരിത്രം ഐച്ഛികമായി എടുത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിനു മുമ്പുതന്നെ തത്വശാസ്ത്രത്തിന്റെ കാലം കഴിഞ്ഞു. ചരിത്രവും ആ പരിണതിയിൽ എത്തി. വാസനയുടെ സ്വഭാവം ഇതാണോ? പ്രത്യേകവിഷയത്തിൽ വിരുതു ധരിക്കുന്നത് അതിൽ തനിക്ക് പ്രാവീണ്യമുണ്ടെന്ന് വിശദപ്പെടുത്താനല്ല; മറ്റൊന്നും തനിക്കറിഞ്ഞുകൂട എന്ന് പ്രഖ്യാപനം ചെയ്വാൻ മാത്രമാണെന്ന് ഇന്നു ചിലരെ സമീപിച്ചാൽ അറിയാവുന്നതാണ്.

ഹൈസ്കൂൾവകുപ്പിലുള്ള ഏതു വിഷയവും പഠിപ്പിക്കാൻ അറിയാവുന്ന ഒരു പാണ്ഡിത്യമാണ് ഇനി കാളേജുകളിൽനിന്ന് സമ്പാദിക്കേണ്ടത്.

ഹൈസ്കൂൾ അഭ്യസനം ഒരു കൊല്ലം കൂടി വർദ്ധിപ്പിക്കുന്നത് ഒരു പക്ഷെ ഉചിതമായിരിക്കും. ഇവിടെ വച്ച് പല ശാഖകളായി പിരിയാനിടയുള്ള വിദ്യാർത്ഥികൾക്ക് ഉദ്യോഗമെ ശരണമുള്ളു എന്ന് തോന്നരുത്. അധ്യാപകവൃത്തിയുടെ ചുരുങ്ങിയ യോഗ്യത, വ്യവസായട്രെയിനിങ്ങിനു പൂർണ്ണയോഗ്യത, കാളേജുകളിൽ ചേർന്ന് ഉൽകൃഷ്ടാഭ്യസനത്തിനുള്ള യോഗ്യത ഇവയെല്ലാം ഇവിടെവച്ച് പിരിയുന്ന ശാഖകളായിരിക്കണം.

പാഠശാലകളുടെ എണ്ണത്തെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. പെൺ, ആൺ എന്ന ഭേദംകൊണ്ടു നാലുതരം പാഠശാലകളും പ്രൈമറി മിഡിൽ ഹൈസ്കൂളുകൾ എന്നിങ്ങനെ കൂടിവരുമ്പോൾ പന്ത്രണ്ടുവിധവും ആയിത്തീരുന്നു. അവയെ മൂന്നിനമാക്കിമാത്രം തരംതിരിക്കേണ്ടതാണ്. ആവശ്യമില്ലാത്തിടത്ത് പാഠശാലകൾ സ്ഥാപിച്ചും അതുള്ളദിക്കിൽ ഇല്ലാതേയും കാണ്മാൻ ഇടവന്നിട്ടുണ്ട്. പള്ളിക്കൂടമെന്ന് പേരുംപറഞ്ഞു സ്വാർത്ഥംനേടുന്ന ഇനത്തിലും കുറെ ഉണ്ട്. ഇവയുടെ ഒരു കണക്കു കടലാസുകൊണ്ടു മാത്രമറിയാതെ പ്രത്യക്ഷാനുഭവംകൊണ്ട് വ്യക്തപ്പെടുത്തുവാൻ കമ്മിററി യത്നിക്കേണ്ടതാണ്. അപ്പോൾമാത്രമെ അവയുടെ ആവശ്യാനാവശ്യങ്ങൾ ശുദ്ധമായി അറിവാൻ സംഗതിവരികയുള്ളു.

ഫീസിൻെറ സംഗതിയാണ് അത്യന്തം വിഷമമേറിയ പ്രശ്നം. ഫീസാനുകൂല്യം വേതനം എന്നിവ പൊതുവേയും പ്രത്യേകം ചില വർഗ്ഗത്തെ മുൻനിറുത്തിയും ചെയ്യേണ്ടതെന്നാണു തോന്നുന്നത്. പക്ഷെ ഗാഢമായി ആ വിഷയത്തെ ചിന്തിക്കുന്നതായാൽ അവയെല്ലാംതന്നെ ഉപേക്ഷിക്കാമെന്നു തോന്നുന്നുണ്ട്. പ്രൈമറി വിദ്യാഭ്യാസം ഫീസില്ലാതെ നടത്തുകയാണല്ലോ. മററുള്ള വ്യവസായപരിശീലനംകൂടി ഉൾപ്പെടുത്തുന്നതുകൊണ്ട് കുട്ടികളുടെ പ്രയത്നഫലം ഫീസിനോളമെങ്കിലും എത്തുന്നതായി വരാം. ഹൈസ്കൂളുകളിലും മിഡിൽസ്കൂൾ വകുപ്പിലും ഫീസ് കുറയ്ക്കണം. പെൺകുട്ടികളുടെ ഫീസ് അല്പം കൂട്ടിയതു ചില കേന്ദ്രങ്ങളിൽ അസംതൃപ്തിക്കു കാരണമായിട്ടുണ്ട്. എന്നാൽ ഒരു കാര്യത്തിലും അസമത്വം ആരോപിച്ച് ആനുകൂല്യപ്രാതികൂല്യങ്ങൾ കൊണ്ടു ലോകത്തെ വിഷമിപ്പിക്കുന്ന മനസ്ഥിതി ഇനിയെങ്കിലും മാറേറണ്ടതാണല്ലൊ.

വിദ്യാഭ്യാസപരമായി മാത്രം നടത്തുന്ന 'ഗുരുനാഥ'ൻെറ ഒരു പന്തിരാണ്ടുകാലത്തെ പരിചയംകൊണ്ടു പാഠശാലകളോടും അദ്ധ്യയനസമ്പ്രദായത്തോടും ഉണ്ടായിട്ടുള്ള ബന്ധത്തെ ആസ്പദമാക്കി ഇത്രയും പറഞ്ഞു എന്നേ ഉള്ളു. കമ്മിററിക്കാരുടെ മനോഗതി എന്തെന്നോ ഏതു മാതിരി കർമ്മം കൊണ്ടു നിർദ്ദിഷ്ടഫലം സാധിപ്പാൻ ഇച്ഛിക്കുന്നു എന്നോ അറിവാനും അവയെക്കുറിച്ച് അഭിപ്രായം പറവാനും മലയാളമാസികകൾക്കുണ്ടാകേണ്ട ഭാഗ്യോദയംകൂടി 'ഗുരുനാഥൻ' സദാ പ്രതീക്ഷിച്ചുകൊള്ളുന്നു.

# വിദ്യാഭ്യാസം.

(എൻ. നാരായണൻ ഇളയതു് ബി. എ.,)

വിദ്യാഭ്യാസം ജീവിതസന്തോഷങ്ങളിൽ ഒന്നാകുന്നു. ചിലക്ക് ഇതു അത്ഭുതാവഹമായി തോന്നിയേക്കാം. എന്തെന്നാൽ യുവാക്കന്മാക്കു മിക്കവാറും ഇതു് അസുഖമായിട്ടാണിരിക്കുന്നത്. ഇതു വിദ്യാലയത്തിൽ വച്ച് അവസാനിക്കുന്നതായിട്ടുമാണ് അവരുടെ ധാരണ. എന്നാൽ യഥാൎത്ഥത്തിൽ വിദ്യാഭ്യാസം വിജയപൂൎണ്ണമായിത്തീരണമെങ്കിൽ അതു കുട്ടികൾക്ക് ഇണങ്ങിയതും തന്മൂലം രസാവഹവുമായിരിക്കണം. വിശിഷ്യ അതു് അവരുടെ ജീവിതകാലം മുഴുവൻ നിലനില്ക്കുകയും വേണം. ഞാനാ

സമ്പാദനം എന്ന പ്രവൃത്തിതന്നെ നമ്മുടെ ഒരു അവകാശവും നമുക്കുള്ള ഒരനുഗ്രഹവുമാകുന്നു "ജ്ഞാനസമ്പ്രാപ്തിക്ക് രാജപാതയില്ല" എന്നു പറയുക പതിവുണ്ട്. എന്നാൽ അതിലേയ്ക്കുള്ള മാൎഗ്ഗങ്ങളെല്ലാം രാജപാതകളാണ് എന്നു പറയുന്നതു കുറെക്കൂടി വാസ്തവമായിരിക്കും.

ജർമി ടെയിലർ എന്ന മഹാൻ പറയുന്നതാവിതു്. "ആകാശമണ്ഡലത്തിന്റെ രാമണീയകത്തെ വീക്ഷിക്കുന്ന നേത്രമൊ സംഗീതമാധുര്യം അനുഭവിക്കുന്ന ശ്രവണമൊ സമ്പൽക്കരമായ സംഭവത്തെക്കുറിച്ചുള്ള സന്തോഷകരമായ വാൎത്തയൊ അല്ല വിദ്യാഭ്യാസം. പിന്നെയോ? ബുദ്ധീന്ദ്രിയദൎശനങ്ങളുടെ മഹിമയെ കണ്ടാനന്ദിക്കുന്ന ആത്മാവാകുന്നു. അതു് കൂടുതൽ മാഹാത്മ്യവും ശ്രേഷ്ഠതയുമുള്ളതായിരിക്കുന്തോറും ഈ അനുഭവങ്ങളും കൂടുതൽ ഹൃദ്യമായിരിക്കും. പൂൎണ്ണചന്ദ്രപ്രശോഭിതമായ ഒരു രാത്രിയിലെ നക്ഷത്രവൃന്ദങ്ങളെ കാണുകയൊ ഒരു മതോപദേഷ്ടാവിന്റെ സംഭാഷണം കേൾക്കുകയൊ ഒരു കുട്ടി ചെയ്യുന്നു എന്നു വിചാരിക്കുക. ഇതിൽ സ്വയമായി അവന് യാതൊരു വികാരവും ഉണ്ടാകുന്നില്ല. തന്നിമിത്തം അവൻ കാണുന്നു എങ്കിലും യഥാൎത്ഥത്തിൽ കണ്ടറിഞ്ഞാനന്ദിക്കുന്നില്ല. ഇതിൽ അവന് ഒരു ഭോഷന്റെ ആനന്ദമൊ ചുമട്ടുകഴുതയുടെ രസമൊ ഉണ്ടാകുവാനെ തരമുള്ളൂ".

ഇവിടെയാണു വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു്. വെറും ഉദ്ബോധനത്തെക്കാൾ വിദ്യാഭ്യാസത്തിനാണ് ഞാൻ പ്രാധാന്യം കൊടുക്കുന്നതു്. എന്തെന്നാൽ ഓൎമ്മയിൽ സംഭരിച്ചു വയ്ക്കുന്നതിനേക്കാൾ കൂടുതൽ മുഖ്യമായിട്ടുള്ളതു് മനസ്സിന്റെ പരിഷ്കരിക്കുകയാകുന്നു. അറിവ് എന്നുള്ളതു വിദ്യാഭ്യാസത്തിന്റെ ഒരംശം മാത്രമേ ആകുന്നുള്ളൂ.

"ജ്ഞാനം എന്നതു് ഒരു മാൎഗ്ഗമാണ്; അല്ലാതെ ലക്ഷ്യമല്ല. ജ്ഞാനത്തിൽ കൂടുതൽ സമയം ചെലവാക്കുന്നതു് അബദ്ധമാകുന്നു. അതു് ഒരു ആഭരണമെന്ന നിലയിൽ കൂടുതൽ ഉപയോഗിക്കുന്നതു് കൃത്രിമമായ നടിപ്പാകുന്നു. അതിന്റെ നിയമത്തെ മാത്രം ആസ്പദമാക്കി തീൎപ്പു കല്പിക്കുന്നതു് ഒരു പണ്ഡിതന്റെ ഉപായമാകുന്നു. അതു് സ്വഭാവത്തെ പരിപൂൎണ്ണമാക്കുന്നു. അതു് സ്വാനുഭവങ്ങളാൽ പരിപൂൎണ്ണമാക്കപ്പെടുന്നു. കൌശലക്കാർ ജ്ഞാനത്തെ പുച്ഛിക്കുന്നു ലോലബുദ്ധികൾ അതിൽ അത്ഭുതപ്പെടുന്നു. ബുദ്ധിമാന്മാർ അതിനെ വിനിയോഗിക്കുന്നു." എന്നു ബേക്കൺ പറയുന്നു.

"ജ്ഞാനം നമുക്ക് സുഖനിദ്ര ചെയ്യുന്നതിനുള്ള ഒരു ശയനമഞ്ചമോ ഏകാന്തമായി വിശ്രമിക്കുന്നതിനുള്ള ഒരു മന്ദിരമോ ഇതരന്മാരെ ഉ

യന്റനിന്ന നോക്കിക്കൊണ്ടിരിക്കുന്നതിനുള്ള മാളികയോ അന്യരെ നിരോധിച്ചു നിന്ന് എതിർക്കുന്നതിനുള്ള ഒരു പ്രാകാരമോ സമ്മാനങ്ങൾ ശേഖരിച്ചു വിററു ലാഭം എടുക്കുന്നതിനുള്ള ഒരു വ്യാപാരശാലയോ അല്ല. എന്നാൽ സ്രഷ്ടാവിൻെറ മാഹാത്മ്യത്തെയും ജീവിതത്തിൻെറ മഹത്വത്തെയും പ്രദർശിപ്പിക്കുന്ന വിശേഷമായ ഒരു ആയുധശാലയും ഭണ്ഡാരവും ആകുന്നു." എന്നു ബേക്കൺ വീണ്ടും പ്രസ്താവിക്കുന്നു.

രാജ്യത്തിന് ഒരു സേവനകൃത്യം ചെയ്യണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പൌരന്മാരുടെ ഗൃഹങ്ങളുടെ മേൽപുരയെയല്ല അവരുടെ ആത്മാവിനെയാണ് ഉയർത്താൻ ശ്രമിക്കേണ്ടതു്. കതസിതരായ അടിമകൾ വലിയ കെട്ടിടങ്ങളിൽ ഒളിച്ചു താമസിക്കുന്നതിനെക്കാൾ നല്ലതു് മഹാത്മാക്കൾ ചെറുകുടിലുകളിൽ നിവസിക്കുന്നതാണ്" എന്നു മഹനായ എപ്പിക്ക്യൂറസ് പറയുന്നു.

ഈ ഉദ്ദേശങ്ങളെ നിറവേററുന്നതിന് ഏററവും പര്യാപ്തമായ ഒരു വിദ്യാഭ്യാസരീതിയാണോ ഇപ്പോൾ നടപ്പിലിരിക്കുന്നതു് എന്നതിനെക്കുറിച്ചു വിചിന്തനം ചെയ്യേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ജ്ഞാനത്തേക്കാൾ നല്ലതായ ജ്ഞാനകാംക്ഷ ആധുനികവിദ്യാഭ്യാസം അദ്ധ്യേതാക്കൾക്കു പ്രദാനം ചെയ്യുന്നുണ്ടോ? നമ്മുടെ സന്താനങ്ങൾ ഓരോ വകുപ്പുകളിലുമുള്ള പുസ്തകങ്ങൾ പഠിച്ചു തീർക്കുന്നതിനായി അനവധി വർഷം ചെലവുചെയ്യുന്നല്ലോ. എന്നാൽ അവർ അതിൻെറ യഥാർത്ഥമഹത്വത്തെയൊ വിലയേയൊ പററി അറിയുന്നുണ്ടോ? വിദ്യാലയത്തിലെ പഠനം പൂർത്തിയാക്കിക്കഴിഞ്ഞാൽ അവർ ബന്ധനവിമുക്തരായെന്നാണ് അവരുടെ ഭാവം.

ഏതെങ്കിലും ഒരു വിഷയത്തിൽ കൂടുതലായ ഏകാഗ്രതയോടുകൂടിയിരിക്കുന്നതു് വിശേഷിച്ചും ജീവിതത്തിൻെറ ആദ്യഘട്ടത്തിൽ വലുതായ തെററാകുന്നു. ഏററവും സ്വാഭാവികമായ ഒരു രീതി പ്രകൃതി തന്നെ പ്രദർശിപ്പിക്കുന്നുമുണ്ട്. എന്നാൽ ഇതറിയുന്നതിനു നാം ശ്രമിക്കുകയും ശ്രദ്ധിക്കുകയും വേണം. നമ്മുടെ നിസർഗ്ഗവാസന ഒന്നാംതരം മാർഗ്ഗദർശിയാണ് എന്നാൽ അതു നമ്മെ ദുർഘടമാർഗ്ഗത്തിൽക്കൂടി നയിച്ച് പരാജയത്തിൽ എത്തിച്ചേക്കാം. തങ്ങൾക്കു രസിക്കാത്ത പാഠങ്ങൾകൊണ്ടു ബാലന്മാർക്ക് യാതൊന്നും ഗുണം കിട്ടുവാൻ തരമില്ല. "നമ്മുടെ പഠനത്തിൻെറ വിജയം സന്തോഷത്തിലാണു സ്ഥിതിചെയ്യുന്നതു്" എന്നു പ്ലിനി അഭിപ്രായപ്പെടുന്നു.

കഴിവുള്ളിടത്തോളം നന്നാക്കിയ ഒന്നാണ് നമ്മുടെ നവീനവിദ്യാഭ്യാസരീതി എന്നു വിചാരിക്കുന്നവരും ചിലർ ഇല്ലാതില്ല. അവരുടെ

അഭിപ്രായം വിദ്യാലയങ്ങളുടേയും അദ്ധ്യാപകന്മാരുടേയും എണ്ണം, ഫീസു സംബന്ധിച്ച സംഗതികൾ. വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള ബോർഡിങ്ങുകൾ ഇവ മാത്രമേ ഇനിയും പരിഷ്കരിക്കുവാനുള്ളു, അഥവാ നടപ്പിൽ വരുത്തുവാനുള്ളു എന്നാണ്. വിദ്യാഭ്യാസത്തിന് ഉത്തമമായ രീതിയെക്കുറിച്ചു പ്രതിപാദിക്കുന്നതു് നിഷ്ഫലമാകുന്നു. നമ്മുടെ ജനതതി അത്യുല്ലാസമായി ജീവിക്കുന്നു. അവർ വേണ്ടവിധത്തിൽ പരിഷ്കൃതന്മാരുമാണ്. ഗണ്യമായ യാതൊരു അഭിവൃദ്ധിയും ഇനി ക്ഷിപ്രസാദ്ധ്യമല്ല. ഇത്തരത്തിലാണ് പല ആളുകളും വിചാരിക്കുന്നതു് എന്നു സൈമൺസ് അഭിപ്രായപ്പെടുന്നു.

കൈത്തൊഴിൽ, ശാസ്ത്രം ഇവയ്ക്കും അന്യവിഷയങ്ങൾക്കും തമ്മിൽ പഠിപ്പിക്കുന്ന സംഗതിയിൽ യാതൊരു സംബന്ധവും ഉണ്ടായിരുന്നിട്ടു കാര്യമില്ല. സാങ്കേതികവിദ്യാഭ്യാസവും സയൻസും അതിപ്രധാനങ്ങളാണെങ്കിലും നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ ഉന്നതവിദ്യാലയങ്ങൾ മുതൽ താഴോട്ടു് ഇവ രണ്ടും ഉപേക്ഷിക്കപ്പെട്ടും ഭാഷാജ്ഞാനത്തിനു പരമപ്രാധാന്യം നൽകപ്പെട്ടും കാണുന്നു എന്നു് വ്യസനസമേതം പ്രസ്താവിക്കാതെ നിവൃത്തിയില്ല. ഇതു് ഇദംപ്രഥമമായിട്ടുള്ള ഒരു ആവലാതി അല്ല ആസ്ചാ അദ്ദേഹത്തിൻെറ ഗുരുനാഥൻ എന്ന കൃതിയിൽ ഇതേപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന സങ്കടത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലാക്ക് പറയുന്നു "പള്ളിക്കൂടങ്ങൾ നമ്മെ ലോകത്തിൽ ജീവിക്കുന്നതിനു പ്രാപ്തിയുള്ളവർ ആക്കുകയല്ല, പ്രത്യുത സർവ്വകലാശാലയ്ക്കു കൊള്ളാവുന്നവരാക്കുകയാണ്." പല കമ്മിററികളും, പല അന്വേഷകസംഘങ്ങളും ഇതേ ആവലാതിതന്നെ ഉച്ചൈസ്തരം പറഞ്ഞു ബഹളം കൂട്ടിയിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ നമ്മുടെ നില എന്താണ്? ഉന്നതനിലയിലേക്കുള്ള നമ്മുടെ പ്രയാണം, നാം ആഗ്രഹിക്കുന്നതുപോലെ അത്ര വേഗത്തിലല്ലെങ്കിലും നമുക്കു ഗണ്യമായ അഭിവൃദ്ധി വന്നിട്ടുണ്ടെന്നു പലരും പറയുന്നതു് കേൾക്കാം. എന്നാൽ വാസ്തവം ഇങ്ങിനെതന്നെ ആണോ? നമ്മുടെ നവീനരീതി യഥാർത്ഥത്തിൽ മനസ്സിനു പരിശീലനം കൊടുക്കുക ആകട്ടെ, നിരീക്ഷണശക്തിയെ ഉണ്ടാക്കുക ആകട്ടെ, നാം ചിലവിടുന്ന സമയത്തിൻെറ ആധിക്യത്തിൽനിന്നും നമുക്കു പ്രതീക്ഷിക്കത്തക്ക വിധത്തിലുള്ള സാധാരണസംഗതികൾ പോലും നമ്മെ ഗ്രഹിപ്പിക്കുകയാകട്ടെ ചെയ്യുന്നില്ല.

സർ എം. ഇ. ഗ്രാൻറ്ഡഫ് പറയുന്നു "പതിനാലു വയസ്സുള്ള ബാലികക്കൊ ബാലനൊ താഴെ പറയുന്ന വിധത്തിലുള്ള പരിശീലനം സിദ്ധിച്ചിരിക്കേണ്ടതാകുന്നു. സുവ്യക്തമായി, ആനന്ദപ്രദമായ വിധത്തിൽ

ഉറക്കെ വായിക്കുന്നതിനും, തിരിച്ചറിയത്തക്ക വിധത്തിൽ ഉരുണ്ട വടിവിൽ വലിയ അക്ഷരത്തിൽ എഴുതുന്നതിനും പ്രാപ്തി ഉണ്ടായിരിക്കണം. കണക്കിലെ സാമാന്യനിയമങ്ങൾ മനസ്സിലായിരിക്കണം. നിഷ്പ്രയാസം തെററു കൂടാതെ ഫ്രെഞ്ച് എഴുതുകയും വായിക്കുകയും ചെയ്യണം. ഫ്രെഞ്ചു സാഹിത്യവുമായി സ്വല്പം പരിചയമുണ്ടായിരിക്കണം. ഭൂമിശാസ്ത്രത്തിലെ പ്രാഥമികതത്വങ്ങളെപ്പററി പൂർണ്ണജ്ഞാനവും അതോടുകൂടി ഗണിതത്തെപററി അല്പപരിജ്ഞാനവും ഈ ഭൂപ്രകൃതിയും രാജ്യസ്ഥിതിയും ഈ നിലയിൽ വന്നതെങ്ങിനെയെന്നു വിശദമായും സാധാരണമായും ഉള്ള രീതിയിൽ മനസ്സിലാക്കുന്ന ഭൂഗർഭശാസ്ത്രത്തിലേയും ചരിത്രത്തിലേയും വലുതും വിശാലമായ തത്വങ്ങളിൽ ചിലതിനെപ്പററിയുള്ള അറിവും സമ്പാദിച്ചിരിക്കണം. സ്വന്തം നിരീക്ഷണശക്തിയെ ചെടികളിലും മൃഗങ്ങളിലും പാറകളിലും മററു പ്രകൃതിവസ്തുക്കളിലും പതിപ്പിക്കുന്നതിനു തീരെ കുഞ്ഞായിരിക്കുമ്പോൾതന്നെ പരിശീലിപ്പിച്ചിരിക്കണം. പ്രത്യേകജീവിതരീതിയ്ക്കു യോജിക്കുന്ന തരത്തിലുള്ള ഇംഗ്ലീഷുപുസ്തകങ്ങളിലെ അതിസത്തായ ഭാഗങ്ങളുമായി സാധാരണ പരിചയമുണ്ടായിരിക്കണം. സംഗീതം ചിത്രമെഴുത്ത് ഇവയിൽ അല്പമായ പരിചയം ലഭിച്ചിരിക്കണം."

ഇത് ഒരിക്കലും അടിസ്ഥാനരഹിതമായ ഒരു തീർച്ച അല്ല. എന്നാൽ നമ്മുടെ കുട്ടികളുടെ നില ഇതിൽനിന്നും എത്രയോ വിഭിന്നവും വിദൂരവുമായിരിക്കുന്നു. "എല്ലാററിനേയും പററി പൊതുവായ ജ്ഞാനം ഉണ്ടാക്കാൻ ശ്രമിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ ഉപരിപ്ലവബോധം നിരുപയോഗമാണ്" എന്നു പലരും അഭിപ്രായപ്പെടുന്നു. എന്നാൽ ഈ ലോകത്തിൽ ഒരു വിഷയത്തെപററിയുള്ള ഉപരിപ്ലവജ്ഞാനത്തിനും ദൃഢജ്ഞാനത്തിനും തമ്മിൽ വലുതായ അന്തരമുണ്ട്. ലാർഡ്ബ്രൌഹാം പറയുന്നതുപോലെ ഒന്നിനെപ്പററി പൂർണ്ണമായറിയുകയും എല്ലാററിനേയും പററി പൊതുവായി ചിലതു മനസ്സിലാക്കുകയും ചെയ്യുന്നതിനു ശ്രമിക്കുകയാണു് നാം ചെയ്യുന്നതു്.

"നാനാവിധശാസ്ത്രങ്ങളുടെ അഥവാ സകല ശാസ്ത്രങ്ങളുടേയും സംയോഗം കൂടാതെ യാതൊരു പ്രകൃതിസംഭവവും അതിന്റെ സവ്വവിധമായ പരിതസ്ഥിതികളിലും വിവരിക്കപ്പെടാവുന്നതല്ലെന്നു പ്രകൃതിയെ കണ്ടു പഠിക്കുന്ന ഒരുവന്റെ ശ്രദ്ധയിൽ ബലവത്തായി പ്രത്യേകം പ്രവേശിപ്പിക്കേണ്ടതായില്ല." എന്നു് സർ ജാൺ ഹെർഷൽ പറയുന്നു.

ഗവമ്മെണ്ടുവിദ്യാലയങ്ങളിലും കലാശാലകളിലും ഇപ്പോൾ നടപ്പിലിരിക്കുന്ന രീതിയിൽ കണക്കിനും ഭാഷകൾക്കുമായി മറെറല്ലാററിനേയും ബലികഴിക്കുന്നു. അവ ഏററവും പ്രധാനമായ വിഷയങ്ങൾ തന്നെ. സ

വ്കലാശാലകൾ വിട്ടാൽ നമ്മുടെ യുവാക്കന്മാർ ഇതരഭാഷകൾ സംസാരിക്കുന്നതിനു കഴിവില്ലാത്തവരായിട്ടാണിരിക്കുന്നതു്. മിക്കവാറും സാഹിത്യത്തിലാകട്ടെ സാഹിത്യചരിത്രത്തിലാകട്ടെ യാതൊരു രസവും അവർക്കു കാണുകയില്ല. സയൻസിൽ യാതൊരു പരിചയവും കൂടാതെ വിദ്യാഭ്യാസം ചെയ്യുന്ന ഒരു കുട്ടിക്കു് ജ്ഞാനപ്രവേശത്തിനുള്ള ഒരു കവാടം നിരോധിക്കപ്പെട്ടതായി പരാതി പറയുന്നതിനു ഗൗരവമായ കാരണം ഉണ്ടു്.

ഒന്നോ രണ്ടോ വിഷയങ്ങളിൽ ഇപ്രകാരം കൂടുതലായി ശ്രദ്ധ പതിപ്പിക്കുന്നതു നിമിത്തം നമ്മുടെ ഉദ്ദേശം സാധിക്കാതെ വരുന്നു. കൂടാതെ ഒരു രസം ജനിക്കണമെന്നു് ആഗ്രഹിക്കുമ്പോൾ അതിനു പകരം ഒരു അതൃപ്തിയാണു് ജ്ഞാനസമ്പാദനശ്രമത്തിൽ നമുക്കു തോന്നുന്നതു്.

ഈ വിദ്യാഭ്യാസത്തിനുള്ള ഒരു വലിയ ന്യൂനത പുസ്തകജ്ഞാനത്തെ പൂജിക്കുന്നു എന്നുള്ളതാണു്. അതായതു് ഉരുബോധനത്തെ വിദ്യാഭ്യാസമായി നാം തെറ്റിദ്ധരിക്കുന്നു. മനസ്സിനെ പരിഷ്കരിക്കുന്നതിനു പകരം ഓർമ്മശക്തിയെ ബലപ്പെടുത്തുന്നു. യന്ത്രപ്പാവകളെപ്പോലെ സദാനേരവും ഉള്ള നോട്ടെഴുത്തും ഒരിക്കലും അവസാനിക്കാത്ത തരത്തിലുള്ള അക്ഷരപ്പിഴ തിരുത്തലും പ്രാഥമികവിദ്യാലയങ്ങളിലെ ബാലന്മാരെ തന്നെ മുഷിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ മനസ്സിൽ നിശ്ചിതമായ ഒരു ആശയം ഉണ്ടാക്കി കൊടുക്കാത്തവയും അവരുടെ ദൈനംദിനാവശ്യങ്ങളോടും തൊഴിലിനോടും ഒരു സംബന്ധവുമില്ലാത്തവയും ആയ ആണ്ടുകളുടെ കണക്കും രാജാക്കന്മാരുടെയും സ്ഥലങ്ങളുടേയും പട്ടികയും വിദ്യാർത്ഥികളെ ഞെരുക്കുന്നു. ഉയർന്ന വിദ്യാലയങ്ങളിലും മുഷിവു തോന്നിക്കത്തക്ക വിധത്തിൽ ഒരേ രീതിയിൽ പഠിപ്പിക്കുന്നതു നിമിത്തം ഇതേ അനുഭവംതന്നെ ശോചനീയമായ നിലയിൽ അവിടേയും ലഭിക്കുന്നു. ഇതിനു നേരെ വിപരീതമായിട്ടുള്ള ഒരു രീതിയെയാണു് നാം കൈക്കൊള്ളേണ്ടതു്. രുചികരമായതും വിവിധതരത്തിലുള്ളതുമായ സംഗതികളാണു് അവരുടെ മനസ്സിനു നൽകേണ്ടതു്. ഒരു രസവുമില്ലാത്ത സംഗതികളെക്കൊണ്ടു് അവരുടെ മനസ്സു നിറയ്ക്കുകയല്ല വിദ്യാർത്ഥികളുടെ വാസനകളെ വളർത്തുകയാണു ചെയ്യേണ്ടതു്. പഠിക്കുന്നതിനുള്ള ആഗ്രഹം ഓരോ കുട്ടികളിലും ഉണ്ടാക്കിത്തീർക്കുകയാണു് ഓരോ കുട്ടിയേയും പഠിപ്പിക്കുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളതു്. ഒരു കുട്ടി കുറെ കൂടുതലോ കുറെ കുറച്ചോ അറിയുന്നതുകൊണ്ടെന്താണു്. വളരെ അറിവോടു കൂടിയും എന്നാൽ പാഠങ്ങളിൽ രസമില്ലാതേയും വിദ്യാലയത്തിൽനിന്നും പോകുന്ന ഒരുവൻ പഠിച്ചവയെല്ലാം വളരെ വേഗത്തിൽ വിസ്മരിച്ചുകളയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ജ്ഞാനസമ്പാദനത്തിനുള്ള ആകാംക്ഷയോടുകൂടി ഒരുവൻ കുറച്ചു പഠിച്ചിട്ടുള്ളു എ

ങ്കിലും ആദ്യത്തെ ആറു അറിഞ്ഞതിലെല്ലാം കൂടുതലായി തന്നത്താനെ അറിയുന്നതാണ്. പ്രകൃത്യാതന്നെ ബാലന്മാർ അറിവിൽ ആസക്തിയുള്ളവരാണ്. അവർ സർവ്വദാ ചോദ്യം ചോദിച്ചുകൊണ്ടേ ഇരിക്കും. അവരെ ഇതിൽ പ്രോത്സാഹിപ്പിക്കേണ്ടതു് ആവശ്യമാണു. വാസ്തവത്തിൽ അവരുടെ സ്വഭാവശക്തിയിൽ വിശ്വസിക്കാവുന്നതാണ്. അപ്പോൾ അവർ സ്വയം വിദ്യാഭ്യാസം ചെയ്തുകൊള്ളും. വെറുപ്പും ക്ഷീണവും ഉണ്ടാക്കുന്ന നിലയിലാണ് മിക്കവാറും ജ്ഞാനസമ്പാദനരീതിയെ വിദ്യാർത്ഥിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നതു്. തന്നിമിത്തം ജ്ഞാനകാംക്ഷ അവരിൽ ക്ഷയിക്കുന്നു. ചിലപ്പോൾ നശിച്ചും പോകുന്നു.

ഇന്നത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതു് നമ്മുടെ ലാക്കിനു നേരെ വിപരീതമായി പഠനത്തിൽ കുട്ടികളെ നിരുത്സാഹരാക്കിത്തീർക്കുകയാണ്. നിരീക്ഷിക്കുന്നതിനും പരിചിന്തിക്കുന്നതിനും ബാലന്മാരെ പഠിപ്പിക്കണം. ജീവിതസംരംഭങ്ങളിൽ ബുദ്ധിപൂർവ്വമായ തീർച്ച കല്പിക്കുന്നതിനും വിശ്രമസമയത്തെ സരസമായി വിനിയോഗിക്കുന്നതിനുമുള്ള ഒരു മാർഗ്ഗത്തെ നാം ഇവർക്കു തന്മൂലം തുറന്നുകാണിക്കയാണു ചെയ്യുന്നതു്. നവീനവിദ്യാഭ്യാസത്തിന്റെ വേറൊരു പ്രധാനലക്ഷ്യം സകലതും തങ്ങൾക്കറിയാമെന്നുള്ള ബോധം ഈ വിദ്യാഭ്യാസം നിമിത്തം വിദ്യാർത്ഥികൾക്കുണ്ടാകുന്നു എന്നുള്ളതാണ്. കൂടാതെ ഉപാദ്ധ്യായന്മാർ സർവ്വജ്ഞരാണെന്നുള്ള വിശ്വാസം കുട്ടികളിൽ ജനിക്കുന്നു. പ്രത്യുത നമുക്കറിയാൻ പാടില്ലാത്തതിനെ അപേക്ഷിച്ചു നോക്കുമ്പോൾ അറിയാവുന്നതു് എത്രയോ നിസ്സാരം എന്നുള്ള ബോധമാണ് വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും ഉണ്ടായിരിക്കേണ്ടതു്. മനുഷ്യജ്ഞാനത്തിന്റെ പരിധിയെ വിസ്തീർണ്ണപ്പെടുത്തുന്നതിനും മനുഷ്യന്റെ ബുദ്ധീന്ദ്രിയരാജ്യത്തെ വലുതാക്കുന്നതിനും പലരും ഔത്സുക്യമുള്ളവരായിരിക്കും. "തത്വശാസ്ത്രം അത്ഭുതത്തിലാണാരംഭിക്കുന്നതു്" എന്നു അരിസ്റ്റോട്ടിൽ പറയുന്നു.

വിദ്യാലയം ഉപേക്ഷിക്കുന്നതോടുകൂടി വിദ്യാഭ്യാസവും നിന്നുപോകരുതു്. എന്നാൽ അവിടെ അതിനൊരു നല്ല അടിസ്ഥാനമിട്ടിട്ടുണ്ടെങ്കിൽ ജീവിതകാലം മുഴുവൻ അതു തുടർന്നുകൊണ്ടേ ഇരിക്കും.

വിശേഷിച്ചും നമ്മുടെ ജീവനവൃത്തി എന്തുതന്നെയായിരുന്നാലും വേറെ ചിലതിൽ പ്രത്യേകമായ ഒരു അഭിരുചി ഉണ്ടായിരിക്കുന്നതു് ഏറ്റവും അഭിലഷണീയമായ ഒന്നാണ്. അവനവന്റെ ബുദ്ധിക്കും വാസനക്കും അനുരൂപമായിട്ടുള്ള ഒരു വിഷയമായിരിക്കണം ഓരോരുത്തനും തിരഞ്ഞെടുക്കുന്നതു്. നാം തിരഞ്ഞെടുക്കുന്ന വിഷയം ഏതായിരുന്നാലും ജീവിതകാലത്തേയ്ക്കു മുഴുവൻ പഠിക്കുവാൻ അതിൽ കാര്യങ്ങൾ കാണും. ജീവിതം ആനന്ദത്താൽ നിറയപ്പെട്ടതാണ്. എന്നാൽ വ്യാകുലത, കഷ്ടത

സന്താപം എന്നിവയും ഉണ്ടാകുമെന്നു കരുതിക്കൊള്ളണം. ഈ സന്ദർഭങ്ങളിൽ നമ്മിൽനിന്നു തന്നെ രക്ഷ പ്രാപിക്കുന്നതിനുള്ള ഒരു ദിവ്യവാസനാവിശേഷം ഉണ്ടായിരിക്കുന്നതു് അനിർവാച്യമായ ആനന്ദത്തിനു കാരണമായിത്തീരുന്നു.

മിൽ പറയുന്നു "ഒരു പരിഷ്കൃതമനസ്സ് എന്നതൊരു തത്വശാസ്ത്രനിഷ്ണാതന്റെ അല്ല. ജ്ഞാനത്തിന്റെ ഉറവുകൾക്കു കേന്ദ്രമായും വാസനാശക്തികളെ പ്രവർത്തിപ്പിക്കുന്നതിന് സാമാന്യം വശമാക്കിയിട്ടുള്ളതുമായ ഒരു മനസ്സാണ്. അത്തരം ഒരു മനസ്സ് അതിനെ വലയം ചെയ്യുന്ന സകല വസ്തുക്കളിലും അതായതു് പ്രകൃതിവസ്തുക്കളിലും കലാവിദ്യകളുടെ അത്ഭുതപ്രവൃത്തികളിലും കവിതകളിലെ ഉല്ലേഖങ്ങളിലും ചരിത്രസംഭവങ്ങളിലും മനുഷ്യവർഗ്ഗത്തിന്റെ ഭൂതവർത്തമാനസമ്പ്രദായങ്ങളിലും ഭാവിയിലേക്കുള്ള ലക്ഷ്യത്തിലും അനന്തമായ രസമുള്ളതായി കാണുന്നു. എന്നാൽ ആരംഭം മുതല്ക്കുതന്നെ സാന്മാർഗ്ഗികമായോ മനുഷ്യസാധാരണമായോ ഉള്ള ഒരു രസം ഈ വസ്തുക്കളിൽ ഇല്ലാതെ ഉൽക്കണ്ഠാശമനത്തിനു മാത്രമായി അവയെ അന്വേഷിക്കുന്നപക്ഷം അവയെ അലക്ഷ്യമായി വിചാരിച്ചേക്കാൻ ഇടയുണ്ട്."

കലാഭിജ്ഞന്മാരും യന്ത്രപ്രവർത്തകന്മാരും എല്ലാം വലിയ വായനക്കാരാകുന്ന ഒരു കാലത്തെ പ്രതീക്ഷിക്കുന്നതിൽ ആക്ഷേപത്തിനു വഴിയുണ്ടായേക്കാം. നമ്മുടെ സമുദായസ്ഥിതിയ്ക്കു വലിയ മാററം വരുവാൻ പോകുന്നു എന്നു പറയുന്നതു് ഒട്ടും അകാരണമായിട്ടുള്ളതല്ല. വിദ്യാശാലകളുടെ പ്രചാരം, പുസ്തകങ്ങളുടെ സുലഭത, പ്രതിഫലം വാങ്ങാതെ വെറുതെ വായിക്കാൻ പുസ്തകങ്ങൾ കൊടുക്കുന്ന വായനശാലകളുടെ വർദ്ധനവ് ഇവയെല്ലാം പരിഷ്കൃതവും മഹത്തരവുമായ പ്രോത്സാഹനപ്രവൃത്തികളാണെന്ന് ആശിക്കാം. ദാരിദ്ര്യത്തെയും കഷ്ടതയെയും ചുരുക്കുന്നതിനുകൂടി അതുകൊണ്ടു സാധിക്കും. എന്തെന്നാൽ ഇതെല്ലാം രസവിഹീനവും നിരുത്സാഹവും വിദ്യാഭ്യാസരഹിതവുമായ ജീവിതത്തിലെ അജ്ഞാനംകൊണ്ടു മാത്രമാണ് ഇത്ര ഭീമമായ നിലയിൽ വർദ്ധിച്ചിരിക്കുന്നതു്.

ജ്ഞാനകാംക്ഷ ജനിപ്പിക്കുന്ന വിഷയത്തിൽ നാം വിജയികളായിത്തീർന്നാൽ ജ്ഞാനം താനെ വന്നു ചേർന്നുകൊള്ളും. അതിനാൽ നമ്മുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ ശ്രമിക്കേണ്ടതു് താഴെ പറയുന്ന വിധത്തിലായിരിക്കണം. ഏതു വിദേശസഞ്ചാരവും അവൎക്കു സന്തോഷകരമായിരിക്കണം. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ രസാവഹമായി തോന്നണം. നമ്മുടെ രാഷ്ട്രീയചരിത്രവും കവിതയും അവൎക്കു ന്യായമായ അഭിമാനവും ശരിയായ ആസ്വാദ്യതയും ഉണ്ടാക്കിക്കൊടുക്കുന്നവയായിത്തോന്നണം. ചുരുക്കത്തിൽ നമ്മുടെ, വിദ്യാശാലകൾ ആ പേരിനെ അർഹി

ക്കണമെങ്കിൽ—അവയുടെ മഹത്തായ കൃത്യത്തെ നിർവ്വഹിക്കണമെങ്കിൽ—അവ രസവിഹീനമായ പഠനത്തിനുള്ള വെറും സ്ഥലങ്ങളായിരുന്നാൽ പോര. ഉന്നതവംശം താണവനും ദരിദ്രനും ധനവാനും ഒന്നുപോലെ ആനന്ദത്തിനു കാരണമായിരിക്കേണ്ടതും ആയിരിക്കുന്നതുമായ പുസ്തകരത്നങ്ങളെ വിലമതിക്കുന്നതിനു ബാലന്മാരെ ഈ വിദ്യാശാലകളിൽ വച്ചു പരിശീലിപ്പിക്കണം.

ഒരു ശരിയായ വിദ്യാഭ്യാസരീതി നമ്മെ പഠിപ്പിക്കുന്നതു മനുഷ്യൻ ഇതുവരെ അറിഞ്ഞിട്ടുള്ള സംഗതികൾ എത്ര നിസ്സാരമാണെന്നും ഇനിയും എന്തുമാത്രം അറിയാനുണ്ടെന്നും ആണ്. ജീവിതത്തിന്റെ വൈവിധ്യമില്ലായ്മയെപ്പററി ആവലാതി പറയുന്നവർ സ്വയം കുററക്കാരാണെന്നും ജ്ഞാനം ആനന്ദജനകവും ശക്തിപ്രദവുമാണെന്നും മനസ്സിലാക്കുവാൻ യഥാർത്ഥവിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. മിൽട്ടനെപ്പോലെ ജ്ഞാനമാകുന്ന ദിഗ്ലബ്ധനിശ്ചേഷ്ടവായുമണ്ഡലത്തിൽ സത്യത്തിന്റെ പ്രകാശമാനമായ വദനകാന്തിയെ വീക്ഷിക്കുന്നതിന് യഥാർത്ഥവിദ്യാഭ്യാസം നമ്മെ സമർത്ഥരാക്കുന്നു.

## സമിതിജ്ഞാനം എങ്ങിനെ ഉണ്ടാകുന്നു.?

ഒരേ സമയത്ത് ഏകവിഷയജ്ഞാനസമ്പാദനം ഒരുവനു സാധ്യമല്ലെന്നു നാം കണ്ടുവല്ലൊ. ഈ പരമാർത്ഥം സമിതിജന്യമാണ്. സമിതിജന്യജ്ഞാനം അഭ്യസനത്തെ ഗുണവിശിഷ്ടമാക്കുന്ന മററു മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കാം. രണ്ടു സംഗതികൾ ഒരേ സമയത്തു പരിശീലിക്കുന്നതായാൽ ഒന്നിന്റെ സാന്നിദ്ധ്യം മറേറതിന്റെ സ്മരണക്കു കാരണമാകുന്നു. ഇങ്ങിനെയുണ്ടാകുന്ന സമിതിജ്ഞാനം നാം ഊഹിക്കുന്നതിലധികമായ ഫലത്തെ നല്കുന്നതാണ്.

നാം വളത്തുന്ന ഒരു പട്ടിയെ പിൻകാലുകളിൽ നിറുത്തുന്നതിനു പരിശീലിപ്പിക്കാം. അതിന് ഇഷ്ടമുള്ള ഒരു സാധനം (ഒരു അപ്പക്കഷണം) അതിന്റെ തലയ്ക്കു മുകളിൽ പിടിച്ച് നിൽക്കാൻ ആജ്ഞാപിക്കുക. പിൻകാലുകളിൽ നില്ക്കുന്നതിനുള്ള താല്പര്യം കൊണ്ടല്ല, ആ അപ്പ

ക്ഷണത്തിലുള്ള മോഹംകൊണ്ടു് പട്ടി നമ്മുടെ ആജ്ഞയെ അനുസരിക്കും. ഇങ്ങിനെ കുറച്ചു നാൾ കഴിയുമ്പോൾ സമിതിജ്ഞാനബന്ധത്താൽ ആജ്ഞാവാചകംകൊണ്ടു മാത്രം അതിനെ പിൻകാലുകളിൽ നിറുത്താം.

ഒരു ചെറുപൈതലിന്റെ മുമ്പിൽ ഒരു ഇണങ്ങിയ മുയലിനെ വിടുക. പ്രകൃതിസിദ്ധമായ വാസന അതിനെ പിടികൂടാനായി ശിശുവിനെ പ്രേരിപ്പിക്കും. മുന്നോട്ടടുക്കുന്ന മാത്രയിൽ ശിശു ഭയപ്പെടത്തക്കവണ്ണം ഒരു കർക്കശശബ്ദം പുറപ്പെടുവിച്ചാൽ കുട്ടി ഉടനെ പിന്തിരിയും. ഇങ്ങനെ രണ്ടോ മൂന്നോ തവണ പ്രവർത്തിക്കുന്നതായാൽ നിരുപദ്രവിയായ മുയലിനെ കാണുന്ന മാത്രയിൽ ശിശു ഭയവിഹ്വലനായി പിൻതിരിയുന്നു. ഇതും സമിതിജ്ഞാനസംഭവം തന്നെയാണ്.

പണ്ഡിതനും മാന്യനുമായ ഒരാൾ ചുവന്ന ബയണ്ടുള്ള പുസ്തകങ്ങളെ വെറുപ്പോടെ വീക്ഷിക്കുന്നു. കാരണമന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങിനെ ആയിരുന്നു. "പണ്ടു ഞാൻ പഠിക്കുന്ന കാലത്തു് ഒരു പുതിയ പാഠപുസ്തകം ഏർപ്പെടുത്തി. അതിന്റെ പേർ ഇപ്പോൾ ഓർക്കുന്നില്ല എങ്കിലും അതു അത്യന്തം നീരസമായിരുന്നു. അതിന്റെ ബയണ്ടു ചുവന്നതായിരുന്നു. അന്നു മുതൽ ഈ നിറമുള്ള പുസ്തകങ്ങളോടു് എനിക്കു വെറുപ്പാണ്."

പല പാഠശാലകളിലും കഠിനശിക്ഷ ആവർത്തിച്ചു നടത്തിപ്പോരുന്നുണ്ടു്. സമിതിജ്ഞാനത്തിന്റെ അസ്വാഭാവികമായ ഒരു രീതി മാത്രമാണിതു്. വിദ്യാർത്ഥികളുടെ ജന്മവാസനയനുസരിച്ചു് അവരെ നയിക്കുന്നതായാൽ ഈ വിധ പരിഷത്സം[illegible] അനാവശ്യമെന്നു തെളിയും.

മറെറാരു സമ്പ്രദായവും നടത്തിപ്പോരുന്നതായി കാണപ്പെടാം. ബാഹ്യവസ്തുക്കളുടെ പ്രേരണയാൽ കർമ്മോന്മുഖരാക്കുന്നതിന് കൃത്രിമോപായങ്ങൾ ആചരിച്ചുപോരുന്നു. ഇതു നിമിത്തവും സമിതിജ്ഞാനം ഉണ്ടാകുന്നുണ്ടു്. പക്ഷെ ഈ സമ്പ്രദായം ദോഷസങ്കലിതമാണ്. രസശൂന്യമായ ഒന്നു നിർവ്വഹിക്കപ്പെടുന്നതിന് ഉചിതവും മോഹനവുമായ ഒരു ലക്ഷ്യത്തെ ദർശിപ്പിക്കണമെന്ന ബോധം, വിദ്യാർത്ഥികൾ ജന്മനാ സൽക്കർമ്മം ചെയ്യുന്നതിനു വിമുഖരും അപ്രാപ്തരുമാണെന്നും, ദുഷ്കർമ്മനിരതരാണെന്നും ഉള്ള അഭിപ്രായത്തിൽ നിന്നുണ്ടായതായിരിക്കണം. ബാഹ്യമായ ചില പ്രേരണകൾ കൂടാതെ വിദ്യാർത്ഥികൾ സൽപഥനിരതരാവുകയില്ലെന്നു ജനങ്ങൾ വിശ്വസിച്ചുപോയി. ഈ സിദ്ധാന്തത്തെ അവലംബിച്ചു് രണ്ടു കർമ്മങ്ങൾ അവർ അനുഷ്ഠിക്കേണ്ടതായി വന്നു. സൽപ്രവൃത്തിക്കു സമ്മാനവും ദുഷ്പ്രവൃത്തിക്കു ശിക്ഷയും വേണമെന്ന് ഈ ന്യായംകൊണ്ടു വ്യവസ്ഥ ചെയ്തു. ശിക്ഷയിൽ നിന്നു ഒഴിയുന്നതിനും സമ്മാനം സിദ്ധിക്കുന്നതി

നം മാത്രം കുട്ടികൾ തങ്ങളുടെ സർവ്വശക്തിയും വിനിയോഗിക്കുമെന്നുള്ളതത്രെ ഈ പരിഷത്ജ്ഞാനത്തിനുള്ള ദോഷം. പരമാർത്ഥവസ്തുവിനെ അറിവാനല്ല, സമ്മാനം ലഭിക്കുന്നതിനത്രെ അവൻെറ ശ്രമം. അപരാധപരിഹാരമല്ല ശിക്ഷയിൽ നിന്നുള്ള രക്ഷയത്രെ അവൻ ലക്ഷ്യമാക്കുന്നതു്. സമ്മാനലബ്ധിക്കും ശിക്ഷാവിമോചനത്തിനും മാത്രം അവൻെറ അഭ്യസനം ഉപകരിക്കുന്നു. സമ്മാനവും ശിക്ഷയും പരിസമാപ്തമായാൽ എന്തു സംഭവിക്കും.? അഭ്യസനകാലം കഴിഞ്ഞാൽ ഗ്രന്ഥം അവൻ പിന്നെ സ്പർശിക്കപോലും ചെയ്യുമോ.?

നമ്മുടെ നാട്ടിലുള്ള പല മാന്യന്മാരും അഭ്യസനത്തിൻെറ പരമാവധി പരീക്ഷാവിജയമായി ഗണിച്ചുപോരുന്നു. അവക്ക് ലഭിക്കാവുന്ന സർവ്വസമ്മാനവും സിദ്ധിച്ചതായി അവർ എണ്ണി ഗ്രന്ഥത്തെ ദൂരതഃപരിവർജ്ജിക്കുന്നു. ഈ ബാഹ്യലക്ഷ്യം ബലിഷ്ഠമായിരിക്കുന്നുണ്ട്. പക്ഷെ ഇതിൻെറ ഫലമെന്തായിരിക്കുന്നു. ഈ വിജയം ബുദ്ധിപരമായ ചിന്തയ്ക്കും വളർച്ചയ്ക്കും ഒരുവനെ ശക്തനാക്കുന്നുണ്ടോ? പരീക്ഷാനന്തരം വല്ല ഉപയോഗവുമുണ്ടെങ്കിൽ തന്നെ എത്ര നിസ്സാരമായ ഒരു തോതിൽ മാത്രം ഫലപ്രദമാകുന്ന ഒരുതരം സംഭവപരമ്പരകളെക്കൊണ്ട് ബുദ്ധിയെ ശ്വാസം മുട്ടിക്കയല്ലെ ചെയ്യുന്നതു്.? സർട്ടിഫിക്കേറ്റുകളേയൊ ബിരുദങ്ങളേയൊ പ്രദാനം ചെയ്യുന്ന ഒരു നിഴലത്രെ പരീക്ഷയെന്നു സാമാന്യമായി പറയാം. ജീവിതാവധി നിലനില്ക്കുന്ന ഒന്നത്രെ വാസ്തവമായ വിദ്യാഭ്യാസം. അതു് അങ്ങിനെ നിലനില്ക്കുന്നില്ലെങ്കിൽ ആ പേരിന് അതു് അർഹമല്ല. ബാലികാബാലന്മാർ ജീവിതാവധി ഗ്രന്ഥശീലനം ചെയ്യുന്നതിനു തക്ക ഒരു അന്തരീക്ഷം അവരുടെ ഇടയിൽ സൃഷ്ടിക്കുന്നതിനു ശക്തരല്ലാത്ത അദ്ധ്യാപകന്മാർ അപരാധികൾ തന്നെയാണ്. അദ്ധ്യേതാക്കളിൽ ചിന്താശീലത്തെ പുഷ്ടിപ്പെടുത്തി അവരെ ഉൽകൃഷ്ടരാക്കണം. അല്ലെങ്കിൽ അദ്ധ്യാപകരായ നമ്മുടെ ശ്രമം വിഫലം തന്നെ.

അല്പക്ഷേപണം കൊണ്ടു പിൻകാലിൽ നില്ക്കാൻ പഠിപ്പിച്ചതും പഠിച്ചതും ആയ ഒരു പട്ടിയുടെ കഥയേക്കാൾ സമ്മാനം കൊണ്ടുള്ള അഭ്യസനത്തിനു മഹത്വം കാണുന്നില്ല. പട്ടി ഒരിക്കൽ അങ്ങിനെ ചെയ്താൽ ആവർത്തിച്ചാവർത്തിച്ചു നടന്നുകൊള്ളും. എല്ലായ്പ്പോഴും സംഗതികൾ ഇങ്ങിനെ സംഭവിക്കുകയില്ല. ഒരു കർമ്മം ചെയ്യുന്നതിന് ഒരുവനെ സമ്മാനിക്കുകയോ ശിക്ഷിക്കയൊ ചെയ്താൽ ആ ജോലിയിൽ അവന് രസോല്ലാദനം സിദ്ധിക്കുന്നു എങ്കിൽ ശാശ്വതഫലം അവയ്ക്കുണ്ട്. ഇവിടെയാണ് ഈ പ്രശ്നത്തിൻെറ വിഷമഘട്ടം സ്ഥിതിചെയ്യുന്നതു്. അല്പം കഴിഞ്ഞാൽ യാതൊരു സമ്മാനേച്ഛയും കൂടാതെ അവൻ കർമ്മനിരതനാകുമോ? സമ്മാനദാനം കുട്ടിയുടെ സന്മാർഗ്ഗശുദ്ധിയെ എങ്ങിനെ ബാധിക്കും? സമ്മാനം

പ്രായേണ സന്മാർഗ്ഗബോധത്തെ മലിനപ്പെടുത്തും. സമ്മാനത്തിനു മാത്രം വേലചെയ്യുന്നവൻ തൽസമ്പാദനൈകനിരതനാകുന്നതാണ്. ഏകതാനതയോടെ സമ്മാനം പ്രതീക്ഷിക്കുന്നവനു സന്മാർഗ്ഗശീലനത്തിന് സാദ്ധ്യമല്ല. പരമാർത്ഥതയും സന്മാർഗ്ഗവും അവ അഭ്യസിക്കുന്നവനല്ലാതെ മുഖസ്തുതി കേട്ടു മയങ്ങുന്നവനെങ്ങിനെയുണ്ടാകും.? വിജയപര്യവസായികളായ കർമ്മങ്ങളെ ചെയ്യുവാൻ ശീലിപ്പിച്ചാൽ കുട്ടികൾക്ക് അവയിൽ രസാനുഭൂതിയുണ്ടാകുന്നതാണ്. അപ്പോൾ പിന്നെയും പിന്നെയും കർമ്മം ആവർത്തിച്ചുകൊള്ളും. സമ്മാനചിന്തതന്നെ അവർക്കുണ്ടാകയില്ല.

പാഠശാലാപ്രവർത്തനങ്ങളോടു വിദ്യാർത്ഥികളുടെ ഇടയിൽ ഗുണമാത്സര്യബുദ്ധി വർദ്ധിപ്പിക്കുന്നതു് ആശാസ്യമാണോ? ഒരു ചെറിയ തോതിൽ ഇതു സംക്രമിപ്പിച്ചാൽ രസോല്പാദനം സാധിച്ചേക്കാം. ഇതു കൂടുതലാകുന്ന പക്ഷം രസത്തെ ഹനിച്ചു എന്നും വന്നേക്കാം. മാത്സര്യം ദോഷത്തെ ഉണ്ടാക്കിയെന്നും വരുന്നതാണ്. കുട്ടികളുടെ താല്ക്കാലികകർമ്മങ്ങളെ പൂർവ്വകർമ്മങ്ങളോടു സാദൃശ്യപ്പെടുത്തി രസോൽപാദനം സാധിക്കാം. അങ്ങിനെ അവർക്കു കർമ്മത്തിൽ പ്രോത്സാഹനമുണ്ടാക്കാവുന്നതാണ്. നമ്മുടെ പരമമായ ലക്ഷ്യം അവരിൽ മത്സരബുദ്ധിയുണ്ടാക്കുവാനല്ല; അവർക്ക് നിർദ്ദുഷ്ടമായ രസം കർമ്മങ്ങളിൽ ഉൽപാദിപ്പാൻ മാത്രമാണ്. കർമ്മങ്ങളിൽ ലയിച്ചുകിടക്കുന്ന രസാസ്വാദനം ചെയ്വാൻ ശക്തരാക്കുന്നിടത്തോളം കൃത്രിമോപായങ്ങളാൽ അതു വർദ്ധിപ്പിക്കാതിരിക്കുന്നതു് ഉത്തമമാണ്.

സന്മാർഗ്ഗശിക്ഷണത്തിൽ ഭയത്തിനു വല്ല സ്ഥാനവുമുണ്ടോ? പാപകർമ്മങ്ങളോടു ഭയത്തെ സംഘടിപ്പിക്കേണ്ട ആവശ്യമുണ്ടോ? ശിശുക്കളിൽ ഭയത്തിന്റെ കണികപോലും നാം സൃഷ്ടിക്കരുതു്. ഒരു കർമ്മം ചെയ്യരുതെന്നു പഠിപ്പിക്കാൻ രണ്ടോ മൂന്നോ മാർഗ്ഗങ്ങളുണ്ടു്. ഒരു കർമ്മം പുണ്യമോ പാപമോ എന്നു കുട്ടിയെക്കൊണ്ടു ചിന്തിപ്പിക്കരുതു്. എന്തുകൊണ്ടാണ് ഒരു കർമ്മം പുണ്യമാകുന്നതെന്നോ എങ്ങിനെ പാപമാകുമെന്നോ ചിന്തിപ്പാനുള്ള ഒരു ഭയം എല്ലാ കുട്ടികൾക്കുമുണ്ടാകട്ടെ. വിജയം സിദ്ധിക്കുന്ന കർമ്മങ്ങളെ തിരഞ്ഞെടുത്തു കൊടുക്കണം. അഹിതഫലം കൊണ്ടു് ഒരിക്കലും പരിഭവനത്തിന്നിടവരുത്തരുതു്. പശ്ചാത്താപം ശിശുവിനെ ഒരിക്കലും തീണ്ടരുതു്. മുന്നോട്ടുവയ്ക്കുന്ന ഓരോ അടിയും നന്നായ് സൂക്ഷിച്ചേ ചവിട്ടാവു എന്നുപദേശിച്ചാൽ പുരോഗമനം സാദ്ധ്യമല്ലാതെ വരും.

# വംഗസാഹിത്യചക്രവർത്തിനി

അഥവാ

# സ്വർണ്ണകുമാരീദേവി.

(സി. ജി. അനന്തൻപിള്ള ബി. എ.)

1932 ജൂലൈമാസം 3-ാംനു- ഞായറാഴ്ച വംഗസാഹിത്യചരിത്രത്തിലെ ഒരു ദുർദ്ദിവസമാണു്. അന്നാണു് അവിടത്തെ ചക്രവർത്തിനിയായി അഭിഷേകം ചെയ്യപ്പെട്ടിരുന്ന സ്വർണ്ണകുമാരീദേവി കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തതു്. സാഹിത്യനായികാസ്ഥാനം കയ്യേററു് അതിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചിരുന്ന ആ വിദുഷിയുടെ—അൻപതു വർഷങ്ങൾക്കു മുമ്പുതന്നെ അജ്ഞതാസൂചകമായ ആ മൂടുപടം വലിച്ചെറിഞ്ഞു് സ്ത്രീസമുദായത്തിൻെറ ഉൽക്കർഷത്തിനുവേണ്ടി നിരന്തരമായി പ്രയത്നിച്ചിരുന്ന ആ വീരസ്ത്രീരത്നത്തിൻെറ- സംസ്കാരം വിദ്യാഭ്യാസാഭിരുചി എന്നിവയുടെ നികേതനമായിരുന്ന ആ വിശാലഹൃദയയുടെ-എഴുപത്തിഏഴാമത്തെ ജന്മദിനം ആഗസ്റ്റ് 28-ാംനു ആഘോഷിക്കുന്നതിനും അവരെ ബഹുമാനിക്കുന്നതിനുംവേണ്ടി ബംഗാളത്തിലെ പല പൊതുസ്ഥാപനങ്ങളും ഉൽക്കണ്ഠയോടുകൂടി സമയത്തിൻെറ ദൈർഘ്യത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഹാ! കഷ്ടം! കാലത്തിൻെറ കർക്കശശാസനത്തിനു് സമയപ്രതീക്ഷ ആവശ്യമില്ലല്ലോ.

സ്വർണ്ണകുമാരീദേവി കൽക്കത്തയിൽ ജൊരാശങ്കോ എന്ന സ്ഥലത്തു് പ്രസിദ്ധപ്പെട്ട ടാഗോർകുടുംബത്തിൽ 1850-ൽ ജനിച്ചു. അവർ മഹർഷിദേവേന്ദ്രനാഥടാഗോറിൻെറ ചതുർത്ഥപുത്രിയും ലോകമഹാകവി രവീന്ദ്രനാഥടാഗോറിൻെറ സഹോദരിയുമായിരുന്നു. ഇവരുടെ വിവാഹം ബാല്യത്തിൽതന്നെ നടന്നു. അന്നു് ബങ്കാളിൽ ബാല്യവിവാഹം അതി ജാഗ്രതയിൽ നടന്നിരുന്ന ഒരു കാലമായിരുന്നു. 1868ൽ-അതായതു് പന്ത്രണ്ടാമത്തെ വയസ്സിലാണു സ്വർണ്ണകുമാരീദേവിയുടെ ഒന്നാമത്തെ പുത്രി ജനിച്ചതു്. ഈ മഹതിയുടെ പ്രാഥമികവിദ്യാഭ്യാസം സ്വഗൃഹത്തിൽവച്ചു് നിർവ്വഹിക്കപ്പെട്ടു. ചെറുപ്പത്തിൽതന്നെ നല്ല ബുദ്ധിശക്തി പ്രദർശിപ്പിച്ചുവന്ന സ്വപുത്രിയുടെ വിദ്യാഭ്യാസകാര്യത്തിൽ പിതാവു് പ്രത്യേകം ശ്രദ്ധിക്കുകയും, പുത്രിയുടെ ഹിതാനുസരണമുള്ള എല്ലാ പരിഷ്കാരപ്രവൃത്തികളിലും അനുകൂലിക്കുകയും ചെയ്തിരുന്നു. അക്കാലത്തു് പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക എന്നുള്ളതുതന്നെ മാമൂലിനു വിരുദ്ധമായിരുന്നുവത്രെ. സഹോദരനായ ദ്വിജേന്ദ്രനാഥനിലും ജ്യോതീന്ദ്രനാഥനിലും നിന്നാണു് സാ

ഹിത്യപരിശീലനവും തജ്ജന്യമായ അഭിരുചിയും അവൎക്കു ലഭിച്ചതു്. ഈ സഹോദരന്മാർ "ഭാരതി" എന്ന ബങ്കാളി മാസിക അന്നു് ആരംഭിച്ചിരുന്നു. സ്വൎണ്ണകുമാരീദേവിയുടെ ഭൎത്താവു് പരേതനായ ജാനകീനാഥഘോഷൽ ആയിരുന്നു. നൂദിയായിലെ ഉൽകൃഷ്ടബ്രാഹ്മണകുലജാതനായിരുന്ന ജാനകീനാഥൻ കൃഷ്ണനഗരം കലാശാലയിൽ അഭ്യസനം നടത്തിവരവെ സമുദായപരിഷ്കാരിയായ രാമതനുലഹരിയുമായി പരിചയപ്പെടുകയും ബ്രഹ്മസമാജത്തിൽ ചേരുകയും ചെയ്തു. അക്കാലത്തു മഹൎഷിദേവേന്ദ്രനാഥടാഗോർ കൃഷ്ണനഗരം സന്ദർശിച്ചു. ജാനകീനാഥന്റെ സമുദായപരിഷ്കാരാഭിരുചിയും ഉന്നതാശയങ്ങളും അദ്ദേഹത്തെ ആകർഷിക്കുകയും കൽക്കത്തയിൽ മടങ്ങി എത്തിയ ഉടനെ സ്വൎണ്ണകുമാരീദേവിയുടെ വിവാഹത്തിനു വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഇങ്ങിനെയാണു് ജാനകീനാഥൻ സ്വൎണ്ണകുമാരീദേവിയുടെ ഭൎത്താവായിത്തീൎന്നതു്.

അനന്തരം മാഡം ബ്ളവട്സ്കിയും കർണൽ ഓൾക്കോട്ടും മി: ഹ്യൂമും ഇൻഡ്യയിൽ ബ്രഹ്മവിദ്യാസംഘത്തെപ്പററി പ്രസംഗിച്ചുതുടങ്ങിയപ്പോൾ ജാനകീനാഥൻ അവരെ സഹായിച്ചുവന്നു. 1884 ൽ മദിരാശിയിൽ അഖിലഭാരതബ്രഹ്മവിദ്യാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ അതേരൂപത്തിലുള്ള ഒരു രാഷ്ട്രീയസഭ രൂപവൽക്കരിക്കണമെന്നു് മി: ഹ്യൂം ജാനകീനാഥനോടും നരേന്ദ്രനാഥസേനിനോടും അഭിപ്രായപ്പെടുകയുണ്ടായി. ആ ത്രിമൂൎത്തികൾ അതിനായി അതിപരിശ്രമം ചെയ്യുകയും അടുത്ത വർഷത്തിൽ (1885-ൽ) ബാംബയിൽവച്ചു് ഭാരതമഹാജനസഭയുടെ പ്രഥമസമ്മേളനം ഉമേശചന്ദ്രബാനർജിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയും ചെയ്തു. ജാനകീനാഥനെ കാൺഗ്രസ്സ് കമ്മിററിയുടെ കാൎയ്യദൎശിയായി നിയമിക്കപ്പെട്ടു. ആ ഉദ്യോഗം 1913-ൽ അദ്ദേഹം മരിക്കുന്നതുവരെ ഉത്തമമായ രീതിയിൽ നിൎവ്വഹിക്കുകയുമുണ്ടായി.

സ്വൎണ്ണകുമാരീദേവിയുടെ സഹോദരൻ പരേതനായ സത്യേന്ദ്രനാഥടാഗോർ പാശ്ചാത്യദേശപൎയ്യടനംകഴിഞ്ഞു കൽക്കത്തയിൽ തിരിച്ചെത്തി. അദ്ദേഹമായിരുന്നു ഇൻഡ്യൻ സിവിൽസൎവീസിലെ ആദ്യത്തെ ഇൻഡ്യൻ ഉദ്യോഗസ്ഥൻ എന്നുള്ളതു് പ്രസ്താവയോഗ്യമാണു്. അദ്ദേഹത്തിന്റേയും ദേവിയുടെ ഭൎത്താവിന്റേയും പരിഷ്കൃതങ്ങളായ സാമുദായികാദൎശങ്ങൾ, മൂടുപടത്തിനുള്ളിൽനിന്നും പുറപ്പെട്ടു വനിതകളുടെ അഭ്യുന്നതിക്കുവേണ്ടി പ്രവൎത്തിക്കുന്നതിനു് അവരെ പ്രോത്സാഹിപ്പിച്ചു. ഇതു് ധീരത ആവശ്യമുള്ള ഒരു ജോലിയാണല്ലോ. അരശതാബ്ദത്തിനു മുമ്പു് നടന്ന ഒരു സംഭവമാണിതെന്നു് നാം ധരിക്കണം. അന്നു ബങ്കാളിൽ ഇന്നത്തെപ്പോലെയുള്ള സാമുദായികപ്രബുദ്ധത ഉണ്ടായിരുന്നില്ല. പ്രത്യുത സാമുദായികമായ ദുരാചാരങ്ങളുടേയും യാഥാസ്ഥിതികത്വത്തിന്റെ

യും കേളീരംഗമായിരുന്നു. തന്നിമിത്തം എന്തു ഭയങ്കരമായ എതിർശക്തിയോടാണ് സ്വൎണ്ണകുമാരീദേവിക്ക് രുധിരാധാരകൂടാതെയുള്ള സമരം നടത്തേണ്ടിവന്നതെന്ന് ചിന്തിച്ചുനോക്കണം. എന്നാൽ സ്വഭൎത്താവിന്റേയും സഹോദരന്റേയും പ്രോത്സാഹനവും സഹായവും ഒരു വലിയ അനുഗ്രഹംതന്നെയായിരുന്നു. ഇന്നു ബംഗാളത്തിലെ സംസ്കാരം സിദ്ധിച്ച എല്ലാ വനിതകളും അവരെ കൃതജ്ഞതയോടും ബഹുമാനത്തോടും സന്തോഷത്തോടുംകൂടി സ്മരിക്കുന്നുണ്ട്. ബങ്കാളത്തിലെ സ്ത്രീകൾ ഇന്ന് അവർ ചെയ്ത മഹൽപ്രവൃത്തികളുടെ സൽഫലങ്ങൾ അനുഭവിക്കുന്നു. പരിസരം പ്രതികൂലവും പ്രതിബന്ധങ്ങൾ അസംഖ്യവുമായിരുന്ന ആ കാലഘട്ടത്തിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും അഭ്യുന്നതിക്കുംവേണ്ടി സ്വൎണ്ണകുമാരീദേവി ചെയ്ത പരിശ്രമങ്ങളെപ്പററി ചിന്തിക്കുമ്പോൾ, "ആത്മശക്തിയുള്ള ഏതു മനുഷ്യനും പ്രവൎത്തിക്കുന്നതിനുള്ള രംഗമുണ്ടാകും; അയാൾ മററു പലൎക്കും രംഗം തയാറാക്കുകയും ചെയ്യും." എന്ന എമേഴ്സന്റെ വചനമാണ് നമ്മുടെ സ്മൃതിപഥത്തിൽ എത്തുന്നതു്.

1884 ൽ സ്വൎണ്ണകുമാരീദേവി "ഭാരതി" എന്ന മാസികയുടെ പത്രാധിപത്യം കയ്യേററു. ഒരു സ്ത്രീ പത്രാധിപത്യം വഹിക്കുന്നതു് ഇദംപ്രഥമമായിട്ടായിരുന്നു. അന്ന് ബങ്കാളിലെ പ്രധാന മാസികയും "ഭാരതി" ആയിരുന്നു. രണ്ടു സംവത്സരത്തിനുശേഷം "സഖിസമിതി" എന്ന ഒരു വനിതാസംഘം അവർ രൂപവൽക്കരിച്ചു. അതിന്റെ ആദൎശങ്ങൾ താഴെ പറയുന്നവയായിരുന്നു. (1) ഭാരതീയസ്ത്രീകളിൽ സൌഹാൎദ്ദം ഉണ്ടാക്കുകയും, രാജ്യക്ഷേമാഭിരുചി ജനിപ്പിക്കുകയും ചെയ്യുക. (2) സാധുക്കളായ ഹൈന്ദവബാലികമാൎക്ക് ആശ്രയവും വിദ്യാഭ്യാസവും നൽകി അവരെക്കൊണ്ട് സമുദായത്തിനു ഗുണംവരുത്തുക. (3) അവൎക്ക് യോഗ്യത സിദ്ധിക്കുമ്പോൾ ജോലി സമ്പാദിച്ചുകൊടുക്കുകയും, അന്തഃപുരാദ്ധ്യാപികമാരായി അയച്ച് സ്ത്രീവിദ്യാഭ്യാസം പ്രചരിപ്പിക്കുകയും ചെയ്യുക. (4) ഭാരതീയകലകളും വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിന് സഹായിക്കുക. ഇവ എത്ര ഉൽകൃഷ്ടങ്ങളായ ആദൎശങ്ങളെന്നു നോക്കുക. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ "കൌതുകവില്പന" നടത്താറുണ്ടായിരുന്നു. അതു് സ്ത്രീകളാൽതന്നെ നടത്തപ്പെടുന്നതും സ്ത്രീകൾക്കുമാത്രം പ്രവേശനമുള്ളതുമായിരുന്നു. സമിതിയിലെ അംഗങ്ങൾ സംഗീതം, നാടകം മുതലായവകൊണ്ട് ആഗതരെ സന്തോഷിപ്പിച്ചിരുന്നു.

ഭാരതമഹാജനസഭയുടെ ആറാമത്തെ സമ്മേളനം ഫിറോസിഷാമേത്തയുടെ അദ്ധ്യക്ഷതയിൽ കൽക്കത്തയിൽവച്ചാണല്ലൊ നടത്തിയതു്. ഈ സമ്മേളനത്തിലാണ് ഭാരതീയസ്ത്രീകളുടെ പ്രതിനിധികൾ ആദ്യമാ

യി സന്നിഹിതകളായത്ര്. ബങ്കാളിലെ രണ്ടു പ്രതിനിധികളിൽ ഒന്നു് സ്വൎണ്ണകുമാരീദേവിയായിരുന്നു. 1855 മുതൽ 1856 വരെ ബങ്കാളിലെ ബ്രഹ്മവിദ്യാസംഘത്തിന്റെ സ്ത്രീശാഖയുടെ അദ്ധ്യക്ഷകൂടിയായിരുന്നു അവർ.

1895-ൽ "ഭാരതി"യുടെ പത്രാധിപത്യം തന്റെ പുത്രികളായ ഹിരണ്മയിദേവിയേയും സരളാദേവിയേയും ഏല്പിച്ചു. സരളാദേവിയുടെ വിവാഹാനന്തരം 1906-ലാണ് വീണ്ടും അവർ പത്രാധിപത്യം ഏറെറടുത്തതു്. 1910-മുതൽ "ഭാരതി"യിൽ ചിത്രങ്ങൾ ചേൎത്തുതുടങ്ങി. ഈ കാലത്തെല്ലാം കാവ്യനാടകാഖ്യായികകൾ നിൎമ്മിച്ചും മധുരങ്ങളായ ഗാനങ്ങൾ രചിച്ചും സാഹിത്യദേവതയെ അവർ ആരാധിച്ചുവന്നു. വംഗസാഹിത്യത്തിനുവേണ്ടിയുള്ള ഈ വിദുഷിയുടെ സേവനത്തെ അറിഞ്ഞ കൽക്കത്തെസർവ്വകലാശാല "ജഗത്തരണിസ്വൎണ്ണമുദ്ര" അവൎക്കു നൽകി. 1930-ൽ ഭവാനിപുരത്തുവച്ചു് ബങ്കാളിസാഹിത്യപരിഷത്തിന്റെ ഇരുപത്തിരണ്ടാമത്തെ സമ്മേളനം കൂടിയപ്പോൾ ഇവർ അദ്ധ്യക്ഷംവഹിക്കുകയും സരസവും സന്ദർഭോചിതവും കാൎയ്യസംപൂൎണ്ണവുമായ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

ഇക്കാലത്തു് സ്വൎണ്ണകുമാരീദേവിക്ക് 74 വയസ്സു പ്രായമായി. ആരോഗ്യം ക്ഷയിച്ചുതുടങ്ങിയിരുന്നു. അതുകൊണ്ടു് ഒതുങ്ങിയ ജീവിതം നയിച്ചു് സാഹിത്യപോഷണത്തിൽമാത്രം അവർ ഏർപ്പെട്ടുവന്നു. മൂന്നു മാസം മുമ്പു പ്രസിദ്ധീകരിച്ച അവരുടെ ഒടുവിലത്തെ ഗ്രന്ഥമായ "സാഹിത്യസ്രോതി" എന്ന പുസ്തകത്തിന്റെ ഒന്നാംഭാഗം ഒരു പാഠപുസ്തകമായി കൽക്കത്ത സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടു്. രോഗം പിടിപെട്ട നാളിൽപോലും അവർ പറഞ്ഞുകൊടുത്തു് എഴുതിക്കുകയായിരുന്നു എന്നാണു് അറിയുന്നതു്. ശാസ്ത്രസംബന്ധമായ പല പാഠപുസ്തകങ്ങളും അവർ രചിച്ചിട്ടുണ്ടു്. അവരുടെ രണ്ടു നോവലുകളും ചില കഥകളും ആംഗലഭാഷയിലേക്കും കല്യാണി എന്ന പേരിൽ ഒരു നാടകം ജൎമ്മൻഭാഷയിലേക്കും തൎജ്ജിമചെയ്യിട്ടുമുണ്ടു്.

ജൂൺ 28-ാംനു- ചൊവ്വാഴ്ച അവരെ വിഷജ്വരം ബാധിച്ചു. ഞായറാഴ്ച അവർ മരിക്കുകയും ചെയ്തു. മരണവാൎത്ത നഗരത്തിൽ പരന്നതോടുകൂടി അനേകായിരം സ്ത്രീപുരുഷന്മാർ അവിടെ എത്തി. ഉദ്യോഗസ്ഥന്മാർ, പൌരപ്രമാണികൾ, പ്രഭുക്കന്മാർ, രാജകുടുംബാംഗങ്ങൾ, സാഹിത്യകാരന്മാർ എന്നു തുടങ്ങി ഒരു വലിയ ജനക്കൂട്ടം അവിടെ എത്തി അനുശോചനം പ്രദൎശിപ്പിച്ചു. കൽക്കത്ത നഗരസഭയുടെ ഒരു വിശേഷാൽ യോഗം വിളിച്ചുകൂട്ടി ഈ മഹതിയുടെ വേർപാടിലുള്ള ദുഃഖത്തെ രേഖപ്പെടുത്തുകയും അവരോടുള്ള ബഹുമാനസൂചകമായി ഒരാഴ്ചവട്ടത്തേക്കു നടപടികൾ മാററിവയ്ക്കുകയും ചെയ്തു. ദയാശീലം, സത്യസന്ധത

ധൈര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ ഗുണങ്ങൾ വിളങ്ങിയിരുന്ന ആ സ്ത്രീരത്നം—ഉയർന്ന കുടുംബത്തിൽ ജനിച്ച് ഉന്നതപദവിയിലെത്തിയെങ്കിലും സാധുക്കളുടെ ഗൃഹങ്ങളിൽ പോകുകയും അവരുമായി സമഭാവനയോടു കൂടി സഹകരിക്കയുംചെയ്തിരുന്ന ആ സാധ്വി—ഇത്തരത്തിലുള്ള ബഹുമാനാർഹയായിത്തീർന്നതിൽ വിസ്മയത്തിനവകാശമില്ലല്ലോ.

സ്വർണ്ണകുമാരീദേവിയുടെ ഏകപുത്രൻ ജ്യോത്സനഘോഷൽ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടു്. അദ്ദേഹം ബാംബെയിൽ ഇൻഡ്യൻസിവിൾസർവീസിൽ നിന്നും അടുത്തൂൺ പററി പിരിഞ്ഞ ഒരു മാന്യനാണ്. ബങ്കാളിസാഹിത്യത്തിലും ദേശീയപ്രസ്ഥാനത്തിലും ഒരുപോലെ പ്രസിദ്ധയായ ദ്വിതീയപുത്രി സരളാദേവി മാതാവു വെട്ടിത്തുറന്ന കാണിച്ച മാർഗ്ഗത്തിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇവക്കെല്ലാം ആനന്ദം നൾകിക്കൊണ്ടു സ്വർണ്ണകുമാരീദേവിയുടെ നാലു പൌത്രന്മാരും രണ്ടു പൌത്രിമാരും ഇപ്പോൾ സസുഖം വാഴുന്നു. അവരുടെ ഒൻപതു സഹോദരന്മാരിലും ആറു സഹോദരിമാരിലും രവീന്ദ്രനാഥടാഗോറും വർണ്ണകുമാരിദേവിയും മാത്രമെ ഇപ്പോൾ ജീവിക്കുന്നുള്ളു. 1925-ൽ മൂത്ത പുത്രിയായ ഹിരണ്മയിദേവി മരിച്ചു. അവർ ഒരു വലിയ സമുദായപ്രവത്തകയായിരുന്നു. അവരാണ് വിധവകൾക്കായി ബാലിഗൻജിൽ ഒരു വ്യവസായമന്ദിരം സ്ഥാപിച്ചതു്. അതു് ഇന്നും പ്രശസ്തമായ നിലയിൽ നടന്നുപോരുന്നുണ്ടു്. ഈ സ്ഥാപനത്തിന്റെ അഭ്യുന്നതിക്കുവേണ്ടി സ്വർണ്ണകുമാരീദേവി ഹൃദയപൂർവ്വം പരിശ്രമിച്ചിരുന്നു. തന്റെ എല്ലാ പുസ്തകങ്ങളുടേയും അവകാശവും ഒരു വലിയ സ്വത്തും ഈ സ്ഥാപനത്തിനു വിട്ടുകൊടുത്തിട്ടുണ്ടു്. ആ സാധ്വിയുടെ കാരുണ്യശീലവും മഹാമനസ്കതയും നോക്കുക. 'ലഘുജീവിതവും ഉൽകൃഷ്ടചിന്തയും' എന്ന ഭാരതീയാദർശത്തെ മാർഗ്ഗദർശകമാക്കി പരിശുദ്ധജീവിതം നയിച്ചിരുന്ന ആ വന്ദ്യവയോധിക ഭാരതീയസ്ത്രീകൾക്കു് ഒരു ഉത്തമമാതൃകയല്ലെ? ബങ്കാളമേ! നിന്റെ ഈ പുണ്യസന്തതിക്കു് ഇനിയൊരു ജന്മത്തിനു സംഗതിയുണ്ടെങ്കിൽ കൈരളീസഹോദരീഗർഭത്തിൽ അവതരിച്ചുകാണേണമേ!!

# മായ

(സീതാദേവി)

## II

ജ്യോതി:- "നിങ്ങളുടെ വീട് ഇവിടെനിന്നും എത്ര അകന്നിട്ടാണ്."

അവർ:- "ഏയ്, വലിയ ദൂരമൊന്നുമില്ല. പക്ഷെ ഇതിലും നേരത്തെ എനിക്കിവിടെ വരുവാൻ സാദ്ധ്യമല്ല. ഇവിടെ അടുത്തുള്ള ഒരു കമ്പനിയിൽ എനിക്ക് ഒരു ജോലിയുണ്ട്. അതു കഴിഞ്ഞല്ലാതെ ഞാൻ ഒരിടത്തും പോകാറില്ല. ആഫീസ് അഞ്ചുമണിക്ക് കഴിഞ്ഞു എങ്കിലും ഞാൻ വീട്ടിൽ പോയിട്ടാണ് ഇങ്ങോട്ടു വന്നത്."

അവളുടെ വേഷത്തിൽ ചെയ്തിരിക്കുന്ന മാററം എന്തിനെന്നറിവാനുള്ള ജിജ്ഞാസ അവനെ വിട്ടു മാറുന്നില്ല. അതിനാൽ ആ ചോദ്യം ഒന്നുകൂടി ആവർത്തിച്ചു. 'ഈ വിധത്തിൽ വസ്ത്രധാരണം ചെയ്യുന്നതെന്തിനെന്നു പറഞ്ഞില്ലല്ലൊ.'

യുവതി:- "ഇതാണ് എൻെറ വാസ്തവവേഷം. ഇതിനോടെനിക്കല്പം പ്രീതിയുമുണ്ട്. ഞാൻ വാസ്തവത്തിൽ ഒരു ബങ്കാളിയാണ്. പക്ഷെ ബന്ധുക്കാരുടെ വേഷത്തോടിനെ മാത്രമെ ഞാൻ സാധാരണ സ്വീകരിക്കാറുള്ളു. ഇന്നു ഞാൻ ഒരു സ്വദേശിയെ കാണാൻ വരുന്നതുകൊണ്ട് ഈ വേഷം ധരിച്ചതാണ്. നിങ്ങളുടെ പേരെന്തെന്നു ചോദിച്ചുകൊള്ളട്ടെ."

ജ്യോതി തൻെറ പേർ പറഞ്ഞു. അനന്തരം ഇങ്ങിനെ ഒരു ചോദ്യം ചെയ്തു. "നിങ്ങൾ എന്താണ് ഇംഗ്ലീഷിൽ സംസാരിക്കുന്നതു്. നിങ്ങൾക്കു ബങ്കാളി അറിഞ്ഞുകൂടേ."

യുവതി:- ഇല്ല. അറിഞ്ഞുകൂട. ഞാൻ ബങ്കാളം ഇതുവരെ കണ്ടിട്ടില്ല. ഒരു ബങ്കാളിയെ അറിയുകയുമില്ല. എൻെറ അച്ഛൻ ബങ്കാളത്തുനിന്നും ഇവിടെ വന്ന് എൻെറ അമ്മയെ വിവാഹം ചെയ്തു. ഞാനൊരു കുഞ്ഞായിരുന്നപ്പോൾ തന്നെ അദ്ദേഹം ബങ്കാളത്തേക്കു പോയി. അവിടെ വച്ചു മരിക്കയും ചെയ്തു.

ജോതി:- "അദ്ദേഹത്തിൻെറ ബന്ധുക്കൾ നിങ്ങളെ അന്വേഷിച്ചില്ലെ."

വയുതി:- "ഇല്ല. ഇതു് ബങ്കാളത്തു പതിവില്ലല്ലൊ. ബങ്കാളികൾ വ

ലിയ ദുരഭിമാനികളല്ലെ. അവർ വിദേശിയരെ വിവാഹം ചെയ്യുന്നതു് ആക്ഷേപമായി പറയാറുണ്ടു്."

ജ്യോതി:- "നിങ്ങളുടെ പേരെന്തു്?"

യുവതി മന്ദസ്മിതത്തോടെ:- "എൻെറ അച്ഛൻ എന്നെ മായ എന്നാണു വിളിച്ചിരുന്നതു്. ഇപ്പോൾ ആ പേർ ആരും വിളിക്കാറില്ല. ഇപ്പോൾ എന്നെ മാസഖീന എന്നാണു വിളിക്കാറു്."

ജ്യോതി:- "ജോലിസ്ഥലം എവിടെയാണു്?'

യുവതി:- "വളരെ അടുത്തു് ഒരു ജപ്പാൻകമ്പനിയിലാണു്."

ജ്യോതി ധാരം മുറിയാതെ സംഭാഷണം തുടങ്ങി. അവളുടെ പേർ പാടന്നെ ഭയന്നു് ഇതു നീട്ടിക്കൊണ്ടുപോകുവാൻ അയാൾ കതുകിയായിരുന്നു. "കമ്പനിയിലെ ജോലി നിങ്ങൾക്കിഷ്ടപ്പെടുന്നുണ്ടോ?"

മായ:- "എനിക്കതു് പ്രിയമെന്നു പറവാനൊന്നുമില്ല. ഇതിൽ കൂടുതൽ ഹൃദ്യമായ ഒരു ജോലി എനിക്കെവിടെ കിട്ടും. എനിക്കു വലിയ വിദ്യാഭ്യാസമൊന്നുമില്ല."

ജ്യോതി:- "നിങ്ങൾ ഇംഗ്ലീഷു വളരെ ഭംഗിയായി സംസാരിക്കുന്നുവല്ലോ. ഞാൻ കൽക്കട്ട യൂണിവേർസിററിയിൽ ഗ്രാഡ്വേറ്റു ചെയ്ത ആളാണു്. നിങ്ങൾ എന്നെക്കാൾ നല്ലപോലെ സംസാരിക്കുന്നുണ്ടു്."

മായ പൊട്ടിച്ചിരിച്ചുപോയി. "എൻെറ ഗുരുക്കന്മാർ ഇംഗ്ലീഷുകാർ തന്നെയാണു്. അതുകൊണ്ടു നല്ലപോലെ സംസാരിക്കാൻ ശീലിച്ചു. അദ്ധ്യാപനം പരിശീലിപ്പാൻ ഇംഗ്ലണ്ടിൽ പോകണമെന്നു് എനിക്കു മോഹമുണ്ടായിരുന്നു. പക്ഷെ എൻെറ അമ്മയ്ക്കു് മററു കുട്ടികളെ സംരക്ഷിക്കുന്നതു ക്ലേശകരമായി. അതുകൊണ്ടു് അവരെ സഹായിപ്പാൻ ഞാൻ ഈ ജോലി കയ്യേററിരിക്കയാണു."

ജ്യോതി അത്ഭുതത്തോടെ:- 'നിങ്ങൾക്കു സഹോദരന്മാരും സഹോദരികളുമുണ്ടോ?'

യുവതി അൽപമൊരു സങ്കോചത്തോടെ:- "അവർ എൻെറ വാസ്തവ സഹോദരങ്ങളല്ല നിങ്ങളുടെ രാജ്യത്തു് വിധവാവിവാഹം പതിവില്ലല്ലോ. ഇവിടെ അതിനു വിരോധമില്ല. എൻെറ അമ്മ രണ്ടാമതും വിവാഹം ചെയ്യപ്പെട്ടു. അദ്ദേഹം ഒരു മഹമ്മദീയനായിരുന്നു. ഞങ്ങളെ രക്ഷിച്ചതു് അദ്ദേഹമായിരുന്നു. എൻെറ വിദ്യാഭ്യാസത്തിനു വേണ്ട ചിലവെല്ലാം ചെയ്തതും അദ്ദേഹം തന്നെ. ഭാഗ്യഹീനരായ ഞങ്ങളുടെ ഗൃഹപ്പിഴക്കു്

അഞ്ചു കൊല്ലത്തിനു മുമ്പു അദ്ദേഹവും മരിച്ചു.”

ജ്യോതി:- ‘ഇവിടെ പല ബങ്കാളികളുമുണ്ടല്ലൊ. അവരിൽ ആരുമായി നിങ്ങൾക്കു പരിചയം സിദ്ധിച്ചിട്ടില്ലേ?’

മായ:- “ഇല്ല. എന്റെ അമ്മ ബങ്കാളികളെ ഇഷ്ടപ്പെടുന്നില്ല. എന്റെ അച്ഛൻ അവരോടങ്ങിനെയാണു പെരുമാറിയതു്. അവരെ നിസ്സഹായരാക്കിയാണ് അദ്ദേഹം വിട്ടുപിരിഞ്ഞതു്. അതുകൊണ്ട് ഇൻഡ്യക്കാരെ തന്നെ വിശ്വസിക്കരുതെന്ന് അമ്മ എന്നെ ഉപദേശിച്ചിട്ടുണ്ട്. പക്ഷെ ഞാനതു അനുഷ്ഠിക്കാറില്ല. ബങ്കാളി പഠിക്കുന്നതിന് എനിക്കു മോഹമുണ്ട്. ഇതുവരെ അതിനു സംഗതി വന്നിട്ടില്ല. നല്ല ആളുകളെ കണ്ടെത്താനാണു വിഷമം.”

‘പിന്നെ എന്നെ എങ്ങിനെ സ്നേഹിച്ചു’ എന്നു ചോദിക്കാതിരിക്കാൻ ആയാളുടെ അക്ഷമ അനുവദിച്ചില്ല.

യുവതി വീണ്ടും ചിരിച്ചു. “ഇതു് ദൈവനിശ്ചയമായേക്കാം. നിങ്ങൾ ഒരു നല്ലവനെന്ന് എനിക്കു തോന്നി.”

ജ്യോതിയുടെ ഹൃദയതന്ത്രികൾ സന്തോഷനാദങ്ങളെ മുഴക്കി. യുവതിയുടെ അഭിപ്രായം ശരിയാണോ? ദൈവമാണോ ഇവരെ സന്ധിപ്പിച്ചതു്. അദ്ദേഹം എന്തിനങ്ങിനെ ചെയ്തു.

മണി എട്ടടിച്ചു. ആ യുവതി പെട്ടെന്ന് ഒന്നു ഞെട്ടി; ഇങ്ങിനെ പറഞ്ഞു. “ഞാൻ ക്രമത്തിലധികം താമസിച്ചു; ഞാനിപ്പോൾ തന്നെ യാത്രയാണ്. ബാഗിൽനിന്ന് ഒരു രൂപയെടുത്തു. ‘ഞാൻ വന്ന കാര്യം തന്നെ മറന്നു.’

പണം തിരിച്ചു വാങ്ങുന്നതിൽ ജ്യോതിക്ക് വൈമനസ്യമുണ്ടായിരുന്നു. പക്ഷെ എങ്ങിനെ അതുപേക്ഷിക്കണമെന്നറിഞ്ഞുകൂടായിരുന്നു. പോരെങ്കിൽ ഇത്ര ഉച്ചത്തിൽ ശബ്ദമുണ്ടാക്കിയ മണിയോടു കോപിച്ചുമിരുന്നു.

ആ യുവതി എഴുന്നേല്ക്കാൻ ഭാവിച്ച ഉടനെ ജ്യോതി:- ഞാൻ ഇനി നിങ്ങളെ കാണുകയില്ലെ.

മായ:- അതു വലിയ വിഷമമാണ്.

ജ്യോതി:- ദൈവമാണ് നമ്മെ സന്ധിപ്പിച്ചതെന്നു നിങ്ങൾ തന്നെയല്ലെ പറഞ്ഞതു്. അതിന്റെ പരിണാമം ഇങ്ങിനെയോ. നിങ്ങളുടെ വീട്ടിൽ വന്നു നിങ്ങളെ കാണരുതെന്നുണ്ടോ?

യുവതി അല്പം കഴഞ്ഞ്:- അമ്മയ്ക്കു രസമായില്ലെങ്കിലോ? റംഗൂണിൽ നിങ്ങളുടെ താമസം എത്ര കാലത്തേയ്ക്കുണ്ട്.?

ജ്യോതി:- അതിപ്പോൾ നിശ്ചയമില്ല. ഞാനിവിടെ വന്നത് ഒന്നോ രണ്ടോ ആഴ്ച താമസിക്കാനാണ്. പക്ഷെ എനിക്ക് ഒന്നോ രണ്ടോ മാസം താമസിക്കാം. അതിന് ആരുടേയും അനുവാദം ആവശ്യമില്ല.

മായ അവളുടെ ബാഗിൽ നിന്നു പെൻസിലും കടലാസുമെടുത്ത് എന്തോ എഴുതി. 'ഇതാ ഞാൻ ജോലിചെയ്യുന്ന കമ്പനിയുടെ വിലാസം. ഒരു മണിക്കു ശേഷം എനിക്ക് കുറച്ചു വിശ്രമസമയമുണ്ട്. അപ്പോൾ അവിടെ വന്നാൽ കാണാൻ സൗകര്യമുണ്ട്.'

ഇതു കണ്ട ഉടനെ നൃത്തം ചെയ്യാനും ജ്യോതി സന്നദ്ധനായിരുന്നു:- 'നിശ്ചയമായി ഈ സമയത്ത് ഞാനവിടെ എത്താം. പിന്നെ ഇതു മറക്കരുതെ.'

യുവതി:- ഏയ്, ഒരിക്കലുമില്ല. ഞാനത്ര മറവിക്കാരിയല്ല. എങ്കിലും നിങ്ങളുടെ മേൽവിലാസം ഇങ്ങോട്ടു തരൂ. വല്ല കാരണവശാലും നമ്മളുടെ സമ്മേളനം നീട്ടിവയ്ക്കേണ്ടതായി വന്നാൽ ആ വിവരം ഞാനറിയിക്കാം.

ജ്യോതി അയാളുടെ വിലാസം എഴുതിക്കൊടുത്തു. അവർ രണ്ടു പേരും ചായ തൊട്ടതേ ഇല്ല. അതിന്റെ വിലയുംകൊടുത്ത് അവിടം വിട്ടു

യുവതി ഒരു വണ്ടിവരുത്തി അതിൽ കയറി. 'ഞാൻ സാധാരണ റിക്ക്ഷായിൽ ആണു കയറി പോകാറ്. പക്ഷെ ഈ വേഷത്തിൽ അങ്ങിനെ കഴികയില്ല.'

വണ്ടി മുന്നോട്ടു പോയി. ആ തെരുവു ജ്യോതിക്ക് അന്ധകാരമയമായി തോന്നി. അയാളുടെ ഹൃദയം ശൂന്യപ്രായവുമായി. അയാൾക്ക് എന്തു പററി? ഇത് ഒരു ചക്ഷൂരാഗമാണോ? അവൾ അങ്ങിനെ ഒരു വികാരോദ്ദീപനത്തിനു തക്ക സൗന്ദര്യമുള്ളവൾ തന്നെ. ബങ്കാളിവേഷത്തിൽ അവളുടെ രൂപം ദേവതാസദൃശമായിരുന്നു. എത്ര മധുരമാണവളുടെ ആലാപം; എങ്കിലും ചാപല്യാതപം കണികപോലും സ്ഫുരിക്കുന്നില്ല.

റംഗൂണിലെ തെരുവുകൾ ദിവാസ്വപ്നത്തിനു പററിയ സ്ഥലമല്ല. മൂന്നോ നാലോ റിക്ക്ഷാക്കാർ ജ്യോതിയുടെ മുമ്പിലെത്തി 'എന്റെ' 'എന്റെ' എന്നു തുടങ്ങി. പിന്നാലെ ഒരു വണ്ടിയും എത്തി ഉറക്കെ വിളിച്ചു. ജ്യോതി ഒരു റിക്ക്ഷയിൽ കയറി യാത്രയുമായി. കാർത്തിക് ഇതുവരെ തിരിച്ചെത്തിയില്ല. ജ്യോതി ഡ്രസ്സുമാറി ഒരു ചാരുകസേരയിൽ കിടന്ന് മ

നോരാജ്യങ്ങൾക്കു യഥേഷ്ടം വിളയാടുവാനുള്ള ഒരു കോമരമായിത്തീർന്നു. അവൻ ഉപയോഗിച്ചിരുന്ന ഒരു സിഗററു് വായിൽനിന്നും താഴെ വീണു പോയതു പോലും അയാൾ അറിഞ്ഞില്ല.

അവളെ ഒന്നു കാണുവാൻ ജ്യോതി ഒരുക്കമാണോ. അവൾ എന്തു പറയും? മായയും അതുരകത്ത തന്നെയോ? മാസഖീന എന്ന പേർ ജ്യോതിക്കു് അശേഷം രുചിക്കുമോ? എങ്കിലും മായ എന്ന പേർ വിരോധമില്ലല്ലോ. നാളെ അവൾക്കു് എന്തെങ്കിലും ഒരു സമ്മാനം കൊടുക്കുന്നതായാൽ അവൾ തന്നെക്കുറിച്ചു് എന്തു വിചാരിക്കുമോ?

കാത്തിക്ക് ഒരു ചുമയോട്ടുകൂടി അകത്തു പ്രവേശിച്ചു. അതിനാൽ ജ്യോതിയുടെ ചിന്താഗതിക്കു ഭംഗം നേരിട്ടു. അവൻ തൻെറ സക്കീട്ടുവഴി ഒരു മൂലയിൽവച്ചു് കോട്ട് ഊരുവാനാരംഭിച്ചു. 'വന്നിട്ടു് അധികനേരമായോ?' എന്നു മാത്രം ചോദിച്ചു.

ജ്യോതി:- 'ഓ ഹോ, എത്രനേരമായി' എന്നു പറഞ്ഞു് ഒരു സിഗററു കത്തിച്ചു.

കാത്തി:- എന്തൊക്കെയാണു വിശേഷം? സംസാരവിഷയമെന്തായിരുന്നു?

കാത്തികേയനെ പൂർണ്ണമായി വിശ്വസിക്കരുതെന്നു് ജ്യോതി ഉറച്ചിരുന്നു. 'ഒന്നുമില്ല. രൂപ തിരിച്ചുതന്നു. അവൾ പോകയും ചെയ്തു.'

കാത്തികേയൻ ഇതു് അശേഷവും വിശ്വസിച്ചില്ല. 'അത്രെ ഉള്ളോ? അവളുടെ അഡ്രസ്സ് തന്നില്ലേ.'

ജ്യോതി എഴുന്നേററിരുന്നു. സിഗററിൻെറ പുക വത്തുളാകൃതിയിൽ മേല്പോട്ടു വിട്ടുംകൊണ്ടു്:- 'എങ്ങോട്ടാണു യാത്ര; ഞാനും അറിയട്ടെ.'

ജ്യോതിയുടെ ഗൗരവഭാവം കണ്ടു് കാത്തികേയൻ അല്പമൊന്നു പതുങ്ങി. 'ദേഷ്യപ്പെടാതെ, ഒരു ചങ്ങാതിയുക്കു് നിങ്ങളുടെ ഭാഗഭാക്കാകുവാൻ മോഹമുണ്ടാവുകയില്ലേ.'

ജ്യോതി മൗനമവലംബിച്ചു. ജ്യോതി സംഭാഷണവിഷയംതന്നെ മാററി.

അടുത്ത ദിവസം കാത്തികേയൻ ഒരു വിധത്തിലും ഉപദ്രവകാരിയായില്ല. അയാളുടെ അവധി കഴിഞ്ഞതുകൊണ്ടു് പത്തുമണിക്കുതന്നെ ജോലിക്കുപോയി.

ജ്യോതിയും ആഹാരം കഴിഞ്ഞു സക്കീട്ടുപോകുവാനുള്ള ഒരുക്കമായി. അയാൾ കുറെ പണവുംകൂടി എടുത്തു. മായയ്ക്കു് എന്തെങ്കിലും ഒരു പാരി

തോഷികം കൊടുക്കണം. ആ ഒരു രൂപ തിരിച്ചുകൊടുത്തതു ജ്യോതിക്കു സങ്കടമായി. അതിനാൽ പത്തിരുട്ടി വിലയുള്ള ഒരു സാധനം കൊടുക്കണമെന്ന് അയാൾ ഉറച്ചു.

എന്താണു വാങ്ങേണ്ടതെന്ന് അയാൾക്കു തന്നെ നിശ്ചയമില്ല. ഈ വഴികളുള്ള പരിചയംതന്നെ അയാൾക്കില്ലല്ലൊ. കാർത്തികിനോടു ചോദിക്കാൻ പാടില്ല. അയാളുണ്ടായാൽതന്നെ ഈ കാര്യത്തിൽ ഒരു സഹായിയാകുമെന്നു തോന്നുന്നില്ല. ഒടുവിൽ ഒരു വലിയ കടയിൽ അയാൾ കയറി. അതിൻെറ മുമ്പിൽ കുറെ നേരം നിന്നതുകൊണ്ട് ആവശ്യമുള്ളതു് എന്തുമവിടെ കിട്ടുമെന്നയാൾ കണ്ടു. അവിടത്തെ വില്പനക്കാരിയായ ഒരു യുവതി മുന്നോട്ടുവന്നു. "എന്താണാവോ വേണ്ടതു്."

ഉടനെ ജ്യോതിക്ക് ഒരു ബുദ്ധി തോന്നി. ഇവളോടുതന്നെ ചോദിച്ചാലെന്തു്? അവൾക്കറിയാം. പക്ഷെ ഇതത്ര കാര്യമായി എണ്ണുകയുമില്ല.

അല്പം സംശയിച്ചു് ഒടുവിൽ:- എൻെറ സുഹൃത്തായ ഒരു മാന്യയുവതിക്ക് ഒരു സമ്മാനം കൊടുക്കണം. അതു് എന്തായിരിക്കണമെന്നു നിർദ്ദേശിക്കാമോ?

യുവതി ഒന്നു മന്ദമായി ചിരിച്ചു:- അവൾ ഒരു യുവതിയെങ്കിൽ ചോക്ക്ലററ് വാങ്ങി കൊടുക്കണം.

ജ്യോതി അതങ്ങിനെ തന്നെയെന്നുറച്ചു. അവിടെയുള്ളതിലധികം വിലയുള്ള ഒരു പെട്ടി എടുത്തു. മായ ജോലിചെയ്യുന്ന സ്ഥലം അയാൾ കണ്ടു. ആ തെരുവിൽ അതൊരു വലിയ ഷാപ്പു തന്നെ. വണ്ടിയിൽനിന്നും താഴെ ഇറങ്ങി. വാച്ചെടുത്തു നോക്കിയപ്പോൾ ഇനിയും അഞ്ചു മിനിട്ടുണ്ടെന്നു കണ്ടു. ആ കടയിൽ കടന്ന് എന്തെങ്കിലും വാങ്ങുവാനുറച്ചു. അതിന് രണ്ടുദ്ദേശമുണ്ടായിരുന്നു. അഞ്ചു മിനിട്ട് ചിലവഴിക്കുന്നതിനു പുറമെ തൻെറ സാന്നിദ്ധ്യപ്രഖ്യാപനവും ചെയ്യാമായിരുന്നു.

അയാൾ മായയെ കണ്ടു. അവൾ എന്തോ ജോലിത്തിരക്കിൽ നിൽക്കയാണ്. വേറെ ഒരു യുവതി അടുത്തുവന്നു. കുറച്ചു വെള്ളപ്പട്ടു കൊണ്ടുവരുവാൻ ജ്യോതി ആജ്ഞാപിച്ചു. മൂന്നുനാലുതരം പട്ടുമെടുത്തു് അവൾ ഹാജരായി. അതിൽനിന്നും ഒരിനം ജ്യോതിക്കു സമ്മതമായി. അതിൽനിന്നും മൂന്നു വാറ വാങ്ങിച്ചു. പുറത്തേക്കിറങ്ങിയപ്പോൾ അയാൾ മായയെ ഒന്നു നോക്കി. അവളുടെ ജോലിയും അവസാനിച്ചിരുന്നു.

ജ്യോതി:- എൻെറ വണ്ടിയുണ്ട്. നമുക്കെവിടേക്കാണു പോകേണ്ടതു്.

മായ അല്പം ലജ്ജയോടെ:- ഞാൻ നിങ്ങളൊന്നിച്ചു വണ്ടിയിൽ കയറി

യാൽ പലതും കാണും. ഒടുക്കം പരിഹാസമാകും.

ജ്യോതി:- എന്നാൽ പിന്നെ എന്തുവേണം. വണ്ടിക്കാരനെ അയക്കട്ടെ.

മായ:- വേണ്ട; വേണ്ട. ഇത്തവണ ഇങ്ങിനെയാകട്ടെ. ഇവിടെ അടുക്കെ ഒരു ചൈനാഷാപ്പുണ്ട്. നമുക്കങ്ങോട്ടു പോകാം.

അവർ രണ്ടുപേരും വണ്ടിയിൽ കയറി. മായ വണ്ടിക്കാരനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു.

ജ്യോതി:- നിങ്ങൾക്ക് എൻെറ വക ഒരു പാരിതോഷികമുണ്ട്.

മായ:- അതെന്താണ്? ഞാൻ ഒന്നു കാണട്ടെ.

ജ്യോതി പെട്ടി എടുത്തു.

മായ:- വളരെ ഭംഗിയായിരിക്കുന്നു. എന്തിനാണിങ്ങനെ പണം ചിലവുചെയ്യുന്നതു്?

ജ്യോതിക്കു പലതും പറവാനുണ്ടായിരുന്നു. എല്ലാം തല്ക്കാലം ഒതുക്കി.

അവർ ചായക്കടയിൽ വർത്തമാനവും പറഞ്ഞിരുന്നു. മായക്ക് ബംഗാളവും ബംഗാളികളും പ്രിയതരങ്ങളാണ്. അവൾക്ക് അവരെക്കുറിച്ചു പലതും അറിവാനുണ്ട്.

മായ:- നിങ്ങൾ കുറച്ചുകാലം ഇവിടെ താമസിക്കുമെങ്കിൽ ഞാൻ ബംഗാളി പഠിക്കുമായിരുന്നു.

ജ്യോതി:- ഞാൻ തിരിച്ചു പോകുവാൻ അത്രബദ്ധപ്പെടുന്നില്ല.

ഒരു മണിക്കൂർ അര നിമിഷമെന്നപോലെ കഴിഞ്ഞുകൂടി. മായ പെട്ടെന്ന് എഴുനേററു. "സമയമായി എനിക്കു പോകണം."

ജ്യോതി: നാളെ ഞാനെപ്പോൾ വന്നാൽ കാണാൻ സൗകര്യമുണ്ടാകും.

മായ അല്പം വിഷമിച്ചിട്ട്:- ദയവുണ്ടാകണേ. നാളെ വരരുതു്. ദിവസവും നിങ്ങൾ ഇങ്ങനെ വന്നുകൊണ്ടിരുന്നാൽ ആളുകൾ വല്ലതുമൊക്കെ പറയും. സൗകര്യമുള്ളപ്പോൾ ഞാൻ നിങ്ങളെ വിവരം ധരിപ്പിക്കാം.

ജ്യോതി നിഷ്ഠുരണം ഹതനായി. മായ അയാളുടെ മുഖം സൂക്ഷിച്ചു്... നിങ്ങൾ ഇവിടെ കുറച്ചുകാലംകൂടി താമസമുണ്ടല്ലോ. നമുക്കിനിയും കാണാം.

ജ്യോതി നേരെ വീട്ടിലേക്കു തിരിച്ചു. അവൻ ഈ സംഗതികളെ

ല്ലാം ഓർത്ത് അത്ഭുതപരവശനായി. ഇങ്ങനെ ഒരു ആവേശത്തിൽ താൻ അകപ്പെട്ടുമെന്ന് അയാൾ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ഇതിൻെറയെല്ലാം പരിണാമമെന്ത്? അവസ് എന്നെന്നും ഇവിടെ താമസിക്കാൻ സാധിക്കുമോ? മായ അവനെ വരിക്കുമെങ്കിൽ അയാൾ നിശ്ചയമായി കൽക്കട്ടയ്ക്കു് അവളെ കൊണ്ടുപോകും. പക്ഷെ അയാളുടെ അമ്മ ജീവിച്ചിരിക്കുന്നിടത്തോളം ഇതു് അസാദ്ധ്യം തന്നെ. ബന്ധത്തിൽ ഏർപ്പെട്ടു് അമ്മ ചാവുന്നതുവരെ കാക്കുന്നതു വിഷമം. അവ്യക്തമായ ഒരു വ്യവസ്ഥകൊണ്ടു് മായ തൃപ്തിപ്പെടുമോ? ബംഗാളികളെത്തന്നെ അവൾക്കു വിശ്വാസമില്ല. വിവാഹം നടക്കുമെന്നു വച്ചാൽതന്നെ അതെങ്ങിനെ നടത്തും. ഈ കാലത്തു ശുദ്ധി എന്നൊരു വ്യവസ്ഥയുണ്ടു്. മായയുടെ അച്ഛനാരെന്നറിഞ്ഞിരുന്നു എങ്കിൽ ബ്രാഹ്മണപുരോഹിതന്മാർക്കു കുറെ പണം കൊടുത്തു് ഇവളെ ഹിന്ദുമതത്തിൽ ചേർക്കാം.

ഇതൊന്നുംതന്നെ രഹസ്യമായി നടത്തുവാൻ സാധിക്കയില്ല. ഇതിൻെറ വല്ല സൂചനയും ആ വൃദ്ധ അറിഞ്ഞാൽ കഥയെല്ലാം മാറും. ജ്യോതിയുടെ കഥ തന്നെ പരുങ്ങലിലാകും.

കാർത്തികേയൻ ആഫീസിൽ നിന്നും തിരിച്ചുവന്നപ്പോൾ രണ്ടുപേരും കൂടി ചായ കഴിഞ്ഞു ഷിഡാഗൽപെഗോഡയിലേക്കു് യാത്ര തിരിച്ചു. അയാൾ എപ്പോഴും മറെറാരു ലക്ഷ്യത്തെ ചിന്തിച്ചുതന്നെ യാത്ര ചെയ്തു. മായയുടെ അമ്മയോടു് ഇടക്കിടെ ജ്യോതി മനസാ കോപിക്കും. അവൾ എന്തിനാണു ബങ്കാളികളെ ഇങ്ങിനെ വെറുക്കുന്നതു്. അല്ലെങ്കിൽ അവിടേക്കു പോകാമായിരുന്നു. വൃദ്ധകൾ ലോകത്തിൽ അഹിതമുണ്ടാക്കുവാനുള്ള സൃഷ്ടികളാണു്.

അടുത്ത ദിവസവും മായയുടെ സന്ദേശത്തെ പ്രതീക്ഷിച്ചു് ജ്യോതി അക്ഷമനായി. അതു പോസ്റവഴിയോ കൈവഴിയോ വരുന്നതു്. കാർത്തികേയൻ അതു കണ്ടാൽ ചിലതൊക്കെ നിശ്ചയിക്കും, എങ്കിലും ചില ഒഴികഴിവുകൾ ആലോചിച്ചു വച്ചിട്ടുണ്ടു്.

അങ്ങിനെയിരിക്കെ പോസ്റവഴി ഒരെഴുത്തു വന്നു. അന്നു കാർത്തിക്കും കുറെ എഴുത്തുകളുണ്ടായിരുന്നു. അതിനാൽ ഇതിൽ ശ്രദ്ധിപ്പാൻ അയാൾക്കു സൗകര്യമുണ്ടായിരുന്നില്ല. "കൽക്കട്ടാകത്താണോ" എന്നു മാത്രം അയാൾ ചോദിച്ചു.

ജ്യോതി: അതെ.

കാർത്തികേയൻ സ്വന്തം ജോലിയിൽ നിമഗ്നനായിരുന്നു.

മായയുടെ എഴുത്ത് ശുഭോദർക്കമായിരുന്നു. ജ്യോതി അഞ്ചു മണിക്ക് ആഫീസിലെത്തുമെങ്കിൽ തന്റെ സ്വഗൃഹത്തിലേക്ക് അയാളെ കൂട്ടിച്ചുകൊണ്ടുപൊയ്ക്കൊള്ളണമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അവളുടെ അമ്മയെ എങ്ങിനെയൊ സമ്മതിപ്പിച്ചു.

ജ്യോതി മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളുവെങ്കിൽ അയാൾ ഒരു സന്തോഷനൃത്തം തുടങ്ങുമായിരുന്നു. കാർത്തി അവിടെ ഉണ്ടായിരുന്നതുകൊണ്ടും അയാൾ വല്ലതും ചോദിച്ചെങ്കിലോ എന്നു ഭയപ്പെട്ടിട്ടും ജ്യോതി പുറത്തേക്കിറങ്ങിപ്പോയി. അടുത്ത പ്രഭാതത്തിൽ താനും മായയും കൂടി ഒരു സമുദ്രയാത്രാസുഖം അയാൾ സ്വപ്നം കണ്ടു.

"കമ്പി, കമ്പി, സർ." എന്നൊരു ബർഭരശബ്ദം അയാളുടെ ചെവിയിൽ മുഴങ്ങി.

കാർത്തികേയനും ജ്യോതിയും ഒന്നിച്ച് പടിവാതുക്കൽ എത്തി. കാർത്തി മഞ്ഞക്കവർ കയ്യിൽ എടുത്തു മേൽവിലാസം നോക്കി. ഇതു് നിങ്ങൾക്കുള്ളതാണെന്നും പറഞ്ഞു

ഒരു ദുശ്ശകുനശങ്ക ജ്യോതിയുടെ മനസ്സിനെ ബാധിച്ചു. കവർ തുറന്നു് സന്ദേശം കയ്യിലെടുത്തു. അവന്റെ അമ്മ അപകടസ്ഥിതിയിൽ രോഗശയ്യയെ അവലംബിച്ചിരിക്കുന്നു. ഉടൻ പുറപ്പെടണമെന്നതു വായിച്ചപ്പോൾ എഴുത്തു താനെ കയ്യിൽനിന്നു വീണുപോയി. കാർത്തി അതെടുത്തു വായിച്ചു. ജ്യോതിയെ നോക്കി ഇങ്ങിനെ പറഞ്ഞു. "വയസ്സായാൽ ദീനം വരും. ഇതുവല്ലതും പരിഭ്രമിക്കാറുണ്ടോ?"

ജ്യോതി പിന്നെയും മൗനമവലംബിച്ചു നില്ക്കുന്നതു കണ്ടു് കാർത്തി:- ചങ്ങാതി! സ്വന്തമാതാക്കൾതന്നെ കാലഗതിക്ക് അടിമപ്പെട്ടാൽ നാം എന്തുചെയ്യും. ഇവർ നിങ്ങളുടെ പൊറമ്മയല്ലല്ലൊ. നിങ്ങൾക്ക് അവരോടു വലിയ സ്നേഹവും മുമ്പുണ്ടായിരുന്നില്ല. ഈ വർത്തമാനം കേട്ടപ്പോൾ സ്നേഹം വല്ലാതെ ബാധിച്ചുപോയോ?

ജ്യോതി:- ഞാൻ എന്തു കുഴപ്പത്തിലാണെന്നു് നിങ്ങൾക്കറിഞ്ഞുകൂട.

കാർത്തി:- എന്താ കുഴപ്പം. ഇന്നു നിങ്ങൾക്കു പോകാൻ സാധിക്കയില്ല. അല്ല നിർബന്ധമെങ്കിൽ മേൽതട്ടവലംബിക്കണം. അടുത്ത സ്റ്റീമറിൽ പോകാം. വേണമെങ്കിൽ ഞാൻ ബുക്കിങ്ങ് ആഫീസുവരെ പോകാം. ഒരു ഫസ്റ്റ് ക്ലാസ് ടിക്കററു വാങ്ങാമെങ്കിൽ ഒരു പ്രത്യേകകപ്പലുണ്ടു്; അതിൽ പോകാം.

ജ്യോതി: എന്നെ ഇവിടെ നിന്നു പറഞ്ഞയക്കാൻ നിങ്ങൾക്കിത്ര ബദ്ധ

പ്പാടെന്താണാവോ? ഒരാഴ്ചക്കൂടി ഇവിടെ താമസിക്കാൻ ഇടകിട്ടിയാൽ എൻെറ പകുതി സ്വത്ത് ഞാൻ ചിലവഴിക്കും.

ഇതിനുശേഷം അയാളുടെ കഥകൾ കുറച്ചുകുറച്ചായി മുഴുവനും വെളിയിൽ ചാടി. കാർത്തികേയൻ മുഴുവൻ സംഗതികളുമറിഞ്ഞു.

കാർത്തി:- കൊള്ളാം തന്നത്താൻ ചെന്ന് ഒരു കുടുക്കിൽ ചാടിയല്ലൊ. മിടുക്കൻ!! ഇനിയെന്താണു ഭാവിച്ചിരിക്കുന്നത്? വാക്കു കൊടുത്തുവോ?

ജ്യോതി:- അധികമൊന്നും പറയാനില്ല. അവൾക്ക് എൻെറ ഹൃദയവും എനിക്ക് അവളുടേതും സ്വാധീനമാണ്. ഇനി നിങ്ങൾക്കു വല്ലതും ഉപദേശിക്കാൻ കഴിയുമോ? ഞാൻ ഇനി എന്തു ചെയ്യണം.

കാർത്തി:- എനിക്കൊന്നു് മറിഞ്ഞുകൂട. ഇങ്ങിനെ ഒരു പ്രണയപരീക്ഷയ്ക്കു ഞാൻ ചേർന്നിട്ടില്ല. വിവേകപൂർവം ആലോചിക്കേണ്ട ഒന്നാണിതു്. കഴിയുമെങ്കിൽ ഒഴിഞ്ഞുകളയു. ഞാൻ ഈ വീട് ഉപേക്ഷിച്ചേക്കാം. ഇവിടെയുള്ള ജനങ്ങൾക്ക് ഒന്നിനോടും ഒരു ബന്ധവുമില്ലാത്തവരാണ്. കുട്ടികളെതന്നെ കുത്തിക്കൊലയാണ്. ഇവരുടെ ഒരു കൂട്ടം എനിക്കില്ല.

ജ്യോതിയുടെ മുഖം ചുവന്നു. എന്നെ ഒരു നീചനായിട്ടാണോ നിങ്ങൾ ഗണിച്ചിരിക്കുന്നത്. ഇതുതന്നെ ഒരു ചതിയാണ്.

കാർത്തി:- ഇഷ്ടംപോലെ ചെയ്യാം. കഴിയുന്നതും ആ കൂട്ടുകെട്ട് ഉപേക്ഷിക്കുന്നതാണു നല്ലതു്. ആ വികാരത്തെ ജയിക്കാൻ നിങ്ങൾക്കു സാധിക്കയില്ലെ.

ജ്യോതി:- എന്നെ ഇപ്പോൾ വീണ്ടും പറഞ്ഞതുകൊണ്ട് ഒരു ഫലവുമില്ല. ചെയ്തതു ചെയ്തുപോയി. ഇന്ന് അവിടെചെന്ന് എല്ലാം തുറന്നു പറഞ്ഞേക്കാം. അവളെ വിവാഹം ചെയ്യുന്നതിനു ഞാൻ ഇപ്പോൾ സ്വതന്ത്രനല്ല. അവൾ എനിക്കുവേണ്ടി കുറെ കാലം ക്ഷമിക്കുമെങ്കിൽ ഞാൻ പോയി വന്നിട്ട് വിവാഹം ചെയ്യാം. അപ്പോഴേക്കും വൃദ്ധ മരിക്കും. ഏതായാലും ഇന്നത്തെ കപ്പലിൽ ഇല്ല.

കാർത്തി:- സ്ത്രീകളെ നല്ലപോലെ അറിയുമോ? അവൾ അത്രവളരെ താമസിക്കുമെന്നു തോന്നുന്നില്ല.

ജ്യോതി:- അവൾക്കു സമ്മതമില്ലെങ്കിൽ വേണ്ട. ഞാനൊരിക്കലും ചതിക്കണമെന്നു വച്ചിട്ടില്ല.

കാർത്തി:- ശരി, ഞാൻ നിങ്ങളുടെ കാര്യം ഒന്നും പറയുന്നില്ല.

ജ്യോതിക്ക് അനാത്തെ കഥ മുഴുവനും ദുസ്വപ്നം തന്നെ. അവൻ ചിന്തിച്ചു ചിന്തിച്ചു വിഷമിച്ചു. ആ യുവതിയോട് എന്തു പറയുവാനാണ് അയാൾ ഭാവിക്കുന്നതു്. അവൾ ഇയാളെ കാത്തു വളരെ നാൾ കഴിയുമോ? ആർക്കറിയാം. ഒട്ടു വൈകാറായപ്പോൾ ജ്യോതി യാത്രക്കൊരുങ്ങി. അഞ്ചടിക്കാൻ ഇനിയും ഒരു മണിക്കൂർ ഉണ്ട്. വീട്ടിൽ കഴിഞ്ഞുകൂടുന്നതു് അസാദ്ധ്യം.

മായ ജ്യോതിയെ കണ്ട ഉടനെ പുറത്തുവന്ന് ഇങ്ങനെ പറഞ്ഞു:- "എനിക്ക് അര മണിക്കൂർ അവധി കിട്ടി. വണ്ടി എന്തിനാ നിറുത്തിയിരിക്കുന്നതു്. പണച്ചിലവല്ലെ."

ജ്യോതി:- നിങ്ങൾക്കുവേണ്ടി ഞാൻ അധികച്ചിലവു ചെയ്യും.

മായ വളരെ അടുത്താണു താമസിച്ചിരുന്നതു്. ഒരു വലിയ കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിൽ ഒരു ചെറിയ സ്ഥലമാണ് ഇവർ എടുത്തിരുന്നതു്.

രണ്ടുപേരും കൂടി മുകളിലോട്ടു കയറി ചെന്നപ്പോൾ രണ്ടുമൂന്നു കുട്ടികൾ അവിടെ ഉണ്ടായിരുന്നു. ജ്യോതി അപരിചിതനായിരുന്നതുകൊണ്ട് ആ കുട്ടികൾ പരിഭ്രമിച്ചു.

ജ്യോതി:- ഈ കുട്ടികളേതാ.

മായ:- എന്റെ സഹോദരന്മാരും സഹോദരിയുമാണ്. മൂത്തവൻ സ്കൂളിൽ പോകുന്നുണ്ട്. മററു രണ്ടുപേരും വീട്ടിൽ താമസിച്ച് ദുസ്സാമർത്ഥ്യവും കുസൃതിയും കാണിച്ചു കഴിഞ്ഞുകൂടുന്നു.

പുറഭാഗത്തുള്ള മുറി വിശാലമത്രെ. പിന്നെ ഒരു ചെറിയ മുറിയും അടുക്കളയുമുണ്ട്. ആദ്യത്തെ മുറി ഉപകരണസമ്പൂർണ്ണവും ശുചിത്വമുള്ളതുമാണ്. ഒരു സാമ്പത്തികനില ഇവർക്കുണ്ടായിരുന്നു എന്ന് ഏവനും തോന്നും.

മായ:- ഇരിക്കു, ഞാൻ പോയി അമ്മയെ വിളിക്കാം.

കുട്ടികൾ അതിനു മുമ്പു തന്നെ റിപ്പോർട്ടു ചെയ്തുകഴിഞ്ഞു. ഒരു പ്രൗഢയായ സ്ത്രീ മായയുമൊന്നിച്ചു വന്നു. അവരുടെ ആകൃതി ഒരു കാലത്തു് സുന്ദരമായിരുന്നു എന്നു തോന്നും. ഇപ്പോൾ ശരീരം അല്പം തടിച്ചിട്ടുണ്ട്.

മായ:- ഇവർ എന്റെ അമ്മയാണ്. ഇംഗ്ലീഷ് അറിഞ്ഞുകൂട. എ

ങ്കിലും ഹിന്ദി നല്ലപോലെ വശമാക്കീട്ടുണ്ട്.

ഇവക്ക് ജ്യോതിയോടു സംസാരിക്കണമെന്ന മോഹംതന്നെ ഉണ്ടായിരുന്നില്ല. തറവാട്ടുമയ്യാദക്കു വേണ്ടതു് ചിലതെല്ലാം ചെയ്തിട്ടു ആ സ്ത്രീ അകത്തേക്കു പോയി. മായയും ജ്യോതിയും സംസാരിച്ചുകൊണ്ടിരുന്നു. കുട്ടികഠം ചില കുസൃതിയും ചെയ്തുകൊണ്ട് അവിടെ കൂടി.

അല്പസമയം കഴിഞ്ഞതപ്പോഠം മൂത്ത കുട്ടി പലഹാരവും ചായയും കൊണ്ടുവന്നു.

ജ്യോതി:- നിങ്ങളും ധാരാളച്ചിലവിൽ എന്നേപ്പോലെ തന്നെ. പിന്നെ എന്തിനാ എന്നെ കുററപ്പെടുത്തിയതു്.

മായ:- ഇതൊരു വേണ്ടാത്ത ചിലവാണോ? ഒരു വീട്ടുലോഹ്യം എന്നു മാത്രം. വെറുമൊരന്യൻകൂടി ഇങ്ങിനെ ചെയ്യേണ്ടതല്ലേ.

ജ്യോതി ഇരുന്ന ദിക്കിൽനിന്ന് താനറിയാതെതന്നെ അല്പംകൂടി അടുത്തു. 'ഞാൻ അപരിചിതനേക്കാഠം കുറച്ചുകൂടി അടുപ്പമുള്ളവനാണല്ലെ'

മായ ലജ്ജകൊണ്ടു തല താഴ്ത്തി:- അതു നിങ്ങഠംക്കുതന്നെ അറിയരുതേ.

ജ്യോതി മായയുടെ മൃദുലകോമളമായ കൈ സാഹസ്സംകൊണ്ട് പിടിച്ചൊന്നമത്തി. അവഠം അതിന് അശേഷവും വിസമ്മതം കാണിച്ചില്ല ക്ഷണനേരത്തിനകം മൗനമായി പ്രതിനിവത്തിച്ചു.

ജ്യോതി അവളെ സൂക്ഷിച്ചൊന്നു നോക്കി. തൻെറ ഹൃദയം അയാഠം നോട്ടത്തിൽ തുറന്നുവച്ചിരുന്നു. അയാഠം അല്പം ഉദ്വേഗത്തോടെ:- നിങ്ങഠം എൻേറതായിരിക്കുമോ.?

മായ മുഖം താഴ്ത്തി മൗനമായി നിന്നു:- എല്ലാ കാര്യവും നല്ലപോലെ ആലോചിച്ചിട്ടു മതി. നിങ്ങളുടെ ബന്ധുക്കഠംക്കിതു് ഇഷ്ടമാകുമോ?

ജ്യോതി:- നിങ്ങളുടെ സമ്മതത്തെക്കാഠം അവരുടെ അനിഷ്ടത്തെ ഞാൻ ആദരിക്കയില്ല.

മായ:- എനിക്കു സമ്മതമാണ്. ഒരു കാര്യം എനിക്കു തുറന്നു പറവാനുണ്ട്. എൻെറ അമ്മ ഇതു പൂണ്ണമായി അനുവദിക്കുമെന്നു തോന്നുന്നില്ല. അതിനാൽ വിവാഹം ചെയ്താൽ എന്നേക്കൂടി ബങ്കാളിലേക്ക് കൊണ്ടുപൊയ്ക്കൊള്ളണം. എന്നെ ഇവിടെ താമസിപ്പിച്ചിട്ട് അങ്ങു പോകരുതു്.

ജ്യോതി: നിങ്ങളെ ഇവിടെ ഇങ്ങിട്ട പോകുവാൻ ഞാൻ ശക്തനല്ല. വിവാഹം നടന്നാൽ ഉടനെ ഞാൻ കൊണ്ടുപോകതന്നെ ചെയ്യും.

മായയുടെ മുഖം ആഗ്രഹംകൊണ്ട് ഒന്നു വികസിച്ചു.

അവൾ:- താമസം എത്ര വേണ്ടിവരും?

ജ്യോതി:- ഞാനെല്ലാം നിങ്ങളോട്ട തുറന്നു പറയാം.

'നിങ്ങളുടെ അമ്മയെപ്പോലെ തന്നെ എനിക്കും ഒരു അമ്മയുണ്ട്. അവർ ഇക്കാലത്ത് ആസന്നമരണയെന്നു ഞാൻ അറിയുന്നുണ്ട്. ഇന്നലെ ആ വിവരത്തിനൊരു കമ്പി കിട്ടിയിട്ടുണ്ട്. ഞാൻ നാളെ പോകും. എന്നു ഞാൻ സ്വതന്ത്രനാകുമോ അന്നു തിരിച്ചുവന്നു നിങ്ങളെ വിവാഹം ചെയ്യും. ഉടനെ നമുക്ക് കല്ക്കട്ടയ്ക്കു പോകയും ചെയ്യാം. അവിടെച്ചെന്നു നിങ്ങളെ ഒരു ഹിന്ദുവാക്കുന്നതിന് എന്തെല്ലാം ചെയ്യുന്നമോ അതെല്ലാം അനുഷ്ഠിക്കും. ഇവിടെയുള്ളവരെ നിയമങ്ങൾ അസ്വതന്ത്രരാക്കീട്ടില്ല. ഞാൻ നിങ്ങളോട്ട് അവിശ്വാസമായോ നിഷ്ഠരമായൊ പെരുമാറുകയില്ലെന്ന് എത്ര വിശ്വാസമുണ്ടെങ്കിലും അങ്ങിനെ ഒരു ശങ്കയ്ക്ക് ഇവിടെ സംഗതി വരുത്തിക്കൂട.

മായ:- ഇതു സാദ്ധ്യമാണോ? അച്ഛൻവഴിക്ക് ഞാൻ അല്പബങ്കാളിയെ ആകുന്നുള്ളു.

ജ്യോതി: എന്തുകൊണ്ട്. ഇക്കാലത്ത് അങ്ങിനെയല്ലാതെ വല്ലതുമുണ്ടോ? യൂറോപ്യന്മാരെക്കൂടി ഹിന്ദുക്കളാക്കുന്നില്ലേ?

ഈ അവസരത്തിൽ മായയുടെ മാതാവ് ഇങ്ങോട്ടൊന്നു നോക്കി. ജ്യോതിക്ക് ഈ സൂചന നല്ലപോലെ മനസ്സിലായി. അവൻെറ സാന്നിദ്ധ്യം അത്ര സുഖമല്ലെന്നും തോന്നി. ഈ സമാഗമം അവസാനിപ്പിക്കണമെന്നും അവനു തോന്നാതിരുന്നില്ല. അവൻ:- നിങ്ങളുടെ അച്ഛൻെറ പേരോ കുടുംബപ്പേരൊ നിങ്ങൾക്കറിയാമോ?

മായ:- എനിക്ക് ഒന്നുമറിഞ്ഞുകൂട. ഞാൻ അമ്മയോട്ട ചോദിക്കാം. പക്ഷെ അദ്ദേഹത്തിൻെറ പേർപറഞ്ഞാൽ അമ്മയുടെ വിധം മാറും. ഇപ്പോൾതന്നെ അതറിയണമോ?

ജ്യോതി:- ഞങ്ങളുടെ വിവാഹത്തിന്ന് അതെല്ലാം അത്യാവശ്യമാണ്.

മായ താക്കോലെടുത്തു പെട്ടി തുറന്നു. അവൾ:- എൻെറ കൈയ്യിൽ ഈ ഫോട്ടോ മാത്രമെ ഉള്ളു. അമ്മയുടെ കൈയ്യിൽ കുറെ എഴുത്തുകൾകൂടിയുണ്ട്. അവകൂടി സ്വാധീനപ്പെടുത്താൻ ശ്രമിക്കാം.

ജ്യോതി ആ ഫോട്ടൊ വാങ്ങുവാൻ മുന്നോട്ടുവന്നു. പക്ഷെ അതു കണ്ട മാത്രയിൽ സമീപത്തുണ്ടായിരുന്ന ഒരു കസേരയിൽ അയാൾ ക്ഷീണിച്ചിരുന്നു. മായ അല്പം പരിഭ്രമിച്ചു. അയാളുടെ അടുക്കലേക്കു ചെന്നു.

മായ:- ഇതു എന്തു്? വല്ല സുഖക്കേടുമാണൊ?

ജോതി തൊണ്ടയിടറിക്കൊണ്ടു്:- ഈ ഫോട്ടൊ എൻെറ അച്ഛൻെറതാണു്. ഞാൻ അദ്ദേഹത്തിൻെറ പുത്രനാണു്. അതിനാൽ നിങ്ങൾ എൻെറ സഹോദരിയത്രെ. എനിക്കു നിങ്ങളെ വിവാഹം ചെയ്തുകൂട.

മായയുടെ മുഖം രക്തശൂന്യമായി. അവൾ സമീപമുണ്ടായിരുന്ന ഒരു കസേരയെ അവലംബിച്ചു. അല്പം ധൈര്യം സ്വീകരിച്ചു് ആ മുറിയിൽനിന്നും ത്വരിതപ്രയാണം ചെയ്തു.

ജ്യോതി ഒരു വിധത്തിൽ കോവണിയിറങ്ങി അവൻെറ വീട്ടിൽ എത്തി.

അടുത്തദിവസം മായ ജോലിചെയ്യുന്ന ആഫീസിനു സമീപം ഒരു യുവാവു് വിളറി വികൃതരൂപത്തിൽ നില്ക്കുന്നു. ആ യുവതി ഇനിയും അവിടെ എത്തിട്ടില്ല. ജാലകങ്ങൾ തുടച്ചു നന്നാക്കുന്ന ഒരു ഭൃത്യൻ പുറത്തുവന്നു് 'വല്ലതുമാവശ്യമുണ്ടൊ' എന്നു ചോദിച്ചു. ജ്യോതി തല കുലുക്കി.

അല്പം കഴിഞ്ഞപ്പോൾ മായയെത്തി. അവളിലും വൈവർണ്യം കാണപ്പെടുന്നുണ്ടു്. അവളുടെ കണ്ണുകൾ അപ്രകൃതമായി പ്രോജ്വലിക്കുന്നു. "ഇനി എന്താണു് നിങ്ങളുടെ ആവശ്യം. എന്നെ ഏകാന്തമായും ജീവിപ്പിക്കുകയില്ലെ."

ജ്യോതി തൊണ്ടയിടറിക്കൊണ്ടു്:- മായെ, നിങ്ങൾ എന്തിനാണു ദേഷ്യപ്പെടുന്നതു്. ഞാനും നിർഭാഗ്യവാൻ തന്നെ. എൻെറ ദുരിതമാണു വലുതു്. വിധിവാമം തന്നെ. ഈ നിസ്സാരമനുഷ്യൻ എന്തു ചെയ്യാൻ കഴിയും. ഞാൻ ഇങ്ങോട്ടു വന്നതു് നിങ്ങളെ ഒരു വിധത്തിലും ഉപദ്രവിക്കാനല്ല. എനിക്കൊരു ചോദ്യം നിങ്ങളോടു ചോദിക്കാനുണ്ടു്. ഞാൻ ഇന്നനുഭവിക്കുന്ന സമ്പത്തു് നിങ്ങൾ അനുഭവിക്കാനുള്ളതാണു്. ഞാൻ ഒരു തുക മാസംതോറും നിങ്ങൾക്കയക്കട്ടെ. എന്നാൽ ഇങ്ങനെ ജോലിക്കു പോകേണ്ട ആവശ്യമില്ലല്ലൊ.

മായ:- ഞാൻ ഒരിക്കലും ആവശ്യപ്പെടുന്നില്ല. നിങ്ങളുടെ വീട്ടിലെ സമ്പത്തു് എൻെറ വീട്ടിലേയ്ക്കുള്ള ഒരു ശാപമാണു്, ഞങ്ങൾ അതു തൊടുകയില്ല. നിങ്ങളുടെ അഭിമാനം അതിനുവേണ്ടി വിറവു. നമ്മുടെ ബന്ധ

ത്തിൻ ദൈവം ഒരു പ്രതിബന്ധവും സൃഷ്ടിച്ചിട്ടില്ല. അങ്ങ് എൻെറ സോദരനല്ല. ഈ പണം, അതിനോടുള്ള നിങ്ങളുടെ തൃഷ്ണ, ഒന്നു മാത്രമാണ് ഇപ്പോഴത്തെ തടസ്സം. പൊയ്ക്കോളൂ, വീണ്ടുമെന്നെ കാണ്മാൻ ശ്രമിക്കരുത്.

ജ്യോതി:- നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ. ഞാൻ നാളെ പോകും. നിങ്ങളെ ഒരിക്കലും കാണുകയില്ല.

ഇതൊരു ശനിയാഴ്ചയാണ്. കപ്പൽ കല്ക്കട്ടയ്ക്കു തിരിക്കുന്നതു അന്നാണ്. യാത്രക്കാർ ബന്ധുക്കളോടും സ്നേഹിതന്മാരോടും യാത്രപറയുന്നു.

ജ്യോതി അവിടെ ജനങ്ങളെ നോക്കി മിഴിച്ചു നില്ക്കുന്നു. അവൻെറ ഹൃദയം ശൂന്യവും ലോകം ഒരു മരുഭൂമി എന്നപോലെയും ആയി. ഒരു വലിയ ദശാപരിണാമം വന്നതുപോലെ അവനു തോന്നി.

ഉടനെ ജനതതിയിൽ മായയെ കാണുന്നപോലെ അവനു തോന്നി. അവൻ ആഗ്രഹത്തോടെ മുമ്പോട്ടാഞ്ഞു. പക്ഷെ ഇനി ഒരിക്കലും അവളെ കാണുവാൻ സാദ്ധ്യമല്ല.

കപ്പൽ ചലിച്ചുതുടങ്ങി. ബർമ്മയുടെ തീരം ക്രമേണ പ്രത്യക്ഷമായി.

# ഐതിഹ്യപരമ്പര.

## മാഞ്ഞാലി.

(ഒരു ചരിത്രാന്വേഷകൻ)

I

പണ്ടുപണ്ട് എന്നു പറഞ്ഞാൽ പരശുരാമൻ വെണ്മഴു എറിഞ്ഞു ദേശങ്ങളും സൃഷ്ടിച്ചു ബ്രാഹ്മണർക്കു ദാനം കഴിച്ചു കുറെ കഴിഞ്ഞപ്പോൾ ആലി എന്നു പേരുള്ള ഒരു ദിവ്യൻ കേരളത്തിൽ വന്നു. ശാസ്ത്രവാദത്തിലും ദിവ്യജ്ഞാനത്തിലും ആലി നമ്പൂരിമാരെ അതിശയിച്ചു. അനവധി ദിവ

സത്തെ അങ്കത്തിലും നമ്പൂരിമാർ തോല്ക്കുകതന്നെയാണുണ്ടായതു്. ഒടുവിൽ ഒരു താമരപ്പൂവെടുത്തു് ഒരു വാപ്പുകൊണ്ടു മൂടി അതിനകത്തു് എന്തെന്നു പറയണമെന്നു ആലിയോടാവശ്യപ്പെട്ടു. സംശയം കൂടാതെ അദ്ദേഹം അതിനകത്തു താമരപ്പൂവാണെന്നു പറഞ്ഞു. നമ്പൂരിമാർ അതിനകത്തു് പാമ്പാണെന്നു വാദിച്ചു. അവർ ചില വഞ്ചന ചെയ്തു് താമരപ്പൂവു മാററി ഒരു പാമ്പിനെ അകത്തടച്ചു. നിശ്ചിതദിവസം വാപ്പു തുറന്നപ്പോൾ കണ്ടതു പാമ്പുതന്നെ. ആലി ഈ വഞ്ചന ധരിച്ചു. 'ഈ നാക്ക് സത്യമേ പറഞ്ഞിട്ടുള്ളു. അതു നിങ്ങൾ വിശ്വസിക്കുന്നില്ലല്ലൊ. അതിനാൽ എനിക്കീ നാക്കു വേണ്ട. നിങ്ങൾ ഈ നാക്കിനെ എന്നെന്നും ആരാധിക്കുവിൻ' എന്നുപറഞ്ഞു നേരെ പടിഞ്ഞാറോട്ട് ഓടി നാവു പറിച്ചു് ഒരു മണപ്പുറത്തെറിഞ്ഞു. പിന്നെയും ഓട്ടം തന്നെ. ഒരു അഞ്ചു നാഴികകൂടി ഓടിയപ്പോൾ ആലി മാഞ്ഞുപോയി. അതാണ് മാഞ്ഞാലി. ശിവരാത്രിനാൾ മണപ്പുറത്തു് ജട വിരിച്ചു നൃത്തനം ചെയ്യുന്ന ആ സത്യമൂർത്തി (പരമശിവൻ) ആലിയുടെ നാവുമാണ്. (ആലിവായ്.) വാദം നടത്തിയ സ്ഥലം അങ്കമാലിയുമായി.

ഇതു് ഐതിഹ്യമെന്നു പറഞ്ഞാൽകൂടി ഇന്നു വകവയ്ക്കുന്നവരുണ്ടോ എന്നു സംശയമാണ്. യക്ഷികഥപോലെ ഒന്നായിട്ടേ ഇരിക്കുന്നുള്ളു.

അങ്കമാലി, ആലുവാ, ആലങ്ങാട്ട്, മാഞ്ഞാലി എന്നീ പ്രദേശങ്ങൾ തൊട്ടുതൊട്ടു കിടക്കുന്ന പ്രദേശങ്ങളാണ്. പെരിയാറു് മലയാററൂർ വരുന്നതുവരെ അത്ര പ്രസിദ്ധവുമല്ലായിരുന്നു. അവിടം കഴിഞ്ഞാൽ നല്ല ഒരു വലിയ നദിയായി പടിഞ്ഞാറോട്ടൊഴുകുന്നു. ആ പ്രദേശങ്ങളത്രെ മേല്പറഞ്ഞവയെല്ലാം. എല്ലാററിനോടും 'ആൽ' ശബ്ദം ചേർന്നു കാണുന്നുണ്ട്. അതിനു വെള്ളമെന്നർത്ഥവുമുണ്ട്. അപ്പോൾ മാഞ്ഞാലിയിൽ ചെല്ലുന്ന പെരിയാറ് സമുദ്രജലസമ്പർക്കംകൊണ്ട് ഉപ്പുവെള്ളമാകുന്നു എന്ന് അർത്ഥം പറയാമോ? എങ്ങിനെയെങ്കിലുമാകട്ടെ.

മാഞ്ഞാലിക്കു ചരിത്രത്തോടല്പം ചില ബന്ധമുള്ളതു് ഇവിടെ പറയണമെന്നേ ഇതിനുദ്ദേശമുള്ളു. ഡച്ചുകാർ കൊച്ചിയിൽ വന്നു താമസിച്ചുകൊണ്ടാണല്ലൊ ആയിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും പണി കഴിപ്പിച്ചതു്. ആ കാലത്തോ അതിനോടടുത്തോ അവർ മാഞ്ഞാലിയും സ്വാധീനമാക്കി. അവിടെ അവർ പ്രധാനമായി പുകയിലപാണ്ടികശാല സ്ഥാപിച്ചു. ആ പ്രദേശം പുകയിലകൃഷിക്കു പററിയ ദിക്കുമായിരുന്നത്രെ. ആ ദിക്കിൽ 'തോപ്പ്' എന്നു പേരുള്ള പല വീടുകളും ഇന്നും ഉണ്ട്. അവയെല്ലാം പുകയിലത്തോപ്പായിരുന്നവത്രെ. പെരിയാറു് ആലുവായിൽ വച്ചു രണ്ടു ശാഖകളായി പിരിഞ്ഞു വടക്കേ വഴിയിൽകൂടി പോകുന്നതു് ഈ പ്രദേശത്തുകൂടിയാണ്. അതിനാൽ ഇവിടം ഫലഭൂയിഷ്ഠമാകുന്നു. മാഞ്ഞാ

ലിക്ക് അൽപം വടക്ക് പുത്തൻവേലിക്കരയുടെ കിഴക്കെ അററമായി എളന്തിക്കരെച്ചൊവ്വുക്കയാണ്. ഇവിടെ ചാലക്കുടിയാറു വന്നു് പെരിയാറിനോടു ചേൎന്നു് പടിഞ്ഞാറോട്ടൊഴുകി ചേന്നമംഗലത്തിന്റെ വടക്കെ അതിരായി (ഇവിടെ ഇതിനു ചൂൎണ്ണിയാറു് എന്നു പറയുന്നു) കൊടുങ്ങല്ലൂർകോട്ടയെ സ്പർശിച്ചു കായലിൽ ചേരുന്നു. ആയിക്കോട്ട, കൊടുങ്ങല്ലൂർ കോട്ട, മാഞ്ഞാലി എന്നീ പ്രദേശങ്ങൾ ജലമാർഗ്ഗേണ സഞ്ചാരസൗകൎയ്യമുള്ളവയാണ്.

മാഞ്ഞാലി എന്നു് ഇന്നു പറയുന്ന സ്ഥലം ഒരു ചെറിയ കുന്നാണ്. അവിടെ ഡച്ചുകാർ പണിയിച്ച കെട്ടിടങ്ങളുടെ അവശിഷ്ടം ഇന്നും കാണ്മാനുണ്ട്.

ആറുവക്കിൽ നിന്നും ഏകദേശം നൂറു വാര പടിഞ്ഞാറോട്ടു മാറി ഇടിഞ്ഞും പൊളിഞ്ഞും കിടക്കുന്ന ഒരു കെട്ടിടത്തിന്റെ ഭിത്തി കാണ്മാനുണ്ട്. അതിന്റെ ശിൽപം തന്നെ പാശ്ചാത്യരീതിയെ അനുസരിച്ചാണ്. നേരെ കിഴക്ക് ആറുവക്കിൽ ഒരു ഗുഹ കാണ്മാനുണ്ട്. അതിന്റെ മുഖം ഒരു കൽപലകകൊണ്ടടച്ചിട്ടുമുണ്ട്. ഗുഹ ഈ കെട്ടിടത്തിലേക്കോ മററു വല്ലയിടത്തേക്കോ എന്നു് അറിവാൻ നിവൃത്തിയില്ല. ഈ സ്ഥലത്തുനിന്നും ഏകദേശം മൂന്നു മൈൽ വടക്കുപടിഞ്ഞാറായി വില്ലിയാർവട്ടത്തുസ്വരൂപം വാണിരുന്ന ചേന്ദമംഗലത്തിന്റെ കിഴക്കെ അററത്ത് കോട്ടക്കോവിലകം എന്നൊരു സ്ഥലമുണ്ട്. അവിടെയും ഒരു ബിലമുഖം കാണുന്നുണ്ട്. മാഞ്ഞാലിയിൽ നിന്നു മൂന്നു മൈൽ തെക്കുകിഴക്ക് ആലങ്ങാട്ടുകുന്നിലും ഒരു ഗുഹാദ്വാരം കാണ്മാനുണ്ട്. ഇവ പരസ്പരം സംബന്ധിച്ചിട്ടുണ്ടോ എന്നറിവാൻ നിവൃത്തി വന്നിട്ടില്ല.

ഈ കെട്ടിടത്തിന്റെ അവശിഷ്ടസ്ഥാനത്തുനിന്നു തെക്കുപടിഞ്ഞാറായി വൃത്താകൃതിയിൽ ഒരു കിടങ്ങുണ്ട്. അതിനു രണ്ടു കോൽ വീതി കാണും.

ആയിക്കോട്ടയും കൊടുങ്ങല്ലൂർകോട്ടയും ഡച്ചുകാരോടു കേശവദാസൻ വിലയ്ക്കു വാങ്ങിയ കാലത്ത് ഈ സ്ഥലംകൂടി ഉൾപ്പെട്ടിട്ടുണ്ടായിരിക്കണമെന്നു വിശ്വസിക്കാം.

മാഞ്ഞാലിക്കു പടിഞ്ഞാറുവശമായി ഊരകം എന്നൊരു പ്രദേശമുണ്ട്. തൃശ്ശിവപേരൂർ നിന്നു അഞ്ചു മൈൽ തെക്കുള്ള ഊരകം എന്ന സ്ഥലം മേൽപറഞ്ഞ ഊരകത്തുകാരായ നമ്പൂരിമാർ കുടികയറിയതാണെന്നു് ഒരു കഥയുണ്ട്.

രാജാ കേശവദാസൻ തുടങ്ങിവച്ച ധനാഗമമാർഗ്ഗങ്ങളിൽ ഒന്നു് കച്ചവടപ്രാധാന്യം വരുത്തുവാൻ ചെയ്ത ശ്രമമാണ്. അനന്തരകാലത്ത് ദളവാസ്ഥാനം സ്വീകരിച്ചിരുന്ന തമ്പിയും ആ വഴിയ്ക്കു വേണ്ട യത്നങ്ങൾ

ചെയ്തിട്ടുണ്ട്, ചങ്ങനാശ്ശേരി, മാഞ്ഞാലി എന്നീ രണ്ടു ദിക്കിലും ഓരോ ചന്ത ഏർപ്പെടുത്തി. ഡച്ചുകാരോടു വാങ്ങിയിരുന്ന മാഞ്ഞാലിക്കോട്ട ചന്ത സ്ഥാപിക്കുന്നതിന്ന് അത്യന്തം ഉപകരിച്ചു.

ചങ്ങനാശ്ശേരിയിൽ സ്ഥാപിച്ച ചന്ത ഇന്നും അത്യന്തം പ്രശസ്തമായിത്തന്നെ നടക്കുന്നുണ്ട്. മാഞ്ഞാലിച്ചന്ത ഇക്കാലത്തു് പറവൂർ ചന്ത എന്ന പേരിൽ സ്ഥലം മാറിയിരിക്കുന്നു. ഇപ്പോൾ കേവലം കുഗ്രാമമായി മാത്രം കിടക്കുന്ന ഈ പ്രദേശത്തു് ഒരു ക്രിസ്ത്യൻപള്ളിയും ഒരു മഹമ്മദൻ പള്ളിയും മാത്രം കാണ്മാനുണ്ട്. ജനങ്ങളിൽ അധികംപേരും മഹമ്മദീയരുമത്രെ. പറവൂർ താലൂക്കിൽ മന്നം, മാക്കനായി, മാഞ്ഞാലി ഈ പ്രദേശങ്ങളാണ് പൂർവകാലത്തു പ്രശസ്തരീതിയിൽ നിന്നിരുന്നതു്. ചരിത്രപ്രാധാന്യമുള്ള ഈ സ്ഥലങ്ങൾ ഇന്നാകട്ടെ തീരെ നിരാകൃതങ്ങളായിരിക്കുന്നു.

## ഭാവാഭാവം

(ലഘുപാടി)

(ജി. ശങ്കരൻ.)

നിമിഷംതോറുംരൂപംമാറുന്നമേഘത്തിൻനേ-
ക്കമിതോൽകണ്ടുംനോക്കിനോക്കിക്കൊണ്ടിരിക്കുമ്പോൾ
ഭാവവുമഭാവവുമവിഭാജ്യമായ്ചേന്ന-
താവണംജഗത്തെന്നുവാദിക്കയാണെൻമൗനം.

തളിരിൻചെംമാണിക്യംമാറവേപച്ചക്കല്ലായ്,
തെളിവററതുംപിന്നെപ്പീതവിദ്രുമമാകെ,
പുലർവേളതൻപൊന്നുവെള്ളിയായ്,ചെമ്പായ്വീണ്ടും
നിലമാറിരാവിൻെറകാരിരുമ്പായിപ്പോകെ,

നവബാല്യത്തിൻമൊട്ടുയൗവനംവിടത്തിപ്പോയ്
വിവശംവാടിക്കൂമ്പിക്കൂനിവീണലിയവേ,

അത്രജീവിതത്തിങ്കലൊക്കെയുംകാണുന്നുനാം
സത്തയുമസത്തയുംതങ്ങളിൽസമാശ്ലേഷം.

മരണംതാനല്ലെങ്കിൽജ്ജീവിതം,അതിന്മീതെ
സരയംപായുംഛായ,വസ്തുമററൊന്നുണ്ടെന്നാൽ.

# പുസ്തകാഭിപ്രായം.

## അന്ത്യാമന്ത്രണം.

(ഒരു രൂപകം)

ഗ്രന്ഥകത്താവ്, ഡി. പത്മനാഭനുണ്ണി എം. എ.

മുദ്രണശാല, സുവണ്ണഭാനു മുദ്രാലയം, ആലുവ.

വില ആറു് അണ.

ലോകത്തിൽ എവിടെയും പരിവത്തനത്തിന്റെ, അല്ല വിപ്ലവത്തിന്റെ ഛായ കാണപ്പെടുന്നു. ഈ കോളു് സാഹിത്യസമുദ്രത്തിലും ഇളകിക്കാണുന്നുണ്ടു്. എഴുത്തച്ഛന്റെ അറബിക്കടലിനോടുള്ള പരിചയക്കുറവും മയൂരസന്ദേശത്തിനുള്ള കാവ്യഗുണാഭാവവും ഈ തിരത്തള്ളലിന്റെ വാങ്ങലുകളാണ്.

ദശരൂപകങ്ങളും അവയുടെ ലക്ഷണങ്ങളും പൂവാചാൎയ്യന്മാർ വിധിച്ചിട്ടുള്ളതു് ഇന്നത്തെ രുചിക്കു് എത്രത്തോളം യോജിക്കുമെന്നു് പലരും സംശയിക്കുന്നു. സ്വവംശങ്ങൾക്കു് ബലിഷ്ഠവും ശ്രേഷ്ഠവുമായ ഒരു പുരാതന ചരിത്രമുണ്ടെന്നറിയുന്നതു് എല്ലാവൎക്കും സ്പൃഹണീയവുമാണ്.

ഈ വിധത്തിൽ അഭിപ്രായങ്ങളും രുചിയും മാറിമാറി ഒരു ദിക്കിലും ഉറക്കാതെ നില്ക്കുന്ന ഈ ഘട്ടത്തിലാണ് മി: പത്മനാഭനുണ്ണിയുടെ "അന്ത്യാമന്ത്രണ"ത്തിന്റെ പുറപ്പാടു്.

ദശരൂപകങ്ങളിൽ ഒന്നായ 'അങ്കം' അഥവാ 'ഉൽസൃഷ്ടികാങ്കം' എന്ന പ്രസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് അന്ത്യാമന്ത്രണം രചിച്ചിട്ടുള്ളതു്. പ്രഖ്യാതമായ ഒരു കഥയെടുത്തു് കവിയുടെ പ്രതിഭാനികഷത്തിൽ ഉരച്ചപ്പോൾ അതിനെ ആവരണം ചെയ്തിരുന്ന സ്വാർത്ഥൈകപരത നാമാവശേഷമായി. ഇവിടെയാണ് മി: ഉണ്ണിയുടെ വിജയം തിളങ്ങിക്കാണുന്നതു്.

രാവണൻ ഒരു മഹാപാപിയാണെന്നും രാമൻ ഈശ്വരനാണെന്നും പറഞ്ഞുറപ്പിച്ചു രാമൻെറ ഏതു നിന്ദ്യകർമ്മവും കണ്ണടച്ചു വിശ്വസിപ്പിക്കുന്ന ഒരു ചരിത്രകാരനാണ് വാല്മീകി. എല്ലാ ചരിത്രകാരന്മാരും സ്വവർഗ്ഗപ്രാമാണ്യത്തിനു് ഇങ്ങിനെ ഒരു വഞ്ചന ആചരിച്ചുപോരുന്നുണ്ടു്.

സകലവിധപ്രതാപങ്ങളും നശിച്ചു് രാമബാണത്തിനു്— ആര്യപ്രാമാണ്യത്തിനു്— അടിപ്പെടുവാൻ സന്നദ്ധനായ രാവണനു് ഇനി ഒന്നേ— അതെ ഒന്നു മാത്രമേ — അറിയേണ്ടതുള്ളൂ. അതു മണ്ഡോദരിയുടെ അഭിപ്രായമാണ്. ലങ്കയുടെ ഐശ്വര്യപൂർണ്ണമായ പ്രഭാവം രാവണനെ പ്രലോഭിപ്പിക്കുന്നില്ല. ജീവിതത്തിൽ പൗരുഷംകൊണ്ടു സാധിപ്പാൻ അസാദ്ധ്യമെന്നു തോന്നുന്ന ഒന്നു ലങ്കേശ്വരൻെറ ദൃഷ്ടിയിൽ പെടുന്നില്ല. പക്ഷെ ലോകവിജയംകൊണ്ടു് സ്വപൗരുഷസ്തംഭമായി വിലസിച്ച പുത്രനെ അനുഗമിപ്പാൻ ദശഗ്രീവനെ സന്നദ്ധനാക്കുന്നു. അപ്പോഴാണ് ആ വീരപ്രസൂവിൻെറ ആമന്ത്രണം അനുപേക്ഷണീയമായതു്.

സ്വധർമ്മവിലോപികളായ സൃഗാലന്മാർ അന്ത്യമായി മേല്പോട്ടു നോക്കി ഓലിയിടുമെന്ന ജീവിതപ്രശ്നത്തെ തെളിയിക്കാൻ വിഭീഷണനെ രംഗപ്രവേശം ചെയ്യിക്കുന്നു. അതിൻെറ അർത്ഥശൂന്യത രാവണനെ ഒന്നുകൂടി ധൈര്യത്തിലേക്കാനയിക്കുന്നു.

രാവണൻെറ പാപകർമ്മങ്ങളാണ് ഈ ദുരവസ്ഥയ്ക്കു കാരണമെന്നു പറയുന്ന വിഭീഷണവാക്യം രാവണൻെറ ആത്മപരിശോധനയ്ക്കു ഇടംകൊടുത്തു് ചരിതാർത്ഥത നൽകുന്നു. ദുഷ്ടനിഗ്രഹമെന്ന അവതാരകാര്യം രാമൻ സാധിച്ചു എന്നു പറയുന്നതു ഒരോന്നും സ്വാർത്ഥലാഭത്തിനുള്ള നീചകർമ്മമെന്നേ തെളിയുന്നുള്ളൂ.

മണ്ഡോദരിയുടെ മനസ്ഥൈര്യം രാവണൻെറ പൗരുഷത്തെക്കൂടി പ്രകമ്പിപ്പിക്കുന്നു. നോക്കുക "ആര്യപുത്ര! ഗുരുതരങ്ങളായ സംഗതികളിൽ അഹിതമായാലും ഭർത്താവിനെ ഉപദേശിക്കേണ്ടതു ഭാര്യയുടെ ധർമ്മമാണ്." ഇത്രയും കേട്ടപ്പോൾ ഇനി എന്തുപറവാനാണ് ഭാവിക്കുന്നതു് എന്നു് ഒന്നിളകാതെ നിവർത്തിയില്ല. "എന്നാൽ ഇവിടെ അഹിതപ്രസംഗത്തിനവകാശമില്ല. യാതൊന്നു് അധികം ശ്രേയസ്കരമെന്നു ആര്യപുത്രനു തോന്നുന്നു അതു മണ്ഡോദരിക്ക് അത്യന്തം ഹിതമാണ്." വാളെടുത്തു

സംഗ്രാമരംഗത്തിൽ ഇറങ്ങി സധീരം പടവെട്ടുവാനുംകൂടി മണ്ഡോദരി ഒരു
ക്കമെന്നു തെളിയുന്നില്ല. എത്ര ലങ്കയാണ് ഈ പ്രേമത്തിനടിമപ്പെട്ടുന്നത്.
ധീരാഗ്രണിയായ രാവണൻ ജന്മാന്തരത്തിൽ പോലും ഈ പ്രേമത്തിനടി
മപ്പെട്ടുന്നു. ഇതൊന്നല്ലെ നിത്യവസ്തു. ആ ഒന്ന് 'അധികപുണ്യത്തിനു
മേ ലഭിക്കൂ.'

രണ്ടുവിധ പ്രാർത്ഥനകൾ ഞങ്ങൾക്കീയവസരത്തിൽ ഗ്രന്ഥക
ർത്താവിനോടു ചെയ്യാനുണ്ട്. പ്രസ്താവനയിൽ അന്ത്യശ്ലോകത്തിൻെറ പൂ
ർവാൎദ്ധാന്ത്യത്തിൽ "മോന്നേററമററൂററവും" എന്നും പുത്രവിരഹം നടിക്കു
ന്ന രാവണൻെറ രണ്ടാമത്തെ ശ്ലോകത്തിൽ "സൌമിത്രിയെന്നത്താനന്ദമി
ന്നററിരീഴ്ത്തിയസുതൻ" എന്നും അടുത്ത ശ്ലോകത്തിൽ "മാലാകുലംമമ മന
സ്സുമിതാകരിച്ചു" എന്നും കാണുന്നതു് അടുത്ത പതിപ്പിൽ രൂപാന്തരപ്പെ
ടുത്തണം. വിഭീഷണസംവാദാന്ത്യത്തിൽ അണിയറയിൽ "അഭിരാമചന്ദ്ര
...... നശിച്ചുപോയി" എന്ന ശ്ലോകത്തിൽ രണ്ടുമൂന്നു വിധത്തിൽ അ
ൎത്ഥം സ്ഫുരിക്കുന്നുണ്ട്. രാമപരമായി ഒന്നുദ്ദേശിക്കുന്നെങ്കിൽ അതു് പ്ര
കൃതത്തിനു യോജിച്ചതല്ല. രണ്ടാമതു് ഈ രീതിതന്നെ അവലംബിച്ചു് ഒ
രു നാടകമെഴുതണമെന്നത്രെ. ഈ പ്രസ്ഥാനത്തിന് സകല വിജയവും
ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. *

# ഉദ്ധാരണങ്ങൾ.

## വിദ്യാഭ്യാസത്തിൻെറ മൗലികമായ അടിസ്ഥാനം ശാസ്ത്രമായിരിക്കണം.

ബാംബെ സൎവകലാശാലയുടെ ബിരുദദാനാവസരത്തിൽ സർ സി.
വി. രാമൻ ചെയ്ത ശ്ലാഘ്യമായ പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ
ഉദ്ധരിക്കുന്നതു് :-

* ഈ ഗ്രന്ഥത്തെ പററി ഒരു വിമർശനം ഞങ്ങൾക്കു കിട്ടിയിട്ടുള്ളതു് അടുത്ത ലക്ക
ത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(ഗു: പത്രാധിപർ)

തർക്കവാദസംബന്ധമായ വിദ്യാഭ്യാസപദ്ധതികളിൽ നിന്നു രക്ഷപെടുകയും ശാസ്ത്രപഠനംകൊണ്ടുള്ള വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ദാരിദ്ര്യം, അജ്ഞാനം, വർഗ്ഗീയവാദം എന്നിങ്ങനെയുള്ള ഒരു അഗാധഗർത്തത്തിൽ ഇൻഡ്യ ആണ്ടുപോയിരിക്കുന്നു. അവിടെനിന്നും ഇൻഡ്യയെ ഉദ്ധരിക്കുന്നതിന് ശാസ്ത്രപഠനം കൊണ്ടു സിദ്ധിക്കുന്ന വിദ്യാഭ്യാസത്തിനു മാത്രമെ സാധിക്കയുള്ളൂ. ഇന്നത്തെ ഇൻഡ്യൻസർവ്വകലാശാലകളെ കഠിനമായി ആക്ഷേപിക്കാതെ തരമില്ല. നമ്മുടെ വിദ്യാഭ്യാസാദർശത്തിന് ഒരു സമൂലപരിവർത്തനം ഉണ്ടാകുകതന്നെ വേണം. ആദ്യം മുതല്ക്കേ വിദ്യാഭ്യാസത്തിന്റെ മൗലികമായ അടിസ്ഥാനം ശാസ്ത്രമായിത്തീരണം. തർക്കയുക്തികളും പഴയ രീതികളെ അടിസ്ഥാനമാക്കിയുള്ള അദ്ധ്യയനവും ഇൻഡ്യൻവിദ്യാഭ്യാസത്തിന്റെ പരമശത്രുവായിത്തീർന്നിരിക്കുന്നു. പരീക്ഷയ്ക്കും ബിരുദിനും കൂടുതൽ പ്രാധാന്യം നൽകിയതുമൂലം ഗവേഷണാസക്തിക്കും മനോധർമ്മത്തിനും നാശം സംഭവിച്ചിരിക്കുന്നു. സർവ്വകലാശാലയുടെ യഥാർത്ഥമായ കർത്തവ്യം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയാണല്ലോ. അതുകൊണ്ടു മാത്രമെ മനുഷ്യാത്മാവിന്റെയും ബുദ്ധിയുടെയും മഹത്തായ പ്രകാശനം സാദ്ധ്യമാകയുള്ളൂ. ഇൻഡ്യയുടെ ഭാവിഭാഗധേയം നിങ്ങളുടെ കയ്യിലും, ഇൻഡ്യയുടെ യഥാർത്ഥമായ ഉന്നമനം ശാസ്ത്രപഠനത്തിലുമാണു സ്ഥിതിചെയ്യുന്നതു്. ഭാവിഭാരതസൃഷ്ടി നിങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നു ധരിക്കുന്നതിനുള്ള ധീരത യുവതീയുവാക്കന്മാരായ നിങ്ങൾക്കാണുണ്ടാകേണ്ടതു്. "പട്ടികൾ കുരക്കട്ടെ; സാർത്ഥവാഹകസംഘം കടന്നുപോകുകതന്നെ ചെയ്യും." എന്ന് ആരോ പറഞ്ഞിട്ടുണ്ട്. അതിനെ അല്പം ഭേദപ്പെടുത്തി ഞാൻ പറയുന്നതിങ്ങനെയാണ്. "പട്ടികളും മതഭ്രാന്തും വർഗ്ഗീയവാദവും കുരക്കട്ടെ; ഇൻഡ്യൻജനതയാകുന്ന സാർത്ഥവാഹകസംഘം പ്രതിജ്ഞ ചെയ്യപ്പെട്ട സുവർണ്ണദേശത്തേക്ക് പുരോഗമനം ചെയ്തുകൊണ്ടുതന്നെ ഇരിക്കും.'

---

## ഒരു പുതിയ ലോകം സൃഷ്ടിക്കുക.

യുദ്ധം നിറുത്തുന്നതിനും ലോകത്തിൽ സമാധാനം സ്ഥാപിക്കുന്നതിനും വേണ്ടി ഇന്നു പല വിദ്വാന്മാരും ലേഖനങ്ങൾ എഴുതുകയും, പ്രസംഗങ്ങൾ ചെയ്യുകയും, ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്യുന്നുണ്ടല്ലോ. എ

ന്നാൽ ഇതുകൊണ്ടൊന്നും ആശിക്കുന്ന ഫലം സിദ്ധിച്ചു കാണുന്നില്ല. യുദ്ധസാമഗ്രികൾ കുറയ്ക്കാമെന്നും മററും സമ്മതിച്ചിട്ട് തദ്വിപരീതമായി മനസ്സാക്ഷിയെ വഞ്ചിച്ചു പ്രവൎത്തിക്കുന്ന യൂറോപ്യൻദേശങ്ങളെ ആക്ഷേപിച്ചുകൊണ്ടും, പുതിയ രീതിയിൽ വിദ്യാഭ്യാസം ആരംഭിക്കണമെന്ന് അഭ്യൎത്ഥിച്ചുകൊണ്ടും ലോകപ്രസിദ്ധനായ എച്ച്. ജി. വെത്സ് എഴുതിയിട്ടുള്ള ഒരു ലേഖനത്തിന്റെ അവസാനഭാഗമാണു താഴെ ചേൎക്കുന്നതു്.

ലോകത്തിൽ മനുഷ്യരെ സംബന്ധിക്കുന്ന കാൎയ്യങ്ങൾ നടത്തുവാൻ ഒരു പുതിയ മാൎഗ്ഗം കണ്ടുപിടിക്കേണ്ടതാണെന്ന് എനിക്കു തോന്നുന്നു. ഇപ്പോഴല്ലെങ്കിൽ പിന്നീടൊരവസരത്തിൽ അങ്ങിനെ ഒരു ശ്രമം നമുക്ക് ചെയ്യേണ്ടിവരും. ഒരു പുതിയ ലോകം നമുക്ക് സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഇതു് നിശ്ചയിക്കുവാൻ പ്രയാസമായ ഒരു സംഗതിയല്ല. ആധുനികരാജ്യമീമാംസാശാസ്ത്രം അതിന്റെ ശൈശവദശയിലെത്തിയിട്ടേ ഉള്ളൂ. രസതന്ത്രം പ്രാണിശാസ്ത്രം ഇവയോടു താരതമ്യപ്പെടുത്തുമ്പോൾ ഇതു പ്രായംകൊണ്ടു ചുരുങ്ങിയതു് ഒരു നൂററാണ്ടെങ്കിലും ഇളയതാണെന്നു കാണാം. നമ്മുടെ പരിശ്രമം ആരംഭിക്കുന്നതിനു മുമ്പ് ഒരു പുതിയ വിദ്യാഭ്യാസസമ്പ്രദായം രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു. വിഷമടങ്ങിയ ദേശീയചരിത്രങ്ങളെല്ലാം നശിപ്പിക്കുക. ജനഹൃദയങ്ങളെ ശുദ്ധീകരിച്ച് മനുഷ്യനും ലോകവും തമ്മിലുള്ള ബന്ധം എങ്ങിനെ ഇരിക്കണമെന്നുള്ളതിനെപ്പററി യഥാൎത്ഥജ്ഞാനം ഉണ്ടാക്കുന്ന ചരിത്രങ്ങൾ സൃഷ്ടിക്കുക. ഞാൻ ആദ്യം ജിനീവയിൽ പോയപ്പോൾ നിരായുധീകരണസന്നാഹത്തിന് ഇത്ര കുറച്ചു മാത്രമേ ചെയ്വാൻ സാധിക്കയുള്ളൂ എന്നു മനസ്സിലാക്കിയിരുന്നില്ല. ഒരു അഖിലരാജ്യമനസ്ഥിതിക്കു വേണ്ടി പരിശ്രമിക്കുന്നതിൽ ഇത്രത്തോളം എതിരഭിപ്രായക്കാരാണ് ലോകത്തിലെ ശക്തികൾ എന്നു എനിക്കറിവുണ്ടായിരുന്നില്ല. ഉന്നതങ്ങളായ ആദൎശങ്ങളുണ്ടാക്കുന്ന കിടമത്സരം മനുഷ്യലോകത്തിന് ക്ഷേമകാരണമായിത്തീരുകയേ ഉള്ളൂ. ഇത്തരം ക്ഷേമകരമായ ഒരു കിടമത്സരത്തിനു മാത്രമേ ഭിന്നരാഷ്ട്രങ്ങൾ രംഗങ്ങളായിത്തീരുകയുള്ളൂ എന്നാണു ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ നാം ജിനീവയിൽ ശാശ്വതമായ ലോകസമാധാനം ഉണ്ടാക്കേണ്ട മാൎഗ്ഗത്തെപ്പററി ആലോചനകൾ നടത്തുമ്പോൾ ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും ഓരോ സൈനികപരിശീലനകേന്ദ്രത്തിലും, വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉത്തരവാദിത്വമുള്ളവർ യുവജനങ്ങളുടെ വിശാലഹൃദയങ്ങളെ കഴിഞ്ഞ മഹായുദ്ധത്തിന്റെ ഭയങ്കരചരിത്രത്തിലേക്കു നയിച്ചു ദുഷിപ്പിക്കുകയാണ് ചെയ്യുന്നതു്. ഇതു് ഒരുതരം ദുഷിച്ച ദേശാഭിമാനമാണ് ഹൃദയത്തിലുണ്ടാക്കുന്നതു്.

പാഠശാലകൾ, കലാശാലകൾ, ദേവാലയങ്ങൾ, സർവകലാശാലകൾ, കരസൈന്യങ്ങൾ, കടൽസൈന്യങ്ങൾ, കൊടികൾ മുതലായവയെല്ലാം നമുക്കു നശിപ്പിക്കാം. ഒരു പുതിയ യുഗം നമുക്കാരംഭിക്കണം. അതു സാദ്ധ്യമല്ലെ? വണ്ടി, കുതിര, കൽക്കരി മുതലായവ നാം ഉപേക്ഷിച്ചു കഴിഞ്ഞു. മരക്കപ്പലുകളെല്ലാം നാം ഉപേക്ഷിച്ചുകഴിഞ്ഞു. ലോകത്തിന്റെ ഒരു ഭാഗത്തിരുന്നു മറുഭാഗത്തുള്ളവരെ കാണുവാനും അവരോടു സംസാരിക്കുവാനും ഇന്നു നമുക്കു പ്രയാസമില്ല. എന്തുകൊണ്ടു നമുക്കു സാമ്രാജ്യങ്ങളുടെ പരിധികളെ ഉപേക്ഷിച്ചുകൂടാ? എന്തിനു നാം പഴയകാലത്തെ കാരണവർ ഉപയോഗിച്ചിരുന്നതും പഴയ കാലത്തിനു മാത്രം യോജിച്ചതുമായ പാഠശാലകളെയും കലാശാലകളെയും ഇനിയും നിലനിർത്തുന്നു? ഒന്നു നൂററാണ്ടു പഴക്കമുള്ള ആ ഭരണ സ്ഥാപനങ്ങളെ എല്ലാം നാം എന്തിനു സംരക്ഷിക്കുന്നു? ലോകത്തിലെ എല്ലാ പരിഷ്കാരകർത്താക്കളും കാലാനുകൂലമായ മാററം ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ട്. ലോകം ഒന്നു പുതുതായി ജനിക്കണമെന്നുതന്നെ അവർ അഭിപ്രായപ്പെടുന്നു. അവരുടെ ഈ സന്ദേശം ലോകത്തിലെ എല്ലാ വസ്തുക്കളിലും പ്രാണികളിലും അന്തർലയിച്ചുകിടക്കുന്നുമുണ്ട്.

---

## യുദ്ധം തടയണം.

---

റോമയിൻ റോളണ്ട് താഴെ കാണുന്നവിധം ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു.

യുദ്ധം നാനാദിഗന്തങ്ങളിലും നിന്നു വരുന്നു. അതു് എല്ലാ ദേശക്കാരേയും വിഷമിപ്പിക്കുന്നു. അതു നാളെ നമ്മെ അഭിമുഖീകരിച്ചേക്കാം. അതു ലോകത്തിന്റെ ഒരററത്തു് ആരംഭിച്ചാൽ അവിടെത്തന്നെ അവസാനിക്കയില്ല. കുറെ ആഴ്ചകൾക്കുള്ളിൽ—എന്തിനു് അല്പദിവസങ്ങൾക്കുള്ളിൽ—അതു് എല്ലാത്തിനേയും വിഴുങ്ങിയേക്കും. അതു് പേരുപറയാൻ കൊള്ളരുതാത്ത വസ്തു—പരിഷ്കാരത്തിന്റെ പരിപൂർണ്ണഹന്താവു്—ആയിരിക്കും. പരിഷ്കാരമാസകലം—ലോകം മുഴുവനും—ആപത്തിൽ പെട്ടിരിക്കുന്നു.

ഞങ്ങൾ ഭേരി മുഴക്കുന്നു. ഉണരുക! സത്യമനസ്സുള്ള എല്ലാ ദേശക്കാരോടും, എല്ലാ പുരുഷന്മാരോടും, എല്ലാ സ്ത്രീകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒരു പ്രത്യേകദേശക്കാരുടേയൊ, വർഗ്ഗക്കാരുടേയൊ, കക്ഷിയു

ടേയൊ കാൎയ്യത്തെപ്പററി ഇവിടെ ചിന്തിക്കേണ്ട. എല്ലാം ആപത്തിലാണ്ടിരിക്കുന്നു. രക്ഷ എല്ലാവരിലും നിന്നുണ്ടാകേണ്ടതാണ്. എല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കുക. നമ്മെ ഭിന്നിപ്പിക്കുന്ന വാദപ്രതിവാദങ്ങളെ അവസാനിപ്പിക്കുക. നാം എല്ലാവരും യോജിച്ച് പൊതുവായ ശത്രുവിനെ എതിൎക്കുക. യുദ്ധത്തോട് എതിൎക്കുക! നാം അതവസാനിപ്പിക്കുക!!

യുദ്ധവൈരികളായ എല്ലാ കക്ഷികളുടേയും ഒരു മഹാസമ്മേളനത്തിലേയ്ക്കു നിങ്ങളെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഏതു കക്ഷിയിലുൾപ്പെട്ടവരായാലും ശരി— അവർ കമ്യൂണിസ്ററുകാരോ, സോഷ്യലിസ്ററുകാരോ, അരാജകത്വവാദികളോ, ഒരു കക്ഷിയിലും ഉൾപ്പെടാത്തവരൊ ആയിക്കൊള്ളട്ടെ— ഫ്രാൻസിനകത്തും പുറത്തുമുള്ള യുദ്ധവിരോധികളായ എല്ലാവരേയും ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. സൎവ്വലോകസഭയുടെ ഒരു കമ്മിററിയിലേയ്ക്കു പ്രതിനിധികളെ അയക്കുവാൻ ഞങ്ങൾ അവരോട് അഭ്യൎത്ഥിച്ചുകൊള്ളുന്നു. അതു കഴിയുന്നതും വേഗത്തിൽ കാൺഗ്രസ്സു കൂടേണ്ട സ്ഥലവും തീയതിയും സമ്പ്രദായവും നിശ്ചയിക്കുന്നതാണ്. നമുക്കു വൃഥാ നഷ്ടപ്പെടുന്നതിന് ഒരു ദിവസംപോലുമില്ല.

നേരത്തെതന്നെ ഒരു പ്രവൃത്തിപദ്ധതി രൂപവൽക്കരിക്കുന്നതിന് ഞങ്ങൾക്കു സാദ്ധ്യമല്ല. അതു ഞങ്ങൾ ക്ഷണിച്ചുവരുത്തുന്നവരുടെ സ്വാതന്ത്ര്യത്തെ അപഹരിക്കുകയായിരിക്കും. അവരാണ് കാൺഗ്രസ്സിൽ വച്ച് പ്രവൎത്തിപദ്ധതിയെ സംബന്ധിച്ച നിൎദ്ദേശങ്ങൾ നൾകേണ്ടതും, ഒടുവിൽ ഒരു തീൎച്ചചെയ്യേണ്ടതും. ഞങ്ങൾ ഇപ്പോൾ ചെയ്യുവാനുദ്ദേശിക്കുന്നതു യുദ്ധത്തോടു പ്രതികൂലമായ ഒരു അഭിപ്രായത്തെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതു എന്തെങ്കിലുമായിക്കൊള്ളട്ടെ; അതു ഏതു ഭാഗത്തുനിന്നെങ്കിലും ഉൽഭൂതമാകട്ടെ; അതു ഏതു ജനവൎഗ്ഗത്തെയെങ്കിലും ഭയവിഹ്വലരാക്കട്ടെ. ഞങ്ങൾ എല്ലാ ദേശക്കാരുടേയും അഭിപ്രായത്തെ— മനുഷ്യവൎഗ്ഗത്തിൽ ബുദ്ധിപൂൎവ്വകമായിട്ടുള്ളതിനെ— ശബ്ദരൂപത്തിൽ പ്രഖ്യാപനം ചെയ്യുവാനാണു ഭാവിക്കുന്നതു്. യുദ്ധസാമഗ്രികളുണ്ടാക്കുന്നവർ അവരുടെ ദല്ലാളുകൾ, ദുഷിച്ച മനസ്ഥിതിയുള്ള പത്രങ്ങൾ, രക്തപ്പുഴയിൽ ചൂണ്ടയിട്ടു മത്സ്യം പിടിക്കണമെന്നു വിചാരിക്കുന്ന ഹീനരായ ജനക്കൂട്ടം— മുതലായ ക്രൂരന്മാരായ യുദ്ധപ്രോത്സാഹകന്മാരെ ശൃംഖലകൊണ്ടു ബന്ധിക്കുന്നതിനുള്ള ഗവൎമ്മെൻറുകളുടെ പരാജയങ്ങളോട് അവർ എതിരിടട്ടെ. നമുക്ക് യുദ്ധരാക്ഷസൻെറ വായടച്ചുകെട്ടാം.

# വിചിന്തനാധീനമായ വിഷയങ്ങളുടെ ലിസ്റ്റ്.

മിഥുനംലക്കം മാസികയുടെ അച്ചടിവേല മുഴുവനായപ്പോൾ ഒരു മാന്യനിൽ നിന്നും വിദ്യാഭ്യാസപരിഷ്കരണക്കമ്മററി വക ഒരു നിർദ്ദേശം കിട്ടിയിരിക്കുന്നു. അതിൽ പ്രശ്നരൂപങ്ങളായി കാണുന്ന നിർദ്ദേശങ്ങൾ ഞങ്ങളുടെ അഭിപ്രായങ്ങളെ സ്വീകരിക്കണമെന്നുദ്ദേശിക്കുന്നതായി തോന്നിയില്ല. അതുകൊണ്ട് അതിനൊരുങ്ങുന്നമില്ല. എങ്കിലും ഒന്നാമത്തെ ലേഖനം ഏതാണ്ടു കണ്വവാക്യംപോലെ ആയിത്തീർന്നിട്ടുണ്ട്. "കുഞ്ഞേ! പുകകൊണ്ട് കണ്ണുകാണാൻ പാടില്ല എങ്കിലും ഹോതാവിന്റെ ആജ്യാഹുതി കുണ്ഡത്തിൽതന്നെ പതിച്ചു."

മാന്യന്മാരുടെ അഭിപ്രായഗതി ഈ വിഷയത്തിൽ എങ്ങിനെയാണെന്നു കമ്മററിക്കാർ അറിവാനിടവരുന്നതു് അനഭിലഷണീയമാകുവാനിടയില്ലെന്നുള്ള വിശ്വാസത്തോടെ അവയെ ഭാഷാന്തരപ്പെടുത്തി ഇവിടെ ചേർക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചു കിട്ടുന്ന ന്യായമായ അഭിപ്രായങ്ങൾ ഞങ്ങൾ പ്രസിദ്ധം ചെയ്യുന്നതാണ്.

## A. നാട്ടുഭാഷാഭ്യസനം.

(A) പ്രൈമറി, മിഡിൽ, ഹൈ എന്നീ പാഠശാലകളിൽ ഈ നാട്ടിലുള്ള മാതൃഭാഷാഭ്യസനത്തിന്റെ എല്ലാ രംഗങ്ങളേയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ.

(B) നാട്ടുഭാഷാപാഠശാലകളുടെ പാഠ്യവിഷയങ്ങൾ. ചുരുങ്ങിയ പക്ഷം കാർഷികമായൊ മററുവിധത്തിലുള്ള തൊഴിലിനൊ പ്രാഥമികാഭ്യസനം കൊണ്ടുനൽകാവുന്ന സാദ്ധ്യതകൾ. പ്രാഥമികപാഠശാലകളിൽ കിൻഡർഗാർട്ടൻജോലിയുടെ സാന്നിദ്ധ്യം.

(C) ആൺകുട്ടികൾക്കുള്ള പാഠശാലകളിൽ താഴ്ന്ന ക്ലാസുകളിലേക്കെങ്കിലും പെൺവാദ്ധ്യാന്മാരെ നിയമിക്കുന്നതിലുള്ള സാദ്ധ്യത.

(D) സാഹിത്യവാസനയെ ഉദ്ദീപിപ്പിക്കുവാൻ നാലുകൊല്ലത്തെ അഭ്യസനം പര്യാപ്തമാകുന്നുണ്ടോ?

(E) പ്രാഥമികഘട്ടത്തിലെങ്കിലും പെൺപള്ളിക്കൂടങ്ങളെ പ്രത്യേകമായി പരിഗണിച്ചു നടത്തേണ്ട ആവശ്യമുണ്ടോ? ആൺപെൺപാഠശാലകൾ ഒന്നിക്കുന്നതായാൽ ധനസംബന്ധമായ വല്ല ഗുണവും സിദ്ധിക്കുന്നതാണോ?

(F) വ്യവാധിക്യപ്രശ്നവും തന്നിവാരണവും.

(G) ഇംഗ്ലീഷ്, മലയാളം എന്നീ മിഡിൽസ്കൂളുകളെ ഇനിയും നിലനിറുത്തേണ്ട ആവശ്യമുണ്ടോ? ഇന്നത്തെ വി. എസ്സ്. എൽ. പരീക്ഷ തുടൻ പോകുന്നതു് ആശാസ്യമോ? പൊതുവേ ഒരു മിഡിൽസ്കൂൾ പരീക്ഷ ഉണ്ടായിരിക്കണമോ?

## B. സാമാന്യം.

(A) പാഠശാലകൾക്കാവശ്യമുള്ള അദ്ധ്യാപകന്മാരെ സ്വീകരിക്കലും, ഇക്കാലത്തു് വിവിധഗ്രേഡുകളിൽ അവർക്കുണ്ടായിരിക്കണമെന്നാശിക്കുന്ന യോഗ്യതകളും.

(B) ഫീസ്, ഫീസാനുകൂല്യം, വിദ്യാർത്ഥിവേതനം, സാമാന്യവിദ്യാർത്ഥികൾക്കും, പ്രത്യേകവർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കും ഏതു രൂപത്തിലും ചെയ്യുന്ന സഹായം എന്നിവയെപ്പററിയുള്ള സകല പ്രശ്നങ്ങൾ.

(C) ഡിപ്പാർട്ടുമെൻറു്, മാനേജ്മെൻറു് എന്നിവ തമ്മിലും, മാനേജ്മെൻറും അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ തമ്മിലുമുള്ള ബന്ധം. ഇൻഡ്യയിലുള്ള മററു ഭാഗങ്ങളിൽ അദ്ധ്യാപകന്മാരെ മാററുന്ന വിഷയത്തിൽ മാനേജർമാരുടെ അധികാരത്തെ ഡിപ്പാർട്ടുമെൻറു ശക്തിയോടെ നിയന്ത്രിക്കുന്നുണ്ട്. തിരുവിതാംകൂറിലും ഇങ്ങിനെ ഒരു അധികാരം ഡയറക്ടർ സ്വീകരിക്കേണ്ടതാണോ? പ്രാവിഡൻറുഫണ്ട് നിർബന്ധിതമാക്കുന്നതിനാൽ ഗ്രാൻറ് അദ്ധ്യാപകന്മാരുടെ ഉദ്യോഗകാലത്തിനു കൂടുതൽ രക്ഷ ഉണ്ടാകുന്നതല്ലേ.

(D) അടുത്തടുത്തുള്ള സ്കൂളുകളും, അവയുടെ ദോഷങ്ങളും.

(E) നാട്ടിലുള്ള പ്രൈമറിവിദ്യാഭ്യാസം ഗവമ്മെൻറിൽനിന്നു പ്രാദേശികമായൊ പ്രൈവററായൊ നടത്തുവാൻ വിട്ടുകൊടുക്കണമോ?